# ഇൻഡ്യൻ കമ്യൂണിസ്റ്റ് പാർടി മാർക്സിസ്റ്റ്

# പാർടി പരിപാടി

324.254

ദേശാഭിമാനി പ്രസിദ്ധീകരണം.

# ഇന്ത്യൻ കമ്യൂണിസ്റ്റ്
# (മാർക്സിസ്റ്റ്)
# പാർടിയുടെ പരിപാടി

4515
EDITOR'S COPY
1591

**1964 ഒക്ടോബർ 31 മുതൽ**
**നവമ്പർ 7 വരെ**
**കൽക്കത്തയിൽവച്ചു ചേർന്ന**
**ഏഴാംകോൺഗ്രസ് അംഗീകരിച്ചതു്**

തിരുവനന്തപുരം-1
ദേശാഭിമാനി ബുക്ക് ഹൗസ്

# ഇന്ത്യൻ കമ്യൂണിസ്റ്റ്
# (മാർക്സിസ്റ്റ്)
# പാർടിയുടെ പരിപാടി

# Programme of the Communist Party of India (Marxist)

(Malayalam)

324.254

പരിഷ്കരിച്ച രണ്ടാം പതിപ്പ്
3000 പ്രതി
1968 ആഗസ്റ്റ്

അച്ചടി
മിനർവാ പ്രസ്
പേട്ട–തിരുവനന്തപുരം–1
ഫോൺ 4985

വില ഒന്നേകാൽ രൂപാ

PC Library & Research Center

# ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെ പരിപാടി

## 1.
## ഇന്ത്യ ദേശീയ സ്വാതന്ത്ര്യം നേടുന്നു

**1.** ഹിററ്ലർ ജമ്മനിയുടെ നേതൃത്വത്തിലുള്ള ഫാസിസ്റ്റ് ശക്തികളുടെ സൈനിക പരാജയവും ഫാസിസ്റ്റ് ആക്രമണകാരികളെ തകക്കുന്നതിൽ സോവിയററ് യൂണിയൻ വഹിച്ച നിർണായകമായ പങ്കും ലോകരംഗത്തു് വർഗശക്തികളുടെ ബലാബലത്തിൽ സോഷ്യലിസത്തിനനുകൂലമായി വ്യക്തമായ മാററം വരുത്തി. യുദ്ധത്തിൽ അക്രമാസക്തരായ

ജർമ്മൻ–ഇററാലിയൻ–ജാപ്പനീസ് ഫാസിസ്റ്റ് ശക്തികൾക്ക് ഏററ കനത്ത പരാജയം വളരെ കാലത്തേക്ക് ആ ഭരണകൂടങ്ങളെ പ്രവർത്തനരഹിതമാക്കിയെന്നു മാത്രമല്ല, ലോകവ്യാപകമായി പൊതുവേ സാമ്രാജ്യത്വത്തെ തളർത്തുകയും ചെയ്തു. കിഴക്കൻ യൂറോപ്പിലെ അനേകം രാജ്യങ്ങളിൽ ജനകീയജനാധിപത്യഭരണകൂടങ്ങളുടെ ഉദയം തടയാൻ ലോകസാമ്രാജ്യത്വത്തിന് തീരെ കഴിവില്ലാതെ പോയി. അതുമൂലം സോവിയററ് യൂണിയൻെറ നേതൃത്വത്തിൽ ലോക സോഷ്യലിസ്റ്റ് ചേരിയുടെ രൂപീകരണം സുഗമമായിത്തീൎന്നു. സോഷ്യലിസത്തിൻെറ ഐതിഹാസികമായ ഈ വിജയങ്ങളിൽനിന്നും സാമ്രാജ്യത്വത്തിൻെറ ദയനീയമായ പരാജയത്തിൽനിന്നും ആവേശം ഉൾക്കൊണ്ടു്, കോളനി വാഴ്ചക്കെതിരെ കരുത്തേറിയ ദേശീയ വിമോചന സമരങ്ങൾ ഏഷ്യൻ രാജ്യങ്ങളിലാകെ വ്യാപിച്ചു. ഇന്ത്യയിലും ബ്രിട്ടീഷ് ഭരണത്തിനെതിരായി ഒരു ബഹുജന വിപ്ലവമുന്നേററം ഉണ്ടായി. കർഷകകലാപങ്ങളും തൊഴിലാളികളുടെ പൊതുപണിമുടക്കങ്ങളും, വിദ്യാർത്ഥികളുടെ പഠിപ്പുമുടക്കങ്ങളും മുമ്പൊന്നുമില്ലാത്ത തോതിൽ വളൎന്നു. പലയിടങ്ങളിലും സായുധസേനയും നാവികസേനയും കലാപം നടത്തി.

**2.** ഒരു പൊതുദേശീയകലാപമായി വളരത്തക്കവിധം ഉയൎന്നുവന്ന ഈ സമരവേലിയേററത്തെ നേരിട്ടുകൊണ്ടു് ഭരണം തുടൎന്നു നടത്തുവാൻ സാധ്യമല്ലെന്നു ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് ബോധ്യമായി. മറുഭാഗത്തു കോൺഗ്രസ് നേതൃത്വമാവട്ടെ, സാമ്രാജ്യവാദികൾക്കെതിരായ സമരം പൊതുകലാപമായി വളൎന്നാൽ സാമ്രാജ്യവിരുദ്ധ ബഹുജനപ്രസ്ഥാനത്തിൻെറ നേതൃത്വം തങ്ങളിൽ നിന്നു വഴുതിപ്പോയേക്കുമെന്നു ഭയപ്പെട്ടു. ഈ സാഹചര്യത്തിൽ ഒരു ഭാഗത്തു് ബ്രിട്ടീഷ് സാമ്രാജ്യത്വവും മറുഭാഗത്തു് നാഷണൽ കോൺഗ്രസിൻെറയും മുസ്ലീം ലീഗിൻെറയും നേതാക്കളും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കി.

**3.** ഇതിൻെറ ഫലമായി രാജ്യത്തെ ഇന്ത്യയും പാകിസ്ഥാനും ആയി വിഭജിച്ച്, ഇന്ത്യയിലെ രാഷ്ട്രീയാധികാരം 1947 ആഗസ്റ്റ് 15–ാം തീയതി കോൺഗ്രസ് പാർടിയുടെ നേതാക്കാംക്ക് കൈമാററം ചെയ്തു. അങ്ങിനെ ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ രാഷ്ട്രീയഭരണം അവസാനിക്കുകയും ഇന്ത്യൻ വൻകിടബൂഷ്വാസിയുടെ നേതൃത്വത്തിലുള്ള ഭരണം സ്ഥാപിക്കുകയും ചെയ്തു. ഇതോടുകൂടി ഇന്ത്യൻ വിപ്ലവത്തിൻെറ ഒന്നാംഘട്ടം—മുഖ്യമായും വിദേശ സാമ്രാജ്യത്വ ഭരണത്തിന്നെതിരായ പൊതു ദേശീയ ഐക്യമുന്നണിയുടെ ഘട്ടം—അവസാനിച്ചു.

**4.** അധികാരം കൈമാറിയെങ്കിലും ഇന്ത്യൻ സാമ്പത്തിക ഘടനയിൽ തങ്ങാംക്കുള്ള സുരക്ഷിതമായ നില ഉപയോഗിച്ച്, നമ്മുടെ സ്വാതന്ത്ര്യം വെറും ഔപചാരികം മാത്രമാക്കിത്തീക്കാൻ കഴിയുമെന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വം ആശിച്ചു. പക്ഷെ തുടർന്നുള്ള ചരിത്രത്തിൻെറ വികാസഗതി സാമ്രാജ്യവാദികളെ നിരാശപ്പെടുത്തി. അവരുടെ ആശകാം ഫലിച്ചില്ല.

**5.** മഹത്തായ ചൈനീസ് വിപ്ലവത്തിൻെറ ഐതിഹാസികവിജയത്തോടും ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയുടെ രൂപീകരണത്തോടും കൂടി മനുഷ്യരാശിയുടെ മൂന്നിലൊരു ഭാഗം മുതലാളിത്തവ്യവസ്ഥയിൽ നിന്ന് വേർപിരിഞ്ഞുപോയി. അനേകമനേകം രാഷ്ട്രങ്ങളെ അടിമപ്പെടുത്തി നാശത്തിലാഴ്ത്തിയ സാമ്രാജ്യത്വം ഇന്ന് അതിവേഗം ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. കോളനിവ്യവസ്ഥയുടെ നിമ്മാർജ്ജനത്തിൻെറയും സോഷ്യലിസത്തിലേക്കുള്ള പരിവത്തനത്തിൻെറയും യുഗമാണ് നമ്മുടേത്. കൊളോണിയലിസത്തിൻെറ നാശാവശിഷ്ടങ്ങളിൽ നിന്നും പുതിയ സ്വതന്ത്രരാഷ്ട്ര

ങ്ങൾ ഉയന്നു വന്നിരിക്കുന്നു. ഏഷ്യയിലും, ആഫ്രിക്കയിലും, ലാററിൻ അമേരിക്കയിലും അവ ചരിത്രത്തിൻെറ അരങ്ങത്തു് ഉയന്നുകൊണ്ടിരിക്കുകയാണു്. ഈ പുതിയ രാഷ്ട്രങ്ങളുടെയിട യിൽ ഇന്ത്യക്കു് ഒരു പ്രധാനസ്ഥാനമാണുള്ളതു്.

**6.** ചരിത്രത്തിൻെറ പ്രയാണത്തെ പിടിച്ചു നിറുത്താ നോ, അവികസിതരാജ്യങ്ങളുടെ ദേശീയനവോത്ഥാനത്തെ തടയാനോ ഇനിമേൽ സാമ്രാജ്യത്വത്തിനു കഴിവില്ല. ലോക സോഷ്യലിസ്റ്റു് വ്യവസ്ഥയും സോഷ്യലിസ്റ്റു് പരിവത്തനത്തി നുവേണ്ടി സാമ്രാജ്യത്വത്തോടു് പടവെട്ടുന്ന ശക്തികളുമാണു് ചരിത്രപരമായ സാമൂഹ്യവികാസത്തിൻെറമുഖ്യമായ അന്തഃസ ത്തയും, മുഖ്യമായ പ്രവണതയും, മുഖ്യമായസ്വഭാവവും നിർണ്ണ യിക്കുന്നതു്. ലോക സോഷ്യലിസ്റ്റു്വ്യവസ്ഥ സമൂഹത്തിൻെറ വളർച്ചയിലെ നിർണ്ണായകഘടകമായിത്തീന്നുകൊണ്ടിരിക്കുക യാണു്. പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിലെ ജന ങ്ങൾ സ്വന്തംഭാവി കൈയിലെടുക്കുകയാണെങ്കിൽ, നിരന്തരം കഴിവുകൾ വദ്ധിച്ചുവരുന്ന കരുത്തുററ സോഷ്യലിസ്റ്റു് ചേരിയു ടെ നിസ്വാത്ഥസഹായത്തോടെ, അതിവേഗം സാമ്പത്തിക പരാധീനതയും പിന്നോക്കനിലയും തരണംചെയ്തു് ദേശീയ സ്വാതന്ത്ര്യം കാത്തുരക്ഷിക്കാനും, ശക്തിപ്പെടുത്താനും, ഉജ്ജ്വല മായ ഭാവിക്കു് വഴിയൊരുക്കാനും അവക്കു് കഴിയും.

**7.** പുതിയ ദേശീയഭരണകൂടം കോളനിവാഴ്ചയുടെ വൃത്തികെട്ട പാരമ്പര്യങ്ങളെ തുടച്ചുമാററുമെന്നും, ഉല്പാദന ശക്തികളുടെമേലുള്ള ചങ്ങലകളെ പൊട്ടിച്ചെറിയുമെന്നും, ജനങ്ങളുടെ സർഗശക്തികളെ കെട്ടഴിച്ചുവിടുമെന്നും, നമ്മുടെ ജനത പ്രതീക്ഷിച്ചു. ഇന്ത്യ സാമ്പത്തികപരാധീനതയും പി ന്നോക്കാവസ്ഥയും അതിവേഗം തരണംചെയ്തു്, വറുതിയും ദാരിദ്ര്യവും തുടച്ചു മാററി, ഐശ്വര്യപൂർണ്ണമായ വ്യാവസാ

യികശക്തിയായി ഉയരുമെന്നും അങ്ങിനെ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ കൂടുതൽ കൂടുതൽ നിറവേറുമെന്നും ജനങ്ങൾ പ്രതീക്ഷിച്ചു. പക്ഷെ അവരുടെ പ്രതീക്ഷകൾ നിറവേറിയില്ല.

**8.** ഇന്ത്യൻവിപ്ലവത്തിൻെറ ഈ രണ്ടാംഘട്ടം അതിവേഗംപൂർത്തീകരിക്കണമെങ്കിൽ നാട്ടുവാഴി—അല്ലനാട്ടുവാഴിജന്മിത്വത്തെ പൂർണമായി നശിപ്പിച്ച് കാർഷികതൊഴിലാളികൾക്കും പാവപ്പെട്ട കൃഷിക്കാർക്കും സൗജന്യമായി ഭൂമി വിതരണം ചെയ്യണം; അതുപോലെതന്നെ ബ്രിട്ടീഷ് മൂലധനം കണ്ടുകെട്ടി ദേശസാൽക്കരിക്കുകയും അങ്ങിനെ നമ്മുടെ ദേശീയ സമ്പദ് വ്യവസ്ഥയുടെമേൽ ഉള്ള വിദേശകുത്തകമൂലധനത്തിൻെറ ദ്രോഹകരമായ പിടിമുറുക്കം അവസാനിപ്പിക്കുകയും വേണം. ജന്മിത്വം അവസാനിപ്പിച്ച് സമഗ്രമായ കാർഷികവിപ്ലവം നടപ്പാക്കിയിരുന്നെങ്കിൽ നമ്മുടെ കാർഷികോല്പാദനത്തെ യുഗങ്ങളായി വരിഞ്ഞുകെട്ടിയിരിക്കുന്ന വിലങ്ങുകൾ ഉടൻ പൊട്ടിച്ചിതറുമായിരുന്നു; നമ്മുടെ വ്യവസായങ്ങൾക്ക് നിരന്തരം വികസിക്കുന്ന കമ്പോളവും ധാരാളം അസംസ്കൃതപദാർത്ഥങ്ങളും, നമ്മുടെ ജനങ്ങൾക്ക് ഭക്ഷണവും നൽകി മുന്നോട്ട് ഒരു നീണ്ട ചുവടുവയ്ക്കാൻ കാർഷികോല്പാദനത്തിനു കഴിഞ്ഞിരുന്നേനേ; കൂടാതെ, നമ്മുടെ വ്യവസായങ്ങൾക്ക് മൂലധനരൂപീകരണത്തിനുള്ള പ്രധാന ഉറവിടമായി കൃഷി മാറുകയും ചെയ്തേനേ. അതുപോലെതന്നെ ബ്രിട്ടീഷ് മൂലധനം കണ്ടുകെട്ടി ദേശസാൽക്കരിച്ചിരുന്നെങ്കിൽ വ്യവസായത്തിൻെറയും വിദേശവ്യാപാരത്തിൻെറയും വിപുലമായൊരു മേഖല പുതുതായി രൂപംകൊണ്ട ദേശീയഭരണകൂടത്തിൻെറ കൈവശം കിട്ടുമായിരുന്നു. അതിൽനിന്നുണ്ടാകുന്ന ലാഭം, മുമ്പത്തേപ്പോലെ വിദേശത്തേക്ക് ചോർന്നുപോയി നമ്മുടെ രാജ്യത്തെ ശോഷിപ്പിക്കുന്നതിനുപകരം, നമ്മുടെ വ്യവ

സായത്തിൽ മൂലധനനിക്ഷേപത്തിനുള്ള നിരന്തരം വികസിച്ചു വരുന്ന ഒരു ധനാഗമമാർഗമാകുമായിരുന്നു.

൭. തൊഴിലാളിവർഗവും, കർഷകരും, ഇടത്തരക്കാരും പുരോഗമനവാദികളായ ബുദ്ധിജീവികളുമാണ് സാമ്രാജ്യത്വവിരുദ്ധസമരത്തിലെ പ്രധാനശക്തിയായി വർത്തിച്ചതും സാമ്രാജ്യത്വഭരണത്തിന്റെ രോഷത്തിൽ അധികഭാഗം സഹിച്ചതും. എന്നാൽ വിമോചനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ബൂർഷ്വാസിതന്നെ പിടിച്ചുനിന്നു. സ്വാതന്ത്ര്യത്തിനുശേഷം, വൻകിടബൂർഷ്വാസിയുടെ നേതൃത്വത്തിൽ നിലവിൽവന്ന ദേശീയഭരണകൂടം ഇന്ത്യൻ വിപ്ലവത്തിന്റെ ഈ അടിയന്തിര കടമകൾ നിറവേററിയില്ല. ജനാധിപത്യവിപ്ലവത്തിന്റെ മൗലിക കടമകൾ പൂർണ്ണമായി നിറവേററിയാലുള്ള ഭവിഷ്യത്തിനെ ഭയപ്പെട്ട വൻകിടബൂർഷ്വാസി സാമ്രാജ്യത്വവുമായി സന്ധിചെയ്തു; കൊള്ള തുടരുവാൻ ബ്രിട്ടീഷ് നാണയമൂലധനത്തെ അനുവദിച്ചു; കൂടാതെ, ബ്രിട്ടീഷ് കോമൺവെൽത്തിൽ അംഗമായിക്കൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു.

നാട്ടുരാജ്യങ്ങളിൽ രാജകീയ സ്വേച്ഛാധികാരത്തേയും നാടുവാഴിത്തത്തേയും കടപുഴക്കിയെറിയാൻ തക്ക കരുത്തോടെ ഇരമ്പിക്കയറിയ ബഹുജനമുന്നേററങ്ങളുടെ പശ്ചാത്തലത്തിൽ നാട്ടുരാജാക്കന്മാക്ക് വമ്പിച്ച സൗജന്യങ്ങൾ നൽകി, തങ്ങളുടെ വർഗഭരണം താങ്ങിനിർത്താൻ വൻകിടബൂർഷ്വാസി അവരുമായി സഖ്യം ചെയ്തു. ബ്രിട്ടീഷ് ഭരണാധികാരികൾക്ക് അതുവരെ താങ്ങായി നിന്നിരുന്ന ജന്മിമാരെ കോൺഗ്രസ് പാർടിയിലേക്കു സ്വാഗതം ചെയ്തു. ബ്രിട്ടീഷുകാർ പരിശീലിപ്പിച്ച ഉദ്യോഗസ്ഥമേധാവിത്വത്തെ ജനങ്ങളെ അടിച്ചമർത്താൻ വേണ്ടി കോൺഗ്രസ് ഭരണാധികാരികൾ കോട്ടം തട്ടാതെ നിലനിർത്തി. അങ്ങിനെ ജനാധിപത്യവിപ്ലവത്തിന്റെ

ഗതിവേഗം വർദ്ധിപ്പിക്കാനോ മൗലികകടമകൾ പൂർത്തീകരിക്കാനോ അനുവദിക്കപ്പെട്ടില്ല.

**10.** സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ബൂർഷ്വാസിക്കാണെങ്കിൽ അവർ ദേശീയ ജനാധിപത്യ വിപ്ലവത്തെ അതിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയില്ലാ എന്നതാണ് നമ്മുടെ കാലത്തെ ദേശീയ വിമോചന സമരങ്ങളുടെ ചരിത്രപരമായ അനുഭവം. നേരെമറിച്ച്, രാഷ്ട്രീയ സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്ന് സാമൂഹ്യവൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുമ്പോൾ സാമ്രാജ്യത്വവുമായി സന്ധി ചെയ്യാനും ആഭ്യന്തര പിന്തിരിപ്പൻ ജന്മിത്വവുമായി കൂട്ടുചേരാനും ഉള്ള പ്രവണതയാണ് ബൂർഷ്വാസി കാണിക്കുക. സാമ്രാജ്യവിരുദ്ധ ദേശീയമുന്നണി തൊഴിലാളിവർഗനേതൃത്വത്തിലാണെങ്കിൽ മാത്രമേ ജനാധിപത്യ വിപ്ലവം അതിന്റെ എല്ലാ ദശകളിലും പൂർത്തീകരിക്കപ്പെടുകയും, അതിനും പുറമെ ജനാധിപത്യ ഘട്ടത്തോടുകൂടി വിപ്ലവം അവസാനിക്കാതെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടത്തിലേക്ക് താമസം വിനാ മുന്നേറുകയും ചെയ്യുകയുള്ളു എന്നും ചരിത്രപരമായ അനുഭവം തെളിയിക്കുന്നു. ഇന്ത്യയുടെ പൂർത്തീകരിക്കാത്ത വിപ്ലവവും ഈ ചരിത്രാനുഭവത്തെ സ്ഥിരീകരിക്കുന്നു.

## 2.

# പാപ്പരായ മുതലാളിത്തമാർഗം കുത്തകകളുടെ വളർച്ചയിലേക്കും പുത്തൻ കൊളോണിയലിസ്റ്റ് വിപത്തിലേക്കും നയിക്കുന്നു

**11.** സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഇന്ത്യൻ ബൂഷ്വാസി ഒരു പരിധിവരെ വളർന്ന് ഒരു പ്രത്യേക പദവി നേടിയിരുന്നു. പരുത്തിത്തുണി, പഞ്ചസാര, സിമൻറ് തുടങ്ങിയ ചില വ്യവസായ ശാഖകളിൽ ഇന്ത്യൻ ബൂഷ്വാസി അന്നേ നിലയുറപ്പിച്ചിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ബൂർഷ്വാസി, മുഖ്യമായും വൻകിട വിഭാഗം, വമ്പിച്ച ധനസമ്പത്ത് കുന്നുകൂട്ടുകയും തങ്ങളുടെ സാമ്പത്തികനില ഗണ്യമായി മെച്ചപ്പെടുത്തുകയും ചെയ്തു.

**12.** സ്വാതന്ത്ര്യത്തിനുശേഷം ബൂഷ്വാ ഭരണാധികാരിവർഗം നാടിന്റെ സമ്പദ് വ്യവസ്ഥ മുതലാളിത്ത രീതിയിൽ വികസിപ്പിക്കാനും അങ്ങിനെ സമൂഹത്തിൽ സ്വന്തം വർഗാധികാരം കൂടുതൽ ശക്തിപ്പെടുത്താനുംവേണ്ടി യത്നിച്ചു. ലോക മുതലാളിത്തവ്യവസ്ഥ ത്വരിതഗതിയിൽ ശിഥിലീകരിക്കപ്പെടുകയും മുതലാളിത്തം പൊതുക്കുഴപ്പത്തിന്റെ മൂന്നാംഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്ത കാലയളവിലാണ് ഇന്ത്യൻ ബൂഷ്വാസി മുതലാളിത്ത വികസനമാർഗം നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നതെന്ന വസ്തുത ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. പക്ഷെ ഘന വ്യവസായത്തിന്റെ സാങ്കേതികമായ അടിത്തറയോ, വിപുലമായ മൂലധനശേഖരണത്തിനുവേണ്ടി കൊള്ളയടിക്കാൻ സാമ്രാജ്യത്വത്തിന് ഉണ്ടായിരുന്നപോലെ കൊളോണിയൽസാമ്രാജ്യമോ ഇന്ത്യൻ ബൂഷ്വാസിക്കില്ല. അതുകൊണ്ട് സ്വന്തം മൂലധനാവശ്യങ്ങൾക്കും മുതലാളിത്ത രീതിയിൽ സമ്പദ് വ്യവസ്ഥ വികസിപ്പിക്കുവാനും ആയി സാധാരണ ജനങ്ങളുടെ അധ്വാനഫലം കവന്നെടുക്കാൻ വേണ്ടി തങ്ങൾ നേടിയ ഭരണാധികാരം ഇന്ത്യൻ ബൂർഷ്വാസി ഉപയോഗിച്ചു. സ്വാതന്ത്ര്യത്തിനുശേഷം കോൺഗ്രസ് ഗവമ്മെണ്ട് അനുവർത്തിച്ച സാമ്പത്തികനയങ്ങൾ മന:പൂർവം ഈ ലക്ഷ്യം മുന്നിൽവച്ചുകൊണ്ട് തയ്യാറാക്കിയവയാണ്.

**13.** 1947–ഓടുകൂടി മുമ്പെന്നത്തേക്കാളും വ്യാപ്തിയും കരുത്തും നേടിക്കൊണ്ടിരുന്ന സാമ്രാജ്യവിരുദ്ധജനകീയമുന്നേററത്തിൽനിന്നു് ബ്രിട്ടീഷ്–അമേരിക്കൻ സാമ്രാജ്യവാദികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുകയെന്ന വില നൽകി, തങ്ങളുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ അവരുടെ സഹായം നേടാമെന്നായിരുന്നു ഇന്ത്യൻ ബൂർഷ്വാസിയുടെ കണക്കുകൂട്ടൽ.

**14.** എന്നാൽ സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ ഇന്ത്യൻ ബൂർഷ്വാസിയുടെ ആവശ്യങ്ങൾ നിറവേററുന്നതിനു

പകരം, പുതിയ ഇന്ത്യൻ ഭരണകൂടത്തെ തങ്ങളുടെ യുദ്ധോപജാപങ്ങളിലേക്ക് എല്ലാവിധ സമ്മർദ്ദവും ചെലുത്തി വലിച്ചിഴയ്ക്കാനാണ് ബ്രിട്ടീഷ്–അമേരിക്കൻ സാമ്രാജ്യവാദികൾ മുതിന്നതു്. ഇന്ത്യ നേടിയെടുത്ത രാഷ്ട്രീയസ്വാതന്ത്ര്യംപോലും അപകടപ്പെടുത്താൻതക്കുന്ന പദ്ധതികൾ അവർ ആരംഭിച്ചു. ബൂർഷ്വാസി ആവർത്തിച്ചാവർത്തിച്ച് അപേക്ഷിച്ചിട്ടുപോലും വ്യവസായവല്ക്കരണത്തിന്റെ അടിത്തറയായ ഘനവ്യവസായം സ്ഥാപിക്കുന്നതിൽ സഹായിക്കാൻ സാമ്രാജ്യവാദികൾ കൂട്ടാക്കിയില്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് നമ്മുടെ ജനത വിയർപ്പൊഴുക്കി അധ്വാനിച്ചു സ്വരൂപിച്ചു വമ്പിച്ച പവൻമിച്ചം ക്രമേണ നഷ്ടപ്പെടുത്തിക്കളയാൻ അവർ നമ്മെ നിർബന്ധിതരാക്കി. എണ്ണ ശുദ്ധീകരണശാലകൾ, കപ്പൽ നിർമ്മാണം, രാസവ്യവസായശാലകൾ തുടങ്ങിയവയിലെപ്പോലെ, വിദേശനാണ്യം സമ്പാദിക്കുന്നതിൽ സഹായിക്കുകയാണെന്ന നാട്യത്തിൽ വിദേശകുത്തകകളുമായുള്ള കരാറുകൾ നമ്മുടെ ദേശീയതാത്പര്യങ്ങൾക്ക് ഹാനികരമായവിധത്തിൽ അവർ അടിച്ചേല്പിച്ചു. ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയുടെ ആവിർഭാവത്തോടെ ചില ഘനവ്യവസായങ്ങൾ സ്ഥാപിക്കാൻ മററും സോഷ്യലിസ്റ്റ് സഹായം ലഭിക്കാൻ തുടങ്ങി. എന്നാൽ സാമ്രാജ്യത്വകുത്തകകളോട് കൂടുതൽ അനുകൂലമായ ഒത്തുതീർപ്പുകൾക്കുവേണ്ടി വിലപേശാൻ അങ്ങേയററം ഉപകരിക്കുന്ന ഒരു പാധിയായിട്ടാണ് ഈ സഹായത്തെ ഇന്ത്യൻ ബൂർഷ്വാസി ഉപയോഗപ്പെടുത്തുന്നതു്.

**15.** ഒരു ഭാഗത്ത് സാമ്രാജ്യത്വത്തിനെതിരായി ജനങ്ങളെ അണിനിരത്തുകയും മറുഭാഗത്ത് സാമ്രാജ്യത്വവുമായി സന്ധി ചെയ്യുകയും എന്ന ദ്വിമുഖനയമാണ് സ്വാതന്ത്ര്യസമരക്കാലത്ത് ബൂർഷ്വാസി അനുവർത്തിച്ചുവന്നതു്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ ദ്വിമുഖസ്വഭാവം പുതിയ രീതിയിൽ

പ്രകടമാവാൻ തുടങ്ങി. സാമ്രാജ്യത്വവും നാടുവാഴിത്തവും ഒരുഭാഗത്തും ബൂർഷ്വാസിയടക്കമുള്ള ജനത മറുഭാഗത്തും ആയുള്ള വൈരുദ്ധ്യങ്ങൾ ഇക്കാലത്തു വളർന്നുവന്നു, ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ആവിർഭാവത്തോടെ പുതിയ അനുകൂലാവസരങ്ങളും കൈവന്നു. എന്നാൽ ഭരണകൂടത്തെ നയിക്കുന്ന വൻകിട ബൂർഷ്വാസി സാമ്രാജ്യത്വത്തേയും നാടുവാഴിത്തത്തേയും നിർണ്ണായകമായി എതിർത്തുതോല്പിച്ച് ഉന്മൂലനം ചെയ്യുന്നില്ല. നേരേമറിച്ച് ഭരണകൂടത്തിലുള്ള പിടിയും പുതിയ അവസരങ്ങളും ഉപയോഗപ്പെടുത്തി ഒരുഭാഗത്ത് ജനങ്ങളെ കടന്നാക്രമിക്കുകയും, മറുഭാഗത്ത് സമ്മർദ്ദത്തിലൂടെയും, വിലപേശലിലൂടെയും, ഒത്തുതീർപ്പിലൂടെയും സാമ്രാജ്യത്വവും നാടുവാഴിത്തവുമായുള്ള വൈരുദ്ധ്യങ്ങൾ പരിഹരിച്ച് സ്വന്തം നില ശക്തിപ്പെടുത്താനാണ് വൻകിടബൂർഷ്വാസിയുടെ ശ്രമം. ഈ പ്രക്രിയയിൽ അവർ വിദേശകുത്തകകളുമായി സുദൃഢബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുകയും ജന്മികളുമായി അധികാരം പങ്കിടുകയും ചെയ്യുന്നു. ചില ഘനവ്യവസായങ്ങൾ സ്ഥാപിക്കാനും സാമ്രാജ്യത്വവുമായി വിലപേശാനും അങ്ങനെ സ്വന്തം വളർച്ചക്ക് വഴിയൊരുക്കാനുംവേണ്ടി സോഷ്യലിസ്റ്റ് സഹായം ഉപയോഗപ്പെടുത്തുവാൻ ബൂഷ്വാസിക്ക് മടിയില്ല. എങ്കിലും വൻകിടബൂർഷ്വാസിയുടെ സ്വഭാവം ജനവിരുദ്ധവും കമ്യൂണിസ്റ്റ്‌വിരുദ്ധവും തന്നെ. ഇന്ത്യൻ വിപ്ലവത്തിന്റെ ജനാധിപത്യപരവും സാമ്രാജ്യവിരുദ്ധവുമായ കടമകൾ പൂത്തീകരിക്കുന്നതിനെ വൻകിടബൂർഷ്വാസി ഉറച്ചുനിന്നെതിക്കുകയും ചെയ്യുന്നു.

**16.** ഗവൺമെണ്ട് ആരംഭിച്ചിട്ടുള്ള സാമ്പത്തിക ആസൂത്രണം മുതലാളിത്തം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിന്റെ ഒരുഭാഗം മാത്രമാണ്. ഈ ആസൂത്രണവും സോഷ്യലിസ്റ്റ് ആസൂത്രണവും തമ്മിൽ യാതൊരു ബന്ധവുമില്ല. നമ്മുടെ സമ്പദ്

വ്യവസ്ഥയുടെ തുഛമായ ഒരു ഭാഗം മാത്രമേ പൊതുമേഖലയിലുള്ളു. വ്യാവസായികവും വാണിജ്യപരവും മററുമായ പ്രവൎത്തനങ്ങളുടെ വിശാലമേഖലകഠം സ്വകാര്യവിഭാഗത്തിനു് വിട്ടുകൊടുത്തിരിക്കുകയാണു്. മുതലാളിത്താസൂത്രണത്തിനുള്ള ഈ ബൂർഷ്വാശ്രമങ്ങഠം മുതലാളിത്തത്തിന്റെ സ്വയംപ്രവൎത്തകനിയമങ്ങളുമായി ഏററുമുട്ടുന്നു. അന്തിമവിശകലനത്തിൽ ശരിയായ സാമ്പത്തികാസൂത്രണവും മുതലാളിത്തവും തീരെ പൊരുത്തപ്പെടുകയില്ല, അധികമ്പൂരം അവരണ്ടും ഒരുമിച്ചു പോകാൻ കഴിയുകയുമില്ല. രാഷ്ട്രത്തിന്റെ മുഴുവൻ ഭൗതികവിഭവങ്ങളും മനുഷ്യശക്തിയും സമാഹരിച്ചു് അണിനിരത്തി, സമ്പദ്വ്യവസ്ഥയെ ആകെ മുന്നോട്ടുനീക്കി വ്യവസായവൽക്കരണത്തിന്റെ രാജപാതയിൽ എത്തിക്കുകയല്ല ഈ പഞ്ചവത്സരപദ്ധതികഠം ചെയ്യുന്നതു്. മുഖ്യമായും, ചൂഷകവർഗങ്ങളുടെ ലാഭക്കൊതിയെ ആശ്രയിച്ചാണു് ഈ പദ്ധതികളുടെ പ്രവൎത്തനം.

**17** എന്നാലും ഇന്ത്യയെപ്പോലുള്ള ഒരവികസിത രാജ്യത്തിൽ, ബൂർഷ്വാഭരണാധികാരത്തിന്റെ പിൻബലത്തോടുകൂടിയ സാമ്പത്തികാസൂത്രണം ഗവൺമെണ്ടു് നയങ്ങളുടെ പരിമിതിക്കുള്ളിൽ, കിട്ടാവുന്ന വിഭവങ്ങളെ കൂടുതൽ യുക്തമായി ഉപയോഗപ്പെടുത്താൻ സൗകര്യം നല്കികൊണ്ടു് മുതലാളിത്തസാമ്പത്തിക വളർച്ചക്കു് ഒരു വ്യക്തമായ ഗതിവേഗവും ലക്ഷ്യവും പ്രദാനം ചെയ്യുന്നു. വ്യാവസായികവികസനത്തിലാണു്, പ്രത്യേകിച്ചും, പൊതുമേഖലയിൽ ചില ഘനവ്യവസായങ്ങളും യന്ത്രനിൎമ്മാണവ്യവസായങ്ങളുംതുടങ്ങിയതിലാണു് ഈ പദ്ധതികളുടെ ഏററവും പ്രകടമായ സ്വഭാവം കാണുന്നതു്. സോഷ്യലിസ്റ്റു് രാജ്യങ്ങളിൽനിന്നു്, പ്രത്യേകിച്ചു് സോവിയററു് യൂണിയനിൽ നിന്നു്, കിട്ടിയ നിസ്വാൎത്ഥസഹായമില്ലായിരുന്നെങ്കിൽ ശ്രദ്ധേയമായ ഈ നേട്ടം ഉണ്ടാകുമായിരുന്നില്ല.

ഇതിനുപുറമെ, ഗതാഗതം, വാർത്താവിനിമയം, വിദ്യുച്ഛക്തി എന്നീ തുറകളിലും പൊതുമേഖലയിൽ ഗണ്യമായ വികസനം ഉണ്ടായിട്ടുണ്ടു്.

**18.** ചൂഷകവർഗമാകുന്ന ഒരു നേരിയ വിഭാഗത്തിന്റെ വീക്ഷണകോണിൽ കൂടിയാണു് ഗവമ്മെണ്ടിന്റെ ബഡ്ജററു് നയങ്ങളും പൊതുസാമ്പത്തിക നയങ്ങളും പ്രത്യേകിച്ചു് നികുതി നടപടികളും വിലനയവും നിർണ്ണയിക്കപ്പെടുന്നതു്. സാധാരണക്കാരായ ബഹുജനങ്ങളെ ബാധിക്കുന്ന പരോക്ഷനികുതികഠം അത്യധികം വർദ്ധിപ്പിച്ചും കമ്മിപ്പണം അടിച്ചിറക്കിയുമാണു് പദ്ധതികഠംക്കുള്ള പണം പ്രധാനമായും ശേഖരിക്കുന്നതു്. വികസനപ്രവർത്തനത്തിനു് ഗവമ്മെണ്ടു് യഥാർത്ഥത്തിൽ ആശ്രയിക്കുന്നതു് ലാഭപ്രേരണയെ ആണു്. വിലനിലവാരം ഉയരാതെ പിടിച്ചുനിർത്തുവാൻ ഫലപ്രദമായ യാതൊരു നടപടിയും എടുക്കുന്നുമില്ല. ജനങ്ങളുടെ അദ്ധ്വാനശക്തികൊണ്ടുണ്ടാക്കിയ സമ്പത്തിന്റെ ഓഹരി അവക്കു് നിഷേധിക്കുവാനും സ്വകാര്യമുതലാളിമാരുടെ മൂലധനമായി അതു് സ്വരൂപിക്കുന്നതിനും ഉള്ള സുശക്തമായ ഉപകരണമാണു് നാണയപെരുപ്പവും വിലക്കയററവും.

**19.** കമ്മിപ്പണനയംമൂലം നിക്ഷേപങ്ങഠം വീക്കുന്ന ബാങ്കുകളും, ദേശസാൽക്കരിച്ച ലൈഫു് ഇൻഷ്വറൻസു് കോർപൊറേഷനടക്കമുള്ള ഇൻഷ്വറൻസു് കമ്പനികളും, വ്യവസായ ഫൈനാൻസു് കോർപൊറേഷൻ, ദേശീയ വ്യവസായവികസന കോർപൊറേഷൻ തുടങ്ങി ഗവണ്മെൻറു് സ്ഥാപിച്ച പ്രത്യേക വായ്പാസ്ഥാപനങ്ങളും എല്ലാം സ്വകാര്യമുതലാളിമാരുടെ ആദായപെരുപ്പത്തിന്നാണു് ഉപകരിക്കുന്നതു്. കൂടാതെ ഇന്ത്യൻ റിസർവ്വു് ബാങ്കിന്റെ ഉപദേശകസമിതിയും ലൈഫു് ഇൻഷ്വറൻസു് കോർപൊറേഷന്റെ നിക്ഷേപസമി

തിയുമെല്ലാം വൻകിടബൂർഷ്വാസിയുടെ പ്രതിനിധികളെ കൊണ്ടു് നിറച്ചിരിക്കുകയാണു്. വ്യവസായ ഫൈനാൻസ് കോർപൊറേഷനെപ്പോലുള്ള വായ്പാസ്ഥാപനങ്ങളുടേയും മററു പല പൊതുമേഖലാസ്ഥാപനങ്ങളുടേയും ഡയറക്ടർ ബോർഡുകൾ അലങ്കരിക്കുന്നതും അവർ തന്നെ. തൽഫലമായി കോൺഗ്രസ് ഭരണത്തിന്റെയും അതിന്റെ പഞ്ചവത്സരപദ്ധതികളുടേയും കീഴിൽ, ഒരു ഭാഗത്തു വമ്പിച്ചതോതിൽ മൂലധനം കേന്ദ്രീകരിക്കപ്പെടുകയും, മറുഭാഗത്തു് വ്യവസായ മൂലധനവും ബാങ്കുമൂലധനവും പരസ്പരം കൊളുത്തിച്ചേരുകയും ചെയ്യുന്ന പ്രക്രിയ അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണു്.

**20.** ഇന്ത്യയിൽ നിലവിലിരിക്കുന്ന സാഹചര്യങ്ങളിൽ പൊതുമേഖലയിൽ സ്ഥാപിച്ച ഇത്തരം ഘനവ്യവസായങ്ങളും യന്ത്രനിർമ്മാണ വ്യവസായങ്ങളും മററു മർമ്മപ്രധാനമായ വ്യവസായങ്ങളും മററുവിധത്തിൽ സാധിതമാകുമായിരുന്നില്ല. കാരണം ഈ വൻകിട, വ്യവസായങ്ങൾക്കാവശ്യമായ വിഭവങ്ങൾ സംഭരിക്കാനുള്ള കഴിവു് ഇവിടത്തെ സ്വകാര്യമുതലാളിത്തത്തിനില്ല. അതുകൊണ്ടു് പൊതുമേഖലയിൽ ഈ വ്യവസായങ്ങൾ സ്ഥാപിച്ചതുവഴി സാമ്പത്തികമായ പിന്നോക്കാവസ്ഥ തരണംചെയ്യുന്നതിനും സാമ്രാജ്യകുത്തകകളെ അടിപണിഞ്ഞു് ആശ്രയിക്കുന്നതിൽനിന്നു് രക്ഷനേടുന്നതിനും വ്യവസായവൽക്കരണത്തിന്റെ സാങ്കേതികമായ അടിത്തറ പാവുന്നതിനും ഒരളവുവരെ സഹായകരമായിട്ടുണ്ടു്.

**21.** സ്റ്റേററ് മേഖലക്കു്, അഥവാ മറെറാരു പേരിൽ പറഞ്ഞാൽ പൊതുമേഖലക്കു്, അതിനെ സാമ്രാജ്യവിരുദ്ധവും കുത്തകവിരുദ്ധവും ജനാധിപത്യരീതിയിലും വളർത്തുകയാണെങ്കിൽ, അവികസിത സമ്പദ് വ്യവസ്ഥയിൽ പുരോഗമനപരമായ പങ്കുവഹിക്കാൻ കഴിയും. അതു് സാമ്പത്തിക പരാധീ

നത കുറക്കുകയും വ്യവസായവല്ക്കരണത്തിൻെറ മൂലധനാടിസ്ഥാനം സൃഷ്ടിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. വിദേശമൂലധനത്തിൻെറപിടി അയക്കാനും അവസാനിപ്പിക്കാനുംഉള്ള ഉപകരണമായും, ഇന്ത്യൻ കുത്തകകളുടെ വളർച്ചയെ നിയന്ത്രിക്കാനും അമർത്താനുമുള്ള ഉപകരണമായും പൊതുമേഖലയേ ഉപയോഗിക്കാൻകഴിയും. പക്ഷേ കഴിഞ്ഞ രണ്ടുദശാബ്ദത്തേ വാഴ്ചക്കാലത്തു് വൻകിടബൂർഷ്വാ നേതൃത്വത്തിലുള്ള ഗവമ്മെണ്ടു് തുടർന്നുവന്ന ജനവിരുദ്ധനയങ്ങളും മൂന്നു പഞ്ചവത്സരപദ്ധതികളും അവയുടെ പ്രയോഗിക ഫലങ്ങളും അത്തരം പ്രതീക്ഷകളെല്ലാംഅസ്ഥാനത്താക്കിയിരിക്കുന്നു. സമ്പത്തിൻെറ വദ്ധമാനമായ കേന്ദ്രീകരണവും ഇന്ത്യൻ കുത്തകകളുടെ സത്വര വളർച്ചയും പ്രകടമായ ഒരു പ്രതിഭാസമായിതീന്നിരിക്കുന്നു. പൊതുമേഖലയിലും സ്വകാര്യമേഖലയിലും കൂററൻ വിദേശമൂലധന കുത്തകകളുടെ നുഴഞ്ഞുകയററം അവിരാമമായി തുടന്നുകൊണ്ടിരിക്കുകയാണു്. മുതലാളിത്തവികസനത്തിനുള്ള ഈ പദ്ധതികൾക്കു് പണമുണ്ടാക്കാനെന്നപേരിൽ തൊഴിലാളികളും കൃഷിക്കാരും ഇടത്തരക്കാരും ഉൾപ്പെടെയുള്ള സാധാരണ ജനങ്ങൾ നിർദ്ദയമായ ചൂഷണത്തിനു് വിധേയരായിക്കൊണ്ടിരിക്കുകയാണു്. അങ്ങിനെ തങ്ങൾ സോഷ്യലിസം കെട്ടിപ്പടുക്കുകയാണെന്നതിനു് തെളിവായി സ്റ്റേററു് മേഖലയെ ചൂണ്ടിക്കാണിച്ചു് കോൺഗ്രസ്സ് നേതാക്കൾ വീമ്പിളക്കാറുണ്ടെങ്കിലും, ഇന്ത്യയിലെ സ്റ്റേററു മേഖല മുതലാളിത്തം കെട്ടിപ്പടുക്കുന്നതിനുള്ള ഉപകരണമാണെന്നും അതു് സ്റ്റേററു് മുതലാളിത്തം മാത്രമാണെന്നും യഥാർത്ഥ വസ്തുതകൾ തെളിയിക്കുന്നു.

**22.** ഗവമ്മെണ്ടു് തുടരുന്ന ഈ നയങ്ങളുടെ ഫലമായും ഭരണക്കൂടത്തിൻെറ നേതൃത്വം വൻകിടബൂഷ്വാസിക്കാണെന്നവസ്തുതമൂലവും നമ്മുടെ സ്റ്റേററു് മേഖലയിൽ വൻകിട മുതലാളിമാരുടെ സ്വാധീനശക്തി നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. വൻകിടമുതലാളിമാരെ ഇനിയും വളർത്തു

വാനാണ് ഈ നയങ്ങൾ കൂടുതൽ കൂടുതലായി ഉപയോഗപ്പെടുത്തുന്നത്. ധനകാര്യസ്ഥാപനങ്ങളിൽനിന്നും നൽകുന്ന വായ്പാസൗകര്യങ്ങളുടെ സിംഹഭാഗവും വൻകിടമുതലാളിമാരെ വളർത്തുന്നതിനാണ് സഹായിക്കുന്നത്. മിക്ക സ്റ്റേറ്റവ്യവസായങ്ങളിലെയും ഉൽപ്പന്നങ്ങളുടെ വിതരണം നിയന്ത്രിക്കുന്നതും വൻകിടമുതലാളിമാർതന്നെ. സ്റ്റേറ്റമുതലാളിത്തവും കുത്തകകളും തമ്മിൽ വളൎന്നുവരുന്ന അടുപ്പത്തിനുപുറമെ സ്റ്റേറ്റുടമയിലുള്ള വ്യവസായങ്ങളുടെ മൂലധനത്തിൽ ഓഹരിയെടുത്തു പങ്കുചേരാൻ വിദേശകുത്തകകളുൾപ്പെടെയുള്ള മുതലാളിമാരെ ഗവൺമെണ്ട് ഇപ്പോൾ ക്ഷണിച്ചുതുടങ്ങിയിരിക്കുന്നു. ഇതു് പൊതുമേഖലയുടെ വളർച്ചയെ കൂടുതൽ വികൃതമാക്കുന്നു. കൂടാതെ, സ്റ്റേറ്റുടമയിലുള്ള സ്ഥാപനങ്ങൾ ജനാധിപത്യവിരുദ്ധരും തൊഴിലാളിവിരോധികളുമായ ഉദ്യോഗസ്ഥമേധാവികളുടെ മേൽനോട്ടത്തിലാണ് ഏൽപിച്ചുകൊടുത്തിട്ടുള്ളതു്. പൊതുമേഖലയിൽ വൻകിടബിസിനസുകാരുടെ സ്വാധീനവും ഉദ്യോഗസ്ഥമേധാവികളുടെ നിയന്ത്രണവും വളൎന്നാൽ സ്റ്റേറ്റമുതലാളിത്തത്തിൻെറ പുരോഗമനസ്വഭാവം നഷ്ടപ്പെടുകയും അതു് അവരുടെ കൈയിലൊരു ആയുധമായിത്തീരുകയും ചെയ്യും. നമ്മുടെ സ്റ്റേറ്റുടമയിലുള്ള വ്യവസായങ്ങളിൽ ഹാനികരമായ ഈ രണ്ടു പ്രവണതകളും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു.

23. ഘനവ്യവസായങ്ങളും മൗലികവ്യവസായങ്ങളും പൂർണമായും സ്റ്റേറ്റമേഖലക്ക് മാത്രമായി നീക്കിവെച്ചിരിക്കുകയാണെന്നു് ഇന്ത്യാഗവൺമെണ്ടിൻെറ വ്യവസായനയപ്രമേയത്തിൽ പറയുന്നു. എന്നാൽ ഇതിനു് വിരുദ്ധമായി ടാററാ ഉരുക്കുകമ്പനിയേപ്പോലെ ഇപ്പോൾതന്നെ സ്വകാര്യമേഖലയിലുള്ള ഇത്തരം വ്യവസായങ്ങൾക്ക് വമ്പിച്ച സാമ്പത്തികസഹായവും മററു വിവിധ രൂപങ്ങളിലുള്ള സ്റ്റേറ്റ് സഹായ

ങ്ങളും നൽകി അവയുടെ പ്രവർത്തനശേഷി വൻതോതിൽ വികസിപ്പിക്കാൻ ഗവൺമെണ്ട് അനുവദിച്ചിരിക്കുന്നു. പഞ്ചവത്സരപദ്ധതിക്കാലത്തുണ്ടായ കുത്തകമുതലാളിത്തത്തിന്റെ വളർച്ചയും വിദേശകുത്തകകളുമായി നിരന്തരം വികസിച്ചുവരുന്ന ബന്ധങ്ങളും കാരണമായി മർമ്മപ്രധാനമായ ഈ വ്യവസായങ്ങളിൽ പലതും വിദേശസഹകരണത്തോടെ നടത്താനുള്ള കഴിവു തങ്ങൾക്കുണ്ടെന്നു് സ്വകാര്യമുതലാളിമാർ കരുതുന്നു. അതോടൊപ്പം ഗവൺമെണ്ടാകട്ടെ, സ്വന്തം വ്യവസായനയപ്രകാരം ചുമത്തിയ നിയന്ത്രണങ്ങളിൽ അയവുവരുത്തുകയും, അലുമിനിയം, രാസവളങ്ങൾ, എണ്ണ ശുദ്ധീകരണം തുടങ്ങി പലവ്യവസായശാലകളും സ്ഥാപിക്കുവാൻ സ്വകാര്യമുതലാളിമാർക്കു് നിർബാധം ലൈസൻസുകൾ കൊടുക്കുകയും ചെയ്യുന്നു.

24. ഇപ്പോൾതന്നെ ആഴത്തിൽ വേരൂന്നിനില്ക്കുന്ന ബ്രിട്ടീഷ്മൂലധനവും മററു് വിദേശമൂലധനവും നടത്തുന്ന ചൂഷണമവസാനിപ്പിക്കാൻ ഗവൺമെണ്ടു് വിസമ്മതിക്കുന്നുവെന്നുമാത്രമല്ല, വിദേശമൂലധനം ഇനിയും പുതുതായി ഇങ്ങോട്ടു് ഒഴുകിവരാൻ ഉദാരമായ സൗജന്യങ്ങളും ഉറപ്പുകളും പുതിയ അവസരങ്ങളും വാഗ്ദത്തം ചെയ്യുകയുംചെയ്തു. സ്വയം ഉല്പാദകം എന്നു വിശേഷിപ്പിക്കപ്പെടുന്ന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്റെയും, മുഖ്യമായും സ്വന്തംനയങ്ങൾതന്നെഉണ്ടാക്കിവച്ച വിദേശനാണയക്കമ്മി തരണംചെയ്യുന്നതിന്റെയും പേരിൽ കോൺഗ്രസ്ഭരണാധികാരികൾ ബ്രിട്ടൻ, അമേരിക്ക, പടിഞ്ഞാറൻ ജർമ്മനി തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളെ ഇന്ത്യയിൽ മൂലധനം നിക്ഷേപിക്കാനും, കിട്ടുമെന്നുറപ്പുനൽകുന്ന വമ്പിച്ച ലാഭം നേടാനും ക്ഷണിക്കുകയാണു്. ചില മർമ്മപ്രധാന മേഖലകളിൽ അമേരിക്കൻ നിക്ഷേപങ്ങളുടെ സത്വരവികാസം നമ്മുടെ സാമ്പത്തികജീവിതത്തിലേക്കും അതേത്തുടർന്നു് രാഷ്ട്രീയ ജീവിതത്തിലേക്കും അമേരിക്കൻ തുളച്ചുകയററത്തിന്റെ

വളർന്നുവരുന്ന ആപത്തിനെ മുൻപന്തിയിൽ കൊണ്ടുവന്നിരിക്കുന്നു.

25. പഞ്ചവത്സരപദ്ധതികളും സ്റ്റേററ്മേഖലാനിർമ്മാണവും മുഖേന ഭരണകൂടത്തിലെ വൻകിടബൂർഷ്വാനേതൃത്വം നടപ്പാക്കുന്ന മുതലാളിത്തവ്യവസായവൽക്കരണം ഇന്ത്യയിൽ ചുരുങ്ങിയ വിലയ്ക്കുകിട്ടുന്ന അദ്ധ്വാനശക്തിയും മററു അസംസ്കൃതവിഭവങ്ങളും നിരന്തരം ചൂഷണംചെയ്ത് ഇന്ത്യൻ വൻകിടവ്യവസായികളുടെ വളർച്ചയ്ക്കും അതോടൊപ്പം വിദേശ കുത്തകകളുടെ കൊള്ള നിലനിർത്തുന്നതിനും വഴിതെളിക്കുന്നു. ലാഭം, ഓഹരിലാഭവീതം, പലിശ, ശമ്പളം, അലവൻസ്, കമ്മീഷൻ, ഇൻഷ്വറൻസ്, കടത്തുകൂലി എന്നിവയുടെപേരിലും മററു പ്രത്യക്ഷവും പരോക്ഷവുമായ കണക്കുകളിലുംകൂടി കൊല്ലംതോറും കോടിക്കണക്കിനു രൂപാ രാജ്യത്തിൽനിന്നും പുറത്തേക്ക് കടത്തിക്കൊണ്ടുപോവുകയാണ്. ഈ ചൂഷകർക്ക് നമ്മുടെ ദേശീയതാത്പര്യങ്ങളുമായി യാതൊരു ബന്ധവുമില്ല. നമ്മുടെ വിഭവങ്ങളെ നിർദ്ദാക്ഷിണ്യം കൊള്ളയടിക്കുകയാണ് അവരുടെ ഏക ലക്ഷ്യം. അവർ ഇന്ത്യയിലെ വൻകിടബിസിനസ്സുകാരേയും പൊതുജീവിതത്തിലെ മററു പിന്തിരിപ്പൻശക്തികളേയും വളരാൻ സഹായിക്കുന്നു. നമ്മുടെ സമ്പദ്‌വ്യവസ്ഥയെ തുരങ്കംവയ്ക്കാനും അതിന്റെ വളർച്ചയുടെ തോതിനെ വളച്ചൊടിക്കാനും മന്ദീഭവിപ്പിക്കാനും അവർ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നു. ദേശീയവിരുദ്ധ കുത്തിത്തിരുപ്പുകളുടേയും ഉപജാപങ്ങളുടേയും ആപൽക്കരമായ ഉറവിടമാണ് വിദേശസാമ്രാജ്യമൂലധനം. വിദേശമൂലധനത്തിന്റെ പ്രവർത്തനം നമ്മുടെ ദേശീയതാത്പര്യങ്ങൾക്ക് മൗലികമായി വിരുദ്ധമാണ്.

26 കഷികജനതയുടെ താത്പര്യങ്ങൾക്കനുസരിച്ച് പുരോഗമനപരമായ കാർഷികപരിഷ്കരണങ്ങളിൽക്കൂടി കൃഷി പുനഃസംഘടിപ്പിക്കുകയും, ഇന്ത്യൻ കുത്തകകളുടേയും വിദേശ കുത്തകകളുടേയും കൈകളിൽനിന്നു് വിഭവങ്ങൾ ഏറെറടുത്തു പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിനുപകരം, പഞ്ചവത്സര പദ്ധതിക്കീഴിൽ ഗവമ്മെണ്ടു് എന്താണു ചെയ്യുന്നതു്? ഒരു ഭാഗത്തു് വികസനത്തിൻെറപേരിൽ ജനങ്ങളുടെമേൽ കനത്ത ഭാരം അടിച്ചേല്പിക്കുകയും മറുഭാഗത്തു് പദ്ധതിയെ സാമ്രാജ്യവാദികളുടെ വക, മുഖ്യമായും അമേരിക്കയുടെ വക, സാമ്പത്തിക 'സഹായം' എന്നു പറയപ്പെടുന്ന ഏർപ്പാടിനെ ആശ്രയിക്കുന്നതാക്കിത്തീർക്കുകയും—ഇതാണു് ഗവമ്മെണ്ടു് ചെയ്യുന്നതു്. സോഷ്യലിസ്റ്റ്രാജ്യങ്ങളിൽനിന്നു് മമ്പ്രധാനമായ സഹായങ്ങൾ ലഭിക്കുന്നുണ്ടു്; സോഷ്യലിസ്റ്റ്രാജ്യങ്ങളുമായുള്ള വ്യാപാരം വർദ്ധിച്ചു; ഇന്ത്യൻ മൂലധനമാകട്ടെ വളന്നു; ഇതൊക്കെയാണു് സ്ഥിതിയെങ്കിലും നാടിൻെറ സമ്പദ്വ്യവസ്ഥ മൊത്തത്തിൽ പല കാര്യങ്ങളിലും പാശ്ചാത്യസഹായത്തെ, പ്രധാനമായും അമേരിക്കൻ സഹായത്തെ, അപകടമായി ആശ്രയിച്ചാണിരിക്കുന്നതു്. ഇതാണു് ഇന്നത്തെ നമ്മുടെ സാമ്പത്തികജീവിതത്തിലെ ഏററവും പ്രകടമായ വസ്തുത.

27. ഈ ആശ്രിതത്വം ഒട്ടും കുറയുന്നില്ലെന്നു മാത്രമല്ല, കൊല്ലംതോറും കൂടിവരികയുമാണു്. മൂന്നാം പദ്ധതിയിലെ മൊത്തം നിക്ഷേപത്തിൽ മൂന്നിലൊരുഭാഗം വിദേശസഹായത്തിൽനിന്നു്, പ്രധാനമായും പാശ്ചാത്യസഹായത്തിൽനിന്നു്, നേടേണ്ടിയിരിക്കുന്നു. ഭക്ഷ്യധാന്യസഹായത്തിനുപുറമെ, നമ്മുടെ ഇറക്കുമതികൾ നിലനിറുത്താൻകൂടി നാം അമേരിക്കൻ സഹായത്തിനെയും മററു പാശ്ചാത്യരാജ്യങ്ങളുടെ സഹായത്തിനെയും ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്.

28. വിദേശസഹായത്തിനുള്ള നമ്മുടെ ആവശ്യങ്ങൾ വർദ്ധിച്ചുവരുന്നതോടൊപ്പം വിദേശമൂലധനത്തിന് സൗജന്യങ്ങൾക്കുമേൽ സൗജന്യങ്ങൾ വാരിക്കൊടുക്കുകയാണ്. ഇന്ത്യൻ മുതലാളിമാരും വിദേശമുതലാളിമാരും തമ്മിലുള്ള നൂറുകണക്കിന് സഹകരണകരാറുകൾക്ക് അനുവാദം നൽകിയിരിക്കുന്നു.

29. സ്റ്റേററുമേഖലാ വികസനം, അസംസ്കൃത പദാർത്ഥങ്ങൾ, യന്ത്രഭാഗങ്ങൾ, ഭക്ഷണം എന്നിവക്കുവേണ്ടി നമ്മുടെ സമ്പദ്‌വ്യവസ്ഥ പാശ്ചാത്യസഹായത്തെ ഭാരിച്ചതോതിൽ ആശ്രയിക്കുന്നതു്—വിദേശമൂലധനത്തിന് വർദ്ധമാനമായതോതിൽ കൊടുക്കുന്ന സൗജന്യങ്ങൾ—സ്വകാര്യമുതലാളിമാരുമായുള്ള കൂട്ടുകെട്ടിലൂടെ വിദേശമൂലധനം നമ്മുടെ സമ്പദ് വ്യവസ്ഥയിലേക്ക് തുളച്ചുകയറുന്നതു്—ഇവയെല്ലാം നമ്മുടെ രാജ്യത്തിന്റെ ഭാവിക്കും സ്വതന്ത്രമായ ആഭ്യന്തരവിദേശ നയങ്ങൾ പിന്തുടരാനുള്ള നമ്മുടെ കഴിവിനും ഗുരുതരമായ ആപത്തുണ്ടാക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വവുമായി സൈനികസഖ്യം ഉണ്ടാക്കുന്നതിനും സാമ്പത്തികരംഗത്തു് അമേരിക്കൻ സാമ്രാജ്യത്തിന് പൂർണ്ണമായി കീഴടങ്ങുന്നനയത്തിനും വേണ്ടി പരസ്യമായി വാദിക്കുന്ന തീവ്രവലതുപക്ഷ പിന്തിരിപ്പത്വത്തെ രാജ്യത്തിനകത്തു് വളർത്തുന്നതു് ഈ സ്ഥിതിഗതികളാണ്.

30. ലോകസാമ്രാജ്യവാദികളിൽ ഏററവും സമ്പന്നമായ അമേരിക്കൻ ഐക്യനാടുകൾ, ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിൻ അമേരിക്കയിലേയും സമ്പത്തൂററിക്കുടിക്കുന്ന ഏററവും വലിയ സാർവ്വദേശീയ ചൂഷകനായിരിക്കുകയാണ്. മുഖ്യമായി സൈനികബ്ലോക്കുകളുടെയും സാമ്പത്തികസഹായത്തിന്റെയും നയമുപയോഗിച്ചു് അമേരിക്കൻ സാമ്രാ

ജ്യവാദികൾ വളരെയേറെ രാജ്യങ്ങളെ തങ്ങളുടെ നിയന്ത്രണത്തിലാക്കാൻ ശ്രമിക്കുന്നു. അവികസിത രാജ്യങ്ങളുടെമേൽ സമ്മർദ്ദം ചെലുത്താനും തങ്ങളുടെ സാമ്പത്തിക ചൂഷണവും രാഷ്ട്രീയപിടിമുറുക്കവും ഈ രാജ്യങ്ങളിലേയ്ക്കു് വ്യാപിപ്പിക്കാനും അത്തരം 'സഹായം' അവർ ദുരുപയോഗപ്പെടുത്തുന്നു. അങ്ങിനെ അമേരിക്കൻ ഐക്യനാടുകൾ പുത്തൻ കൊളോണിയലിസത്തിന്റെ നെടുങ്കോട്ടയായിത്തീർന്നിരിക്കുന്നു. ഈ അവികസിതരാജ്യങ്ങളെ സൈനിക ബ്ലോക്കുകളിലും ശീതസമരരാഷ്ട്രീയത്തിലും പെടുത്തി കുടുക്കാൻ അവർ ശ്രമിക്കുന്നു. അമേരിക്കൻസാമ്രാജ്യത്വം ലോകപിന്തിരിപ്പൻ ശക്തികളുടെ നെടുങ്കോട്ടയും സാർവ്വദേശീയ **ഴാങ്ങ്ഡാറം** (സൈനികപോലീസ്) ആയി പരിണമിച്ചിരിക്കുന്നുവെന്നതിനുള്ള അനേകം പുതിയ തെളിവുകൾ സമീപകാല സാർവ്വദേശീയ സംഭവവികാസങ്ങൾ തരുന്നുണ്ടു്.

ഈ പരിതഃസ്ഥിതിയിൽ അമേരിക്കൻ മൂലധനം ഇന്ത്യയിലേക്കു് തുളച്ചുകയറുന്നതും അമേരിക്കൻ 'സഹായ'ത്തിന്മേലുള്ള നമ്മുടെ ഏറി ഏറിവരുന്ന ആശ്രിതത്വവും നമ്മുടെ രാജ്യത്തിനു ആപൽക്കരമായ ഒരു സ്ഥിതിവിശേഷം സംജാതമാക്കിയിരിക്കുന്നു. നമ്മുടെ നാടിനെ ചൂഷണം ചെയ്യാൻ കൂടുതൽ സൗജന്യങ്ങൾ പിടിച്ചെടുക്കാനും, ഇന്ത്യയിലെ വൻകിട ബിസിനസ്സുകാരുമായി കൂട്ടുകെട്ടുണ്ടാക്കാനും, കാശ്മീർ പ്രശ്നത്തിൽ വ്യക്തമായപോലെ നമ്മുടെ രാജ്യത്തിന്റെമേൽ രാഷ്ട്രീയ സമ്മർദ്ദം ചെലുത്താനും വേണ്ടി അവർ ആ 'സഹായ'ത്തെ ഉപയോഗപ്പെടുത്തുന്നു. സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവും ഉൾപ്പടെ നമ്മുടെ ദേശീയ ജീവിതത്തിന്റെ എല്ലാ തുറകളിലേയ്ക്കും അവർ തുളച്ചുകയറിയിരിക്കുന്നു. നമ്മുടെ രാജ്യത്തിലെ വിവിധ പിന്തിരിപ്പൻഘടകങ്ങളുമായി അവർ നേരിട്ടു് ബന്ധങ്ങൾ സ്ഥാപിക്കുന്നു. നമ്മുടെ സാമൂഹ്യ-

സാംസ്കാരിക ജീവിതത്തെ അവർ ദൂഷിപ്പിക്കുകയാണ്. നമ്മുടെ നാട്ടിൽ അധഃപതിച്ച സാമ്രാജ്യത്വ സംസ്കാരം പടർന്നുപിടിക്കുന്നതിൽനിന്നും ഇക്കാര്യം വ്യക്തമാവുന്നു. ലോകത്തിലെ വിവിധ ജനങ്ങൾക്കും രാജ്യങ്ങൾക്കും ഇടയിൽ ആധുനിക ശാസ്ത്രീയ കലയുടേയും സാഹിത്യത്തിൻേറയും സംസ്കാരത്തിൻെറയും സ്വതന്ത്രമായ പ്രവാഹവും വിനിമയവും ഉണ്ടായിരിക്കണമെന്ന തത്വം കമ്യൂണിസ്റ്റ് പാർടി ഉയർത്തിപ്പിടിക്കുമ്പോൾതന്നെ, അധഃപതിച്ച സാമ്രാജ്യത്വ സംസ്കാരം ഇറക്കുമതിചെയ്യുന്നതിനെ ഉറച്ചെതിർക്കുകയുംചെയ്യുന്നു. അധഃപതിച്ച പാശ്ചാത്യ സാമ്രാജ്യത്വ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനുമെതിരായി ദേശീയ വിമോചനപ്രസ്ഥാനം ഉയർത്തിയ കലാപക്കൊടി കൈവിടാതെ മുന്നോട്ടു നയിക്കുന്നതിനുപകരം ഇന്ത്യാഗവർമ്മെണ്ട് പിന്തിരിപ്പൻ പാശ്ചാത്യ സാഹിത്യവും കലയും സിനിമയും നമ്മുടെ നാട്ടിൽ നുഴഞ്ഞുകയറുന്നതിനേയും പ്രചരിക്കുന്നതിനേയും യഥാർത്ഥത്തിൽ പലവിധേനയും പ്രോത്സാഹിപ്പിക്കുകയാണ്. സാംസ്കാരിക വിനിമയ പദ്ധതികളെന്ന് പറയപ്പെടുന്നവ യഥാർത്ഥത്തിൽ പാശ്ചാത്യ സംസ്കാരവുമായി—പ്രധാനമായി അമേരിക്കൻ സംസ്കാരവുമായി—ക്രമാനുസൃതമായ ബന്ധങ്ങൾ ഊട്ടിയുണ്ടാക്കുവാൻവേണ്ടിയാണുപയോഗപ്പെടുത്തുന്നതു്. ഇതു നമ്മുടെ പുതിയ തലമുറയുടെ പ്രത്യയശാസ്ത്രപരവും സാമൂഹ്യവും സാംസ്കാരികവുമായ വീക്ഷണഗതിയെ ഹാനികരമായി ബാധിക്കുന്നു. ഇതെല്ലാംതന്നെ നമ്മുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിനു് ഗുരുതരമായ ഭീഷണിയായിതീർന്നിരിക്കുന്നു.

31. പാശ്ചാത്യരാജ്യങ്ങളിൽനിന്നും സോഷ്യലിസ്റ്റ് രാജ്യങ്ങളിൽനിന്നും അതിവിപുലമായസഹായമെല്ലാമുണ്ടായിട്ടും, നികുതിപിരിവു് ലക്ഷ്യത്തെ കവച്ചുവെച്ചിട്ടും, മൂന്നാംപദ്ധ

തി കുഴപ്പത്തിലാണ്. ആളോഹരിവരുമാനം മിക്കവാറും നി ന്നിടത്തുതന്നെ നില്ക്കുന്നു. പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർത്തീ കരിക്കുമെന്നാരും പ്രതീക്ഷിക്കുന്നില്ല.

32. ഇതിനുപുറമെ, ദേശാഭിമാനപരമായ ബഹുജനോ ത്സാഹം ഉപയോഗപ്പെടുത്തുന്നതിൽ പരാജപ്പെട്ടിരിക്കുന്ന ഈ പദ്ധതികൾ സ്വകാര്യലാഭേച്ഛയെ—അതും സ്വദേശിയും വിദേ ശിയുമായ കുത്തകകളുടെ ലാഭേച്ഛയെ—ആണ് ആശ്രയിക്കു ന്നതു്. അതുകൊണ്ടു് ഈ പദ്ധതികൾക്കു കീഴിൽ ക്ഷണത്തിൽ ധനികരായിത്തീരാനുള്ള ഉൽക്കടമായ അഭിനിവേശം സമൂഹ ത്തിൽ കെട്ടഴിച്ചുവിടപ്പെട്ടിരിക്കുന്നു. കരിഞ്ചന്തയിലും നികു തിവെട്ടിപ്പിലുംകൂടി വൻകിട മുതലാളികൾ കോടാനുകോടി രൂപാ സമ്പാദിച്ചുകഴിഞ്ഞു. സമ്പാദിച്ചുകൊണ്ടിരിക്കുന്നു. ഈ സമ്പാദ്യങ്ങളാകട്ടെ ഉല്പാദനക്ഷമമായ നിക്ഷേപത്തിനുവേ ണ്ടിയല്ല, നഗരഭൂമികളിലും വസ്തുവകകളിലും ചരക്കു വ്യാപാ രത്തിലും ഊഹകച്ചവടം നടത്താനാണുപയോഗപ്പെടുത്തുന്നതു്. കണക്കിൽപെടാത്ത ഈ വമ്പിച്ച സമ്പാദ്യങ്ങൾ ചുരുക്കംപേ രുടെ കൈയിൽ കുന്നുകൂടുന്നു. നിർമ്മാർജ്ജനംചെയ്യാനുള്ള എല്ലാ പരിശ്രമങ്ങളെയും തോല്പിക്കുന്ന വ്യാപകമായ അഴിമതി യുടേയും സ്വജനപക്ഷപാതത്തിന്റേയും ഏററവും വലിയ ഉറ വിടമാണ് ഈ സമ്പാദ്യങ്ങൾ.

33. മുതലാളിത്തപ്പൊതുകുഴപ്പത്തിന്റെ കാലഘട്ട ത്തിൽ, പ്രത്യേകിച്ചും ഈ കുഴപ്പം തീവ്രമായ പുതിയ പതനത്തിലേയ്ക്കു് പ്രവേശിച്ചുകഴിഞ്ഞിരിക്കുന്ന അവ സരത്തിൽ, മുതലാളിത്ത മാർഗത്തിലൂടെ വികസിക്കാനുള്ള അവികസിത രാജ്യങ്ങളുടെ ശ്രമം വ്യർത്ഥമാണെന്നു് മൂന്നുപദ്ധ തികളുടെ അനുഭവം സംശയലേശമെന്യേ തെളിയിച്ചിരി ക്കുന്നു. അത്തരം വികസന സാധ്യതകൾ വളരെ പരിമിത

മാണ്. സാമ്പത്തികപരാധീനത, പിന്നോക്കാവസ്ഥ, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ നമ്മുടെ മൗലിക പ്രശ്നങ്ങൾ പരിഹരിക്കാൻ മുതലാളിത്തമാർഗത്തിന് കഴിവില്ല. രാജ്യത്തിലെ മനുഷ്യശക്തിയേയും ഭൗതികവിഭവങ്ങളേയും പൂർണമായി പ്രയോജനപ്പെടുത്താൻ അതിന് കഴിവില്ല. നിരന്തരം വളർന്നുവരുന്ന വൈരുദ്ധ്യങ്ങൾക്ക് വഴിവെയ്ക്കുന്ന മുതലാളിത്തമാർഗം അസന്തുലിതവികസനത്തിന്റെ കെടുതികളും സാമ്പത്തികക്കുഴപ്പങ്ങളും നിറഞ്ഞതാണ്. സാധാരണജനങ്ങളുടെമേൽ അസഹ്യമായ ഭാരങ്ങൾ ചുമത്തുകയും ദുരിതങ്ങൾ സൃഷ്ടിക്കുകയുംചെയ്യുന്ന ഈ മാർഗം അവക്ക് കൂടുതൽ നല്ലൊരു ഭാവിയെപ്പററി യാതൊരു പ്രതീക്ഷയും നൽകുന്നില്ല. ഇതുമൂലം മുതലാളിത്തവികസനമാർഗവുമായി അനിവാര്യമായ ഏററുമുട്ടലിലേക്കാണ് ജനങ്ങൾ എത്തിച്ചേരുന്നത്.

# 3.

# ബൂർഷ്വാ കാർഷിക നയങ്ങളുടെ ലാഭചേതക്കണക്ക്

34. ബൂർഷ്വാ–ജന്മിഗവണ്മെണ്ടിന്റെ തികഞ്ഞ പരാജയം മറേറതു രംഗത്തേക്കാളും കാർഷികപ്രശ്നത്തിലാണ് ഏററവും നഗ്നമായി വെളിപ്പെടുന്നത്. നമ്മുടെ കാർഷികബന്ധങ്ങളെ വരിഞ്ഞുകെട്ടിയിരിക്കുന്ന നാടുവാഴി–അർദ്ധനാടുവാഴി വിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞ് കർഷകജനതയെ ചിരകാലാടിമത്തത്തിൽനിന്ന് മോചിപ്പിക്കുകയല്ല കോൺഗ്രസ് ഗവണ്മെണ്ടിന്റെ കാഷികപരിഷ്കാരങ്ങളുടെ ലക്ഷ്യമെന്ന് സുമാർ രണ്ടുദശാബ്ദക്കാലത്തെ കോൺഗ്രസ്ഭരണം

സംശയലേശമെന്യേ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. നാട്ടുവാഴിജന്മികളെ മുതലാളിജന്മിമാരാക്കി മാററുകയും ധനികകൃഷിക്കാരുടെ ഒരു വിഭാഗത്തെ വളത്തിയെടുക്കുകയുമാണ് അതിൻെറ ലക്ഷ്യം. മുതലാളിത്തവികസനത്തിൻെറ ആവശ്യങ്ങാംക്കായി കാർഷികോല്പന്നമിച്ചം ഉണ്ടാക്കുന്നതിന് അവർ ജന്മിമാരും ധനികകൃഷിക്കാരും അടങ്ങുന്ന വിഭാഗത്തെയാണ് ആശ്രയിക്കുന്നതു്. ഭരണാധികാരിവർഗത്തിൻെറ നാട്ടിൻപുറത്തുള്ള പ്രധാനരാഷ്ട്രീയ അടിത്തറയാക്കി ഈ വിഭാഗങ്ങളെ വളത്താൻ അവർ ആഗ്രഹിക്കുന്നു.

**35.** കൊല്ലംതോറും അനവധികോടി രൂപ വരുന്ന കൂററൻ പ്രിവിപേഴ്സുകാം മുൻനാട്ടുരാജാക്കന്മാക്കും അവരുടെ കുടുംബങ്ങാംക്കും നല്കാമെന്നും, പുറമെ അവർ കൊള്ളയടിച്ചു സമ്പാദിച്ച എല്ലാസ്വത്തുക്കളും വിസ്തൃതമായ കൃഷിഭൂമികളും വനപ്രദേശങ്ങളും അവക്ക്വിട്ടുകൊടുക്കാമെന്നുമുള്ള ഉറപ്പിന്മേലാണ നാട്ടുരാജാക്കന്മാരുടെ നാടുവാഴിസംസ്ഥാനങ്ങാം അവസാനിപ്പിച്ചതു്. **ജമീന്ദാർമാർ, ജഗീർദാർമാർ, ഇനാംദാർമാർ** മുതലായ ഇടത്തട്ടുകാരെ അവസാനിപ്പിക്കാനുള്ള നിയമനിർമ്മാണനടപടികളിൽ **സിർ, ഖുദ്കഷ്ട്** അഥവാ **ഷൈന്ന** നിലങ്ങാം എന്ന പേരിൽ വമ്പിച്ച ഭൂസ്വത്തുക്കാം കൈവശംവയ്ക്കുാൻ മനഃപൂർവം അവരെ അനുവദിക്കുകയും അവക്ക് നഷ്ടപരിഹാരമായി വൻതുകകാം കൊടുക്കാമെന്ന് ഉറപ്പു നൽകുകയുംചെയ്യുന്നു. ഈ ഇടത്തട്ടുകാരുടെ അവകാശങ്ങാം അവസാനിപ്പിക്കുന്നതോടെ കൃഷിഭൂമിയുടെ ഉടമാവകാശം സ്വയമേവ സൗജന്യമായി കൃഷിക്കാക്ക് ലഭിക്കുന്നില്ല. നേരേമറിച്ച്, ശേലക്ഷക്കണക്കിനു കുടിയാന്മാർ നിയമാനുസൃതമായും നിയമവിരുദ്ധമായും പൊടുന്നനേ കുടിയിറക്കപ്പെടുകയാണുണ്ടായതു്. അല്ലെങ്കിൽ വിവിധനിരക്കിലുള്ള വിലകൊടുത്തു്

ജന്മിമാരിൽനിന്നും ഭൂവുടമാവകാശം വാങ്ങാൻ അവർ നിർബന്ധിതരായി. അങ്ങിനെ മുൻനാട്ടുരാജാക്കന്മാക്ക് പ്രതിവഷം പ്രിവിപേഴ്സായി കൊടുത്തുവരുന്ന കോടിക്കണക്കിനു രൂപയും വൻകിട ഇടത്തട്ടുകാർക്ക് തവണകളായി കൊടുത്തുവരുന്ന കോടാനുകോടി രൂപയും; ഭൂവുടമാവകാശം വിററ് കർഷകരിൽനിന്നും ജന്മിമാർ പിടിച്ചുപറിച്ച ഭീമമായ തുകകളും മററും കാർഷിക രംഗത്തെ ഉൽപ്പാദനത്തിനു അവശ്യം ആവശ്യമായ മൂലധനം നഷ്ടപ്പെടുത്തി; അതു് രാഷ്ട്രത്തിനു് ഒരു ഭാരമായിത്തീർന്നു; അലസരും ധനാഢ്യരുമായ ജന്മിമാക്കു മാത്രമാണു് അതുകൊണ്ടു മെച്ചം ലഭിച്ചതു്.

36. **റയത്വാരി** പ്രദേശങ്ങളിൽ നടപ്പാക്കിയ കുടിയായ്മ നിയമങ്ങളിൽ പ്രഥമവും പ്രധാനവുമായി ഉരംപ്പെടുത്തിയിട്ടുള്ള വകുപ്പ് ജന്മിക്ക് സ്വയം കൃഷി ചെയ്യാനെന്നപേരിൽ ഇപ്പോരം കൃഷി ചെയ്യുന്ന കുടിയാന്മാരിൽനിന്നും ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള അവകാശമാണു്. എന്തു കാരണംപറഞ്ഞായാലുംശരി, ഈ കൃഷിക്കാരുടെ നീതിയുക്തമായ അവകാശങ്ങരം ഇല്ലായ്മചെയ്തതുമൂലം 'മര്യാദപ്പാട്ട നിർണയ'മെന്നു പറയപ്പെടുന്ന വ്യവസ്ഥകളുടെ എല്ലാ പ്രാധാന്യവും നഷ്ടപ്പെട്ടിരിക്കുന്നു. ഈ 'മര്യാദപ്പാട്ട നിർണയം'തന്നെ മിക്കവാറും മര്യാദരഹിതമായിരുന്നു. ഒരുവശത്തു് നിയമങ്ങളിൽ മനഃപൂവ്വം നിലനിത്തിയ പഴുതുകളും, മറവശത്തു് ഈ നിയമങ്ങരം നടപ്പിലാക്കുവാൻ ജന്മിപക്ഷപാതികളായ ഉദ്യോഗസ്ഥമേധാവികളെ ഏർപ്പെടുത്തിയതും കാരണം ദശലക്ഷക്കണക്കിനു കൃഷിക്കാർ ഭൂമിയിൽനിന്നു് ഒഴിപ്പിക്കപ്പെടുകയും പുഴുതെറിയപ്പെടുകയുംചെയ്തു; അവരെല്ലാം പാപ്പരായ കൃഷിക്കാരും കഷ്കത്തൊഴിലാളികളുമായിത്തീന്നു.

**37.** കൈവശഭൂമിയുടെ പരിധി നിർണയിക്കുന്ന നിയമങ്ങൾ വളരെയേറെ കൊട്ടിഘോഷിക്കപ്പെടുന്നുണ്ട്. അവ പരിശോധിക്കാം. ഈ നിയമങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത് വൻകിടജന്മിമാർക്ക് സ്വന്തം ഭൂസ്വത്തുക്കൾ കോട്ടംകൂടാതെ നിലനിർത്താനോ, അഥവാ കുടുംബാംഗങ്ങൾക്കിടയിൽ ഭാഗം നടത്തിയെന്നുവരുത്തി പരിധിനിർണയനിയമം ബാധകല്ലാതാക്കാനോ സൗകര്യപ്പെടുംവിധമാണ്. മിക്കയിടങ്ങളിലും പരിധിതന്നെ വളരെ ഉയർന്നതാണ്. ഇതിനുപുറമെ, 'കാര്യക്ഷമമായി നടത്തുന്ന കൃഷിയിടങ്ങൾ', 'തോട്ടങ്ങൾ', 'മേച്ചിൽ സ്ഥലങ്ങൾ' എന്നെല്ലാം പറയപ്പെടുന്നവ പരിധിനിർണയത്തിൽനിന്ന് ഒഴിച്ചുനിർത്തിയിരിക്കുന്നതുകൊണ്ട് ഈ നടപടിയുടെ അടിഭാഗംതന്നെ തട്ടിക്കളഞ്ഞിരിക്കുന്നു. അതുകൊണ്ട്, ഈ നിയമങ്ങൾ മിക്കവാറും കടലാസിൽമാത്രം നിലനില്ക്കുന്നുവെന്നതിലോ, അധ്വാനിക്കുന്ന കൃഷിക്കാർക്കിടയിൽ ഭൂമി വിതരണംചെയ്യാൻ ഈ നിയമം ഉപയോഗിച്ച് വളരെക്കുറച്ചു ഭൂമിമാത്രമേ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നതിലോ അൽഭുതത്തിന്നവകാശമില്ല.

**38** കാർഷികോല്പാദനം വർധിപ്പിക്കാൻ കോൺഗ്രസ് ഭരണാധികാരികൾ അംഗീകരിച്ചിട്ടുള്ള മറെറാരു നടപടിയാണ് കൈവശഭൂമിയുടെ ഏകീകരണം. ഇതും ചില സംസ്ഥാനങ്ങളിലേ ശ്രമിച്ചുനോക്കിയിട്ടുള്ളു. ഇതു് നടപ്പാക്കിയ സ്ഥലങ്ങളിലെല്ലാം കൂടുതൽ നേട്ടങ്ങളുണ്ടായിട്ടുള്ളതു് ഭൂവുടമവർഗത്തിലെ ധനികവിഭാഗങ്ങൾക്കാണ്. പാവപ്പെട്ടവരും ഇടത്തരക്കാരുമായ കൃഷിക്കാരുടെ ചെലവിൽ കിട്ടാവുന്നതിൽ വെച്ചേററവും മെച്ചമായ ഭൂമിയും ആസ്ഥാനങ്ങളും പല സൂത്രങ്ങളും പ്രയോഗിച്ച് തട്ടിയെടുക്കാൻ ധനികവിഭാഗങ്ങൾക്കു കഴിഞ്ഞു.

39. ജന്മിമാരുടെ ഭൂമി പിടിച്ചെടുത്തു് കൃഷിക്കാർക്കി ടയിൽ വിതരണംചെയ്യുന്ന കാര്യം പോകട്ടെ. കൃഷിക്കുപയു ക്തമായ തരിശുഭൂമിയിൽ ഭൂരിഭാഗവും കർഷകതൊഴിലാളി കൾക്കും ദരിദ്രകൃഷിക്കാർക്കും വിതരണംചെയ്യുന്നകാര്യംപോലും ഓരോ ഒഴിവുകഴിവുപറഞ്ഞു് ഈ നീണ്ട ഭരണകാലമത്രയും കോൺഗ്രസ്ഗവർമ്മെണ്ടുകൾ നടപ്പാക്കാൻ കൂട്ടാക്കിയില്ല. അനേകം സംസ്ഥാനങ്ങളിൽ ദശലക്ഷം ഏക്കർകണക്കിനു് ഇത്തരം ഭൂമി കിടപ്പുണ്ടു്. ഇക്കാര്യത്തിലും, വിവിധ സംസ്ഥാ നങ്ങളിലെ അനവധി സ്വാധീനശക്തിയുള്ള ജന്മിമാർ ഈ തരിശുഭൂമികൾ കൈവശപ്പെടുത്തുകയും, അങ്ങിനെ അർഹ രായ കൃഷിക്കാർക്കു് അവ കൃഷിചെയ്യാനുള്ള അവകാശം നിഷേ ധിക്കുകയുംചെയ്യുന്നു. എവിടെയെല്ലാം ദരിദ്രകൃഷിക്കാർ വാശിയോടെ ഉറച്ചുനിന്നു് **ബഞ്ജാറ**കൾ എന്നു് വിളിക്ക പ്പെടുന്ന ഈ തരിശുഭൂമികൾ കൃഷിചെയ്യുന്നുവോ, അവിടെ യെല്ലാം അവരുടെമേൽ കൊല്ലംതോറും ഭാരിച്ച പിഴകൾ ചുമ ത്തുകയും അവ കർശനമായി വസൂലാക്കപ്പെടുകയും ചെയ്യുന്നു. ചില സംസ്ഥാനങ്ങളിൽ വ്യവസായസ്ഥാപനങ്ങൾക്കോ മററു പദ്ധതികൾക്കോ സ്ഥലമെടുക്കാൻവേണ്ടി ഒഴിപ്പിക്ക പ്പെട്ട കൃഷിക്കാർക്കു് പകരം ഭൂമി കൊടുത്തിട്ടില്ല. ഈ കൃഷി ക്കാർകൂടി ചെന്നുചേർന്നു് ഭൂരഹിതരായ തൊഴിലാളികളുടെ അണികൾ പെരുകിവരുന്നു.

40. ഉപജീവനത്തിനു പ്രധാനമായും അധ്വാനശക്തി വിൽക്കേണ്ടിവരുന്ന തീരെ ഭൂമിയില്ലാത്തവരോ ചെറിയതുണ്ടം ഭൂമിമാത്രം കൈവശമുള്ളവരോ ആയ കാർഷികതൊഴിലാളിക ളാണു് നമ്മുടെ ഗ്രാമീണജീവിതത്തിലെ ഏററവും വലിയ ഏകവിഭാഗം. ഗവർമ്മെണ്ടിൻെറ കാർഷികനയങ്ങളുടെയും മററു നയങ്ങളുടെയും ഫലമായി ദശലക്ഷക്കണക്കിനു് കുടിയി റക്കപ്പെട്ട കുടിയാന്മാരെക്കൊണ്ടും, പാപ്പരായ കൃഷിക്കാരെ

ക്കൊണ്ടും, തൊഴിൽ നഷ്ടപ്പെട്ട് അലയുന്ന കൈത്തൊഴിൽ കാരാക്കൊണ്ടും കഷ്കതൊഴിലാളികളുടെ അണികറം പെരുകിവരുകയാണ്. അഖിലേന്ത്യാതലത്തിൽ അവർ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ കർഷകകുടുംബങ്ങളുടെ 30-35 ശതമാനംവരും. ആന്ധ്രാ, തമിഴ്നാട്, കേരളം, മൈസൂർ, ഒറീസാ തുടങ്ങിയ ചില സംസ്ഥാനങ്ങളിലാവട്ടെ 50-55 ശതമാനവും. അവരിൽ ആയിരക്കണക്കിനാളുകറം ജന്മിമാരുടെയും ധനികകൃഷിക്കാരുടെയും കീഴിൽ വാർഷികാടിസ്ഥാനത്തിൽ കൃഷിപ്പണിക്കാരായി ജോലിചെയ്യുന്നു. അവരുടെ ചുരുങ്ങിയ കൂലി നിജപ്പെടുത്തുക, മററു സൗകര്യങ്ങറം ഏർപ്പെടുത്തുക മുതലായവ വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണത്തെപ്പററി കേന്ദ്രഗവമ്മെണ്ട്നേതാക്കറം 1948 മുതൽതന്നെ ഉച്ചൈസ്തരം ഉദ്ഘോഷിക്കാറുണ്ടെങ്കിലും, കാർഷികത്തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങറം മെച്ചപ്പെടുത്തുവാനും ജന്മിമാരുടെ മൃഗീയചൂഷണത്തിൽനിന്ന് അവരെ സംരക്ഷിക്കാനും ഫലപ്രദമായി യാതൊന്നും ഇതേവരെ ചെയ്തിട്ടില്ല. അനേകം കൊല്ലങ്ങളായുള്ള വാഗ്ദാനത്തിനും കാത്തിരിപ്പിനും ശേഷം ചില സംസ്ഥാനങ്ങളിൽ കൊണ്ടുവന്നിട്ടുള്ള ചുരുങ്ങിയ കൂലി നിജപ്പെടുത്താനെന്നു പറയപ്പെടുന്ന നിയമം, നിയമസംഹിതാപുസ്തകത്തിന് ഒരലങ്കാരമായിമാത്രം കിടക്കുന്നുവെന്നതിൽകവിഞ്ഞ് യാതൊരു ഗുണവുംചെയ്തിട്ടില്ല. ഈ നിയമങ്ങളിൽ വ്യവസ്ഥചെയ്തിട്ടുള്ള കൂലിനിരക്കുകളും തൊഴിൽസാഹചര്യങ്ങളും മററും അതാതുപ്രദേശങ്ങളിൽ നിലവിലുള്ള കൂലിനിരക്കുകളേക്കാറം കുറവാണ്. അഥവാ എവിടെയെങ്കിലും ഉയന്ന നിരക്കുകറം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, അവരുട്ടു നടപ്പിൽവരുത്തിയിട്ടുമില്ല. ഈ തൊഴിലാളികളിൽ ഭൂരിഭാഗത്തിനും കിടന്നുപൊറുക്കാൻ ഒരു കുടിലോ, കുടിൽ വയ്ക്കാനുള്ള സ്ഥലമോ ഇല്ല. കൊല്ലത്തിൽ ആറുമാസം അവക്ക് ഒന്നുകിൽ തീരെ തൊഴിലില്ല, അല്ലെങ്കിൽ വേണ്ടത്ര തൊഴിൽ

ഇല്ല. അവരുടെ യഥാർത്ഥകൂലി ഇടിഞ്ഞു താഴുകയാണെന്നും, ജോലിദിവസങ്ങൾ കുറഞ്ഞുവരികയാണെന്നും, കടബാധ്യതകൾ വർദ്ധിക്കുകയാണെന്നും ഗവണ്മെന്റിന്റെയും അർദ്ധഗവണ്മെണ്ടു സ്ഥാപനങ്ങളുടെയും പല റിപ്പോർട്ടുകളും ചൂണ്ടിക്കാണിക്കുന്നു. അവരുടെ ജീവിതപരിതഃസ്ഥിതിയിൽ മൗലികമായ മാററം വരുത്താതെ നമ്മുടെ അധഃപതിച്ച ഗ്രാമീണജീവിതത്തിന്റെ മുഖഛായ മാററാമെന്നും, കാർഷികമേഖലയിലെ ഉല്പാദനശക്തികളെ കെട്ടഴിച്ചുവിടാമെന്നും ചിന്തിക്കാനേ സാധ്യമല്ല.

41. ഗവണ്മെണ്ട് തുടങ്ങിവച്ചിട്ടുള്ള സാമൂഹ്യവികസനപദ്ധതികളും പഞ്ചായത്ത്‌രാജും (പഞ്ചായത്തുകൾ, ബ്ലോക്ക്സമിതികൾ, ജില്ലാപരിഷത്തുകൾ എന്നിവ) പരിമിതമായ സാമൂഹ്യസൗകര്യങ്ങളും പ്രയോജനങ്ങളും ജനങ്ങൾക്ക് നൽകുന്നുണ്ടെങ്കിലും, അവസാനവിശകലനത്തിൽ നാട്ടിൻപുറങ്ങളിൽ ഭരണാധികാരിവർഗത്തിന്റെ ജന്മി–ധനികകർഷകവർഗാടിത്തറ വിപുലീകരിക്കാനും ഏകീകരിക്കാനും ഉള്ള ഒരു ഉപാധിയാണ്. തങ്ങളുടെ വർഗനയങ്ങൾക്കനുസൃതമായി, കൃഷിക്കാർക്കിടയിലെ മററു വിഭാഗക്കാരെ മിക്കവാറും ഒഴിച്ചുനിർത്തിക്കൊണ്ട് ഗവണ്മെണ്ട് കൃഷിക്കാരിലെ ധനികവിഭാഗങ്ങൾക്കും ഭൂവുടമകൾക്കും നേരിട്ട് സാമ്പത്തികവും സാങ്കേതികവും മററുമായ സഹായങ്ങൾ നൽകുന്നു. സാമൂഹ്യവികസനത്തിന്റെയും ദേശീയവികസനപദ്ധതികളുടെയും ചെലവിന്റെ സിംഹഭാഗവും ജന്മിമാരുടെയും ധനികകൃഷിക്കാരുടെയും കീശയിലേക്കാണ് ഒഴുകിപ്പോകുന്നത്. 'തക്കാവികടം' എന്ന പേരിൽ വമ്പിച്ച തുകകൾ അവക്ക് നൽകപ്പെടുന്നു. ട്രാക്ടറുകൾ, പമ്പുസെററുകൾ, ഓയിൽ എഞ്ചിനുകൾ എന്നിവ വാങ്ങാനും, കുഴൽക്കിണറുകൾ കുഴിപ്പിക്കാനുമായി പ്രത്യേക കാർഷികകടങ്ങൾ അവക്ക്

അനുവദിക്കുന്നു. ഗവൺമെണ്ട് വിതരണംചെയ്യുന്ന മേത്തരം വിത്തുകളുടേയും രാസവളങ്ങളുടേയും സിംഹഭാഗം തട്ടിയെടുക്കുന്നതും അവർതന്നെ.

42. നാണയസമ്പദ്‌വ്യവസ്ഥ നാട്ടിൻപുറങ്ങളിൽ സത്വരം വ്യാപിക്കുന്നതോടൊപ്പം വർദ്ധമാനമായ ബാങ്കുവായ്പകളും മററും ഉപയോഗിച്ചുകൊണ്ട് ഭക്ഷ്യധാന്യങ്ങളിലും മററ് കാർഷികചരക്കുകളിലും ഉള്ള മുൻകൂർ വ്യാപാരവും ഊഹകച്ചവടവും വൻതോതിൽ വളർന്നിരിക്കുന്നു. കാർഷികോല്പന്നങ്ങളുടെമേൽ ഇന്ത്യനും വൈദേശികവുമായ കുത്തക വ്യാപാരതാല്പര്യങ്ങളുടെ പിടി അതിവേഗം മുറുകിവരുന്നതിന്റെ ഫലമായി വിലനിരക്കിലെ ഉഗ്രമായ ഏററിറക്കങ്ങളും അസമമായ വിനിമയവുംവഴി കൃഷിക്കാരെ ചൂഷണംചെയ്യുന്നതു് രൂക്ഷതരമായിരിക്കുന്നു. തൽഫലമായി കാർഷികോല്പന്നങ്ങൾ വില്ക്കുന്നവൻ എന്ന നിലക്കും വ്യാവസായികോല്പന്നങ്ങൾ വാങ്ങുന്നവനെന്നനിലക്കും കൃഷിക്കാരൻ രണ്ടുവിധത്തിൽ കൊള്ളയടിക്കപ്പെടുന്നു.

43 ഇതെല്ലാം ഉണ്ടികമൂലധനം ഗണ്യമായതോതിൽ വദ്ധിക്കുന്നതിന് വഴിവെച്ചു. ഇന്ത്യൻ റിസർവ് ബാങ്കിന്റെ ഏററവും ഒടുവിലത്തെ കണക്കനുസരിച്ച് 1956-ൽ 900 കോടി രൂപയായിരുന്ന ഗ്രാമീണകടബാദ്ധ്യത ഇപ്പോൾ 3000 കോടിയിൽപരമായി വർദ്ധിച്ചിരിക്കുന്നു. ഇതിന്റെ പലിശ തന്നെ ഏററവും മിതമായ കണക്കനുസരിച്ച് പ്രതിവർഷം 100 കോടി രൂപയിലധികംവരും. അതേസമയംതന്നെ ന്യായമായ പലിശനിരക്കിൽ കൃഷിക്കാരുടെ കാർഷികാവശ്യങ്ങൾക്ക് കടംകിട്ടാനുള്ള ബുദ്ധിമുട്ട് കൂടിവരികയാണ്. സഹകരണവായ്പ, ഗവൺമെണ്ട്‌വായ്പ, ബാങ്ക്‌വായ്പ എന്നിവയെല്ലാം ചേർന്നാൽപോലും മൊത്തം ഗ്രാമീണകടാവശ്യത്തി

ന്റെ നിസ്സാരമായ അംശം മാത്രമെ ആവുന്നുള്ളു. ഈ വായ്പ കറംതന്നെ മിക്കവാറം മുഴുവൻ ഉപയോഗപ്പെടുത്തുന്നതു് ജന്മി മാരും ധനികകൃഷിക്കാരുമാണു്. ഈ വായ്പാദൗർലഭ്യം കാർഷികോല്പാദനം മോശമാകുന്നതിനു് മാത്രമല്ല, ദരിദ്രകൃഷി ക്കാരിൽനിന്നു് ഭൂമി കൈമാറിപ്പോകുന്നതിനും ഇടയാക്കുന്നു. ഗ്രാമീണകടഭാരം വെട്ടിച്ചുരുക്കാൻ ഗവമ്മെണ്ടു് തുടർച്ചയായി വിസമ്മതിക്കുകയുംചെയ്യുന്നു.

**44.** വിട്ടുമാറാത്ത ഭക്ഷ്യക്കുഴപ്പം പരിഹരിക്കുന്നതി ലുള്ള പരാജയത്തിൽ ഈ കാർഷികനയങ്ങളുടെ പാപ്പരത്തം വ്യക്തമാവുന്നു. കൃഷിക്കും ജലസേചനപദ്ധതികറംക്കും രാസ വളങ്ങറംക്കും സഹസ്രകോടിക്കണക്കിനു് രൂപാ ചെലവഴി ച്ചിട്ടും കാർഷികോല്പാദനത്തിലുണ്ടായ വദ്ധന തികച്ചും അപ ര്യാപ്തമാണു്. കഴിഞ്ഞ മൂന്നുവർഷങ്ങളിലാവട്ടെ, കാർഷി കോല്പാദനം മിക്കവാറം നിശ്ചലമാണു്. അതിന്റെ ഫലമായി ഇന്ത്യ, അമേരിക്കൻ ഐക്യനാടുകളിൽനിന്നു് പി. എൽ. 480 പ്രകാരം ഭക്ഷ്യധാന്യങ്ങളും അസംസ്കൃതപദാത്ഥങ്ങളും വൻ തോതിൽ ഇറക്കുമതിചെയ്യുന്നതു് തുടൻകൊണ്ടിരിക്കുകയാണു്. ഈ ഇറക്കുമതികറം കോൺഗ്രസ്ഭരണകാലത്തു് 2000 കോടി യിലധികം രൂപ വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു.

**45.** സ്വാതന്ത്ര്യം ലഭിക്കുകയും, എത്രയെത്രയോ കാർ ഷികപരിഷ്കരണനിയമങ്ങറംകൊണ്ടുവന്ന കോൺഗ്രസ് ഭരണം സ്ഥാപിതമാവുകയുംചെയ്തിട്ടു് രണ്ടുദശകത്തിലേറെ യായി. എന്നിട്ടും ഭൂരിഭാഗം ഭൂമിയും ചുരുക്കം ചിലരുടെ കയ്യിൽ കോട്ടംകൂടാതെ നിലനിൽക്കുന്നു. ഒട്ടാകെ കൃഷിചെ യ്യുന്ന ഭൂമിയിൽ 37.29 ശതമാനം മേലേക്കിടയിലുള്ള 5 ശത മാനം ഗ്രാമീണ കുടുംബങ്ങറം കൈയടക്കിവച്ചിരിക്കുകയാണു്. അതേസമയം 70 ശതമാനം കർഷകകുടുംബങ്ങറംക്കാകെ

സുമാർ 20 ശതമാനം ഭൂമിയേ കൈവശമുള്ളു. ഭൂമിയിലുള്ള കുത്തക തകർക്കുകയും കാർഷികതൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കും ഭൂമി സൗജന്യമായി വിതരണംചെയ്യുകയും അവരുടെ കടഭാരം റദ്ദാക്കുകയും ആണ് ദശലക്ഷക്കണക്കിൽ കൃഷിക്കാരുടെ സർവശക്തിയും പ്രയത്നോത്സാഹവും അഴിച്ചുവിടാനുള്ള മുൻഉപാധികളെന്ന് സാമാന്യമായി എല്ലാവർക്കും അറിവുള്ളതാണ്. അങ്ങിനെമാത്രമേ അതിവിപുലമായ കാർഷികോല്പാദനത്തിന്റെ അടിത്തറ പാകാനാവൂ. കൂടാതെ, ഇന്നു നിലവിലുള്ള കാർഷികബന്ധങ്ങൾമൂലം, ആണ്ടുതോറും 1000 കോടിയിലധികം രൂപ പാട്ടമായും പലിശയായും ജന്മിമാരുടെയും പണമിടപാട്കാരുടെയും കൈകളിലേയ്ക്ക് ഒഴുകിപ്പോകുന്നുണ്ട്. ഈ പണമാകട്ടെ ഉല്പാദനാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നില്ല. നേരെമറിച്ച് ഊഹക്കച്ചവടത്തിനും അന്യായമായ പലിശക്ക് കടം കൊടുക്കാനുംവേണ്ടിയാണ് അത് ഉപയോഗപ്പെടുത്തുന്നത്. ഈ കാർഷിക ബന്ധങ്ങൾ ഇല്ലായ്മചെയ്യുന്നത് നമ്മുടെ വ്യവസായങ്ങൾക്കും കൃഷിക്കും ആവശ്യമായ മൂലധനത്തിന്റെ ഒരു പ്രധാന ഉറവിടമായിത്തീരും.

**45** ഗണ്യമായ അളവിൽ കൃഷി വികസിപ്പിക്കാനോ, വേണ്ടത്ര ഭക്ഷണവും അസംസ്കൃതപദാർത്ഥങ്ങളും നാടിനുവേണ്ടി ഉല്പാദിപ്പിക്കാനോ നമുക്ക് കഴിയുന്നില്ല. കാരണം, ഭൂമി നഷ്ടപ്പെട്ട് പാപ്പരായ കൃഷിക്കാർക്ക് ഏററവും പ്രാഥമികമായ കാർഷികോപകരണങ്ങളും കൃഷി മെച്ചപ്പെടുത്താനാവശ്യമായ രാസവളങ്ങളും വാങ്ങാനുള്ള കഴിവില്ല.

ദേശീയവ്യവസായങ്ങൾ വികസിപ്പിക്കാനും രാജ്യത്തെ വൻതോതിൽ വ്യവസായവൽക്കരിക്കാനും നമുക്ക് കഴിയുന്നില്ല. കാരണം, ജനസംഖ്യയിൽ 80 ശതമാനംവരുന്ന കർഷകവർഗത്തിന് ഏററവും ചുരുങ്ങിയ അളവിൽപോലും വ്യാവസായികച്ചരക്കുകൾ വാങ്ങാനുള്ള കഴിവില്ല.

തൊഴിലാളിവർഗത്തിൻെറ ജീവിതം മെച്ചപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. കാരണം, ദാരിദ്ര്യംമൂലം ഗ്രാമപ്രദേശം വിട്ട് നഗരങ്ങളിലേക്കുചെല്ലുന്ന നൂറായിരക്കണക്കിന് വിശന്നുപൊരിയുന്ന ജനങ്ങൾ 'തൊഴിലാളിക്കമ്പോള'ത്തിൽ കുമിഞ്ഞുകൂടുകയുകയാണ്. തൊഴിലില്ലാപ്പട്ടാളത്തിൻെറ ഈ വർദ്ധനവ് 'അദ്ധ്വാനശക്തി'യുടെ വിലയിടിച്ചു താഴ്ത്തുന്നു.

സാംസ്കാരികമായ പിന്നോക്കാവസ്ഥയിൽനിന്നു് അതിവേഗം പുരോഗമിക്കാൻ നമുക്ക് കഴിയുന്നില്ല. കാരണം, ജനസംഖ്യയിൽ ഭൂരിപക്ഷംവരുന്നവരും വിശപ്പും ദാരിദ്ര്യവും മൂലം നരകിക്കുന്നവരുമായ കൃഷിക്കാർക്ക് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനാവശ്യമായ ധനശേഷിപോലും നിഷേധിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ കാർഷിക പ്രശ്നങ്ങളും കൃഷിക്കാരുടെ പ്രശ്നങ്ങളും നമ്മുടെ നാടിൻെറ ജീവിതത്തിൽ പ്രാഥമിക പ്രാധാന്യം വഹിക്കുന്നു. മുൻപന്തിയിൽ സ്ഥാനംപിടിച്ചിട്ടുള്ള ദേശീയ പ്രശ്നമാണതു്.

★

## 4.

# വിദേശനയം

**47.** ഏതു രാജ്യത്തേയും അവിടത്തെ ഗവമ്മെണ്ടി
ന്റെയും വിദേശനയം അവസാനവിശകലനത്തിൽ ആഭ്യ
ന്തരനയത്തിന്റെ പ്രലംബത അഥവാ തുടർച്ചമാത്രമാണു്.
അതാതു് ഗവമ്മെണ്ടിനേയോ ഭരണകൂടത്തേയോ നയിക്കുന്ന
വർഗത്തിന്റെ അഥവാ വർഗങ്ങളുടെ താല്പര്യങ്ങളാണു് മുഖ്യ
മായും അതിൽ പ്രതിഫലിക്കുന്നതു്. ഇന്ത്യാഗവമ്മെണ്ടിന്റെ വി
ദേശനയത്തിൽ സ്വാഭാവികമായും ഇന്ത്യൻ ബൂഷ്വാസിയുടെ
ദ്വിമുഖസ്വഭാവം—സാമ്രാജ്യത്വത്തോടു് എതിർപ്പും അതേസമ
യം അതുമായി സന്ധിചെയ്യലും സഹകരിക്കലും എന്ന സ്വഭാ
വം ആണു് മുഖ്യമായും പ്രതിഫലിക്കുന്നതു്. സാമ്രാജ്യരാജ്യങ്ങ
ളിലെ കുത്തകബൂഷ്വാസിയിൽനിന്നു് വ്യത്യസ്തമായി ഇന്ത്യൻ

ബൂർഷ്വാസി യുദ്ധത്തെ എതിക്കുന്നു. കാരണം, ഇന്ത്യൻ ബൂർഷ്വാസിയുടെ സ്വന്തം വളർച്ചക്കുതന്നെ ലോകസമാധാനം ആവശ്യമാണു്. സാമ്രാജ്യത്വ യുദ്ധചേരിയും സോഷ്യലിസത്തിന്റെ സമാധാനചേരിയുമായി ലോകം ഇന്നു് വ്യക്തമായി വിഭജിക്കപ്പെട്ടിരിക്കുന്നു; വിവിധ രാജ്യങ്ങളെ നിയന്ത്രണത്തിൻകീഴിലാക്കുന്നതിനു് അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വചേരി ആക്രമണസ്വഭാവമുള്ള സൈനികസഖ്യങ്ങൾ വാത്തെടുക്കുന്നു—ഇങ്ങിനെയുള്ള ഒരു ലോകപരിതഃസ്ഥിതിയിലാണു് ഇന്ത്യാഗവമ്മെണ്ടു് പുതുതായി നേടിയ രാഷ്ട്രീയസ്വാതന്ത്ര്യം കാത്തുരക്ഷിക്കാനും സ്വന്തം വർഗതാല്പര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുമായി നിഷ്പക്ഷതാ അഥവാ ചേരിചേരാനയം അംഗീകരിച്ചതു്. ഈനയം നടപ്പാക്കുന്നതിൽ സാമ്രാജ്യത്വചേരിയും സോഷ്യലിസ്റ്റ്ചേരിയും തമ്മിലുള്ള വൈരുദ്ധ്യങ്ങളും അതുപോലെതന്നെ അമേരിക്കൻസാമ്രാജ്യത്വവും ബ്രിട്ടീഷ്സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യങ്ങളും സംഘഷങ്ങളും ഉപയോഗപ്പെടുത്താൻ ഇന്ത്യാഗവമ്മെണ്ടു് ശ്രമിക്കുന്നു. നിഷ്പക്ഷതയുടേയും ചേരിചേരായ്മയുടേയും ഈ നയത്തിനു് ഇന്ത്യാഗവമ്മെണ്ടു് സ്വന്തം വർഗതാല്പര്യങ്ങൾക്കനുസൃതമായി വിവിധ സന്ദർഭങ്ങളിൽ വിവിധ വ്യാഖ്യാനങ്ങൾ നൽകിപ്പോരുന്നു.

48 സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യകാലയളവിൽ ഇന്ത്യ സ്വന്തം വ്യാവസായികവികസനത്തിനു് സാമ്രാജ്യവാദികളുടെ, പ്രത്യേകിച്ചു് അമേരിക്കയുടെ, സഹായം ഉററുനോക്കിക്കൊണ്ടിരുന്നപ്പോൾ, അമേരിക്കൻ ആയുധശക്തിയുടെ അജയ്യതയിൽ വിശ്വസിച്ചിരുന്നപ്പോൾ, സാമ്രാജ്യത്വചേരിയുടെ സൂത്രതന്ത്രങ്ങൾക്കും കള്ളപ്പോരുകൾക്കും വഴങ്ങുന്ന വ്യക്തമായ പ്രവണതകൾ പ്രകടിപ്പിക്കുകയുണ്ടായി. അക്കാലത്തു് ഇന്ത്യ സാമ്രാജ്യത്വചേരിയെ അതിയായി ആശ്രയിച്ചിരുന്നു.

മലയൻ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനുള്ള ഗൂർഖാപട്ടാളക്കാരെ റിക്രൂട്ടുചെയ്യാൻ ബ്രിട്ടീഷ് സാമ്രാജ്യവാദികൾക്ക് ഇന്ത്യൻ മണ്ണിൽ താവളങ്ങളനുവദിച്ചുകൊടുത്തതു്, വിയററ്നാം ജനാധിപത്യറിപ്പബ്ലിക്കിനെതിരായിയുദ്ധംചെയ്യാൻപോകുന്ന ഫ്രഞ്ചു് സാമ്രാജ്യവാദികളുടെ വിമാനങ്ങൾക്കു ഇന്ത്യൻ താവളങ്ങളിൽ സൗകര്യങ്ങളനുവദിച്ചുകൊടുത്തതു്, നാമമാത്രമായ വൈദ്യസഹായമാണെങ്കിൽകൂടി, കൊറിയയിലെ അമേരിക്കൻ പട്ടാളക്കാക്ക് സഹായമെത്തിച്ചുകൊടുത്തതു്, വ്യാവസായികവികസനത്തിന് സോവിയററ് യൂണിയൻ നല്കാമെന്നേററസഹായം സ്വീകരിക്കാൻ മടികാണിച്ചതു്—ഇവയെല്ലാം ഈ പ്രവണതയുടെ വ്യക്തമായസൂചനകളാണു്. ഈ കാലഘട്ടത്തിലാണു് ഐക്യരാഷ്ട്രസഭയിൽ ഇന്ത്യ പൊതുവേ പടിഞ്ഞാറൻചേരിയെപിന്താങ്ങിക്കൊണ്ടിരുന്നതു്—ഐക്യരാഷ്ട്രസഭയുടെ അടയാളം തൂക്കിയിട്ടുകൊണ്ടു് കൊറിയൻ ജനകീയ ജനാധിപത്യറിപ്പബ്ലിക്കിനെതിരായി അമേരിക്ക ആരംഭിച്ച ആക്രമണയുദ്ധം, വടക്കൻകൊറിയയെ ആക്രമണകാരിയെന്നു് മുദ്രകുത്തിയ ഐക്യരാഷ്ട്രപ്രമേയം എന്നിവയുൾപ്പടെയുള്ള പ്രശ്നങ്ങളിൽ ഇന്ത്യ ഈ നിലയാണു് സ്വീകരിച്ചതു്. ഈ വസ്തുത ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധി പരസ്യമായും അസന്ദിഗ്ദ്ധമായും പ്രസ്താവിക്കുകയുണ്ടായി.

49. പിന്നീടു് കൊറിയയിലും വിയററ്നാമിലും അമേരിക്കൻ ആയുധശക്തിക്കേററ ദയനീയ പരാജയം; സോഷ്യലിസ്റ്റ് ലോകത്തിൻെറ സാമ്പത്തിക-സൈനികശക്തിയിലുണ്ടായ വളർച്ചയും പടിഞ്ഞാറൻ, പ്രത്യേകിച്ചും അമേരിക്കൻ, അണ്വായുധകുത്തക തകർന്നതും; ഏഷ്യയിലും ആഫ്രിക്കയിലും വിമോചനസമരങ്ങൾക്കുണ്ടായ അഭൂതപൂർവമായ മുന്നേററം; ഇവയെല്ലാം കാരണമായി സോഷ്യലിസത്തിനും സമാധാനത്തിനും ദേശീയസ്വാതന്ത്ര്യത്തിനും അനുകൂലമായി ലോകശ

ക്തികളുടെ ബലാബലത്തിൽവന്ന മാററം; സാമ്രാജ്യവാദിക ളിൽനിന്നു് വ്യവസായവികസനത്തിനു് വമ്പിച്ച സഹായം കിട്ടുമെന്ന വ്യാമോഹം അസ്തമിച്ചതു്; മമ്മപ്രധാനമായ വ്യവ സായങ്ങൾ സ്ഥാപിക്കുന്നതിനു് സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ നിന്നു് നിസ്വാർത്ഥസഹായം കിട്ടാനുള്ള സാദ്ധ്യതകൾ വളർ ന്നതു്; ആദ്യത്തെ പൊതുതെരഞ്ഞെടുപ്പിൽനിന്നു് വ്യക്ത മായതുപോലെ രാജ്യത്തിനകത്തു് പൊതുജനങ്ങളിലുണ്ടായ പുരോഗമനപരമായ മാററവും സമാധാനപ്രസ്ഥാനത്തിന്റെ വളർച്ചയും; ഇന്ത്യയുടെ മേൽ സമ്മർദ്ദം ചെലുത്താൻവേണ്ടി "സിയാറേറാ" (ദക്ഷിണപൂർവേഷ്യൻ കരാർ സംഘടന) പട്ടാള സഖ്യത്തിൽ ചേരാൻ അമേരിക്കയും പാകിസ്ഥാനുംചേൎന്നുണ്ടാ ക്കിയ കരാറു്—ഇവയെല്ലാം ഇന്ത്യാ ഗവമ്മെണ്ടിന്റെ ചേരി ചേരാനയത്തിൽ ഒരു പുതിയ ഘട്ടത്തിന്റെ തുടക്കം കുറിച്ചു. സൈനികസഖ്യങ്ങൾക്കെതിരായി, സാമ്രാജ്യത്വാക്രമണത്തി നെതിരായി, കോളനിജനതകളുടെ സമരങ്ങൾക്കനുകൂലമായി നിരായുധീകരണത്തിനും അണ്വായുധനിരോധനത്തിനും വേണ്ടി ആഫ്രോ–ഏഷ്യൻ ഐക്യത്തിനുവേണ്ടി ഇന്ത്യാഗവമ്മെണ്ടു് മുന്നോട്ടുവന്നതു് ഈ ഘട്ടത്തിലാണു്. കൊറിയയിൽ സമാ ധാനം സ്ഥാപിക്കുന്നതിനു് ഇന്ത്യ വഹിച്ച പങ്കു്; വിയററ് നാമിനേയും ലാവോസിനേയും കമ്പോഡിയയേയും സംബ ന്ധിച്ച കരാറുണ്ടാക്കുന്നതിനുചേന്ന ജനീവാ സമ്മേളനത്തിലെ ഇന്ത്യയുടെ ഭാഗഭാഗിത്വവും സജീവമായ പങ്കും; സമാധാന പരമായ സഹവത്തിത്വത്തിന്റെ പഞ്ചശീലതത്വങ്ങൾ ഉൾ ക്കൊള്ളുന്നു. തിബത്തിനെ സംബന്ധിച്ച ഇന്ത്യാ–ചൈന കരാറിൽ ഒപ്പുവെച്ചതു്; ആഫ്രോ–ഏഷ്യൻ രാജ്യങ്ങളുടെ ബാ ന്ദുങ്ങു് സമ്മേളനത്തിൽ ഇന്ത്യ വഹിച്ചപങ്കു്—ഇവയിലെല്ലാം ഈ പുതിയ തുടക്കം വ്യക്തമായിക്കാണാം.

ചേരിചേരാനയത്തിനു് നൽകപ്പെട്ട ഈ പുതിയ സാമ്രാ ജ്യവിരുദ്ധ ഉള്ളടക്കം സാർവദേശീയ സംഭവവികാസങ്ങളിൽ

ക്രിയാത്മകമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. അണ്വായുധനയ തന്ത്രത്തിന്റെയും യുദ്ധത്തിന്റെയും നയങ്ങൾക്കെതിരായി, സാർവദേശീയഭിന്നതകൾക്കു സമാധാനപരമായ പരിഹാരം കണ്ടെത്തുന്നതിനും സമാധാനപരമായ സഹവർത്തിത്വത്തിനും വേണ്ടി അതു് ഇന്ത്യയെ കൂടുതൽ ഉറപ്പിച്ചുനിർത്തി. സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾ കൂടുതൽ അടുത്തതും സൗഹാർദ്ദപരവുംആയിത്തീർന്നു. ഇന്ത്യയുടെ സാർവലൗകിക പ്രശസ്തി, പ്രത്യേകിച്ചും ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ, വളരെ ഉയർന്നു.

50. എന്നാൽ 1958 മുതൽ ഇന്ത്യാഗവർമ്മെണ്ടിന്റെ വിദേശനയം ഒരു പുതിയദശയിൽക്കൂടിയാണു് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതു്. ഇന്ത്യ കോംഗോയിൽ എടുത്ത നിലപാടു്, അൽജീരിയായുടെ താത്കാലിക ഗവർമ്മെണ്ടിനെ അംഗീകരിക്കാൻ വിസമ്മതിച്ചതു്, പല കോളനിവിരുദ്ധ പ്രശ്നങ്ങളിലും വ്യക്തവും ഉറച്ചതും ആയ ഒരുനയം സ്വീകരിക്കാതിരുന്നതു്, വിയറ്റ്നാമിലെയും ലാവോസിലെയും സാർവദേശീയകമ്മിഷന്റെ അധ്യക്ഷനെന്ന നിലയിൽ വഹിച്ച സന്ദിഗ്ദ്ധമായ പങ്കു്, മിക്ക ആഫ്രോ-ഏഷ്യൻ രാജ്യങ്ങളുടെയും അഭിപ്രായഗതിക്കെതിരായി 1961-ലെ ചേരിചേരാ രാഷ്ട്രങ്ങളുടെ ബൽഗ്രേഡു് സമ്മേളനത്തിൽ എടുത്ത നിലപാടു്, ചേരിചേരാരാഷ്ട്രങ്ങളുടെ അടുത്തയിട നടന്ന കയ്റോ സമ്മേളനത്തിൽ വഹിച്ച പങ്കു്, സാമ്രാജ്യത്വപ്രചോദിതമായ മലേഷ്യക്കു നൽകിയ അംഗീകാരം—ഇവയെല്ലാം ഇന്ത്യൻ വിദേശനയത്തിലെ പുതിയ ദശയുടെ തെളിവുകളാണു്.

51. ഈ അടുത്തകാലത്തുമാത്രം കൊളോണിയൽ നുകം വലിച്ചെറിഞ്ഞ ഏഷ്യയിലെയും ആഫ്രിക്കയിലെയും നിരവധി രാജ്യങ്ങൾ ഈ പ്രശ്നങ്ങളിലും ഇതുപോലെതന്നെ മററ

നേകം പ്രശ്നങ്ങളിലും സുവ്യക്തവും സുദൃഢവുമായ സാമ്രാജ്യവിരുദ്ധനിലപാടെടുക്കുന്നുണ്ടെന്നതു് പ്രത്യേകം ശ്രദ്ധേയമാണു്. സോഷ്യലിസ്റ്റുചേരിയുടെ വർദ്ധിച്ച ശക്തിയും ആഫ്രിക്കയിലെ അനേകം രാജ്യങ്ങൾ സ്വാതന്ത്ര്യം നേടിയതും ലാററിൻ അമേരിക്കൻ നാടുകളിൽ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെമുന്നേററവും കാരണമായി മുമ്പെന്നത്തേക്കാളും കൂടുതൽ അനുകൂലമായ സാർവ്വദേശീയ സാഹചര്യം ഉണ്ടായിരിക്കുന്ന അവസരത്തിൽ സ്വതന്ത്ര ഇന്ത്യയുടെ ഗവർമ്മെണ്ടു് കൂടുതൽ നിശ്ചയദാർഢ്യത്തോടുകൂടി ചേരിചേരാനയവും സമാധാനനയവും കോളനിവിരുദ്ധനയവും അനുവർത്തിക്കുമെന്നാണു് ആരും പ്രതീക്ഷിക്കുക. പക്ഷേ സംഭവിച്ചതു് നേരേമറിച്ചാണു്.

52. ഇന്ത്യൻ കുത്തകകളുടെയും വൻകിട മുതലാളിത്തത്തിന്റെയും വളർച്ച; ഗവർമ്മെണ്ടിന്റെ സജീവമായ പ്രോത്സാഹനത്തോടെ സാമ്രാജ്യത്വകുത്തകകളും ഇന്ത്യൻകുത്തകകളും തമ്മിൽ വളർന്നുവരുന്ന ബന്ധങ്ങൾ; വ്യാവസായികവും സാമ്പത്തികവും സാങ്കേതികവും ആയ അതിപ്രധാനസഹായങ്ങൾ സോവിയററു് യൂണിയനും മററു സോഷ്യലിസ്റ്റു് രാജ്യങ്ങളും വത്സരപദ്ധതികൾക്കു് നൽകിയിട്ടും, ഇന്ത്യാഗവർമ്മെണ്ടു് പടിഞ്ഞാറൻ രാജ്യങ്ങളെ, പ്രത്യേകിച്ചു് അമേരിക്കയെ, കൂടുതൽ കൂടുതൽ ആശ്രയിക്കുന്നതു്; ഇന്ത്യയെ നേരിടുന്ന മൗലികപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഗവർമ്മെണ്ടു് പ്രകടിപ്പിക്കുന്ന കഴിവുകേടു്; അധ്വാനിക്കുന്ന ജനങ്ങൾ അധികാരത്തിലിരിക്കുന്ന രാജ്യങ്ങളിൽ വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഉറച്ച സോഷ്യലിസ്റ്റു് സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുത്തതും ഇവിടത്തെ സ്ഥിതിയും തമ്മിലുള്ള താരതമ്യം; ഗവർമ്മെണ്ടിന്റെ സാമ്പത്തികനയങ്ങൾ കാരണം രാജ്യത്തിനകത്തു് സാമൂഹ്യ വൈരുദ്ധ്യങ്ങൾക്കുണ്ടായ വളർച്ചയും തീവ്രതയും—ഇവയെല്ലാംതന്നെ ഗവർമ്മെണ്ടിന്റെ നയങ്ങളിൽ വമ്പിച്ച പ്രതി

കരണം ഉളവാക്കിയിട്ടുണ്ടു്. വിദേശനയവും ഇതിൽനിന്നു് ഒഴിവല്ല. ഇന്ത്യാ ഗവൺമെൻറിൻെറ വിദേശനയത്തിലെ ഈ പുതിയ ഘട്ടം വ്യക്തമായും ഈ സംഭവവികാസങ്ങളുടെ ഫലമാണു്, അതു് ഇന്നത്തെ ഗവൺമെൻറിൻെറ വർഗസ്വഭാവത്തിൽനിന്നുതന്നെ ഉടലെടുത്തതാണുതാനും. സാമ്രാജ്യത്വസഹായത്തെ കൂടുതൽ കൂടുതൽ ആശ്രയിക്കുന്നതുകാരണം കാശ്മീർ പ്രശ്നത്തെ സംബന്ധിച്ചു് പാകിസ്ഥാനുമായുള്ള തക്കത്തിൽ കൂടുതൽ കൂടുതൽ ഇടപെടാൻ ആംഗ്ലോ–അമേരിക്കൻ സാമ്രാജ്യവാദികൾക്കു് സൗകര്യംനൽകി.

53 ഏഷ്യയിലെ ഏററവും വലിയ രണ്ടു രാജ്യങ്ങൾ തമ്മിൽ ഒരതിർത്തിയുദ്ധത്തിലേക്കു് എത്തിച്ച ചൈനയുമായുള്ള അതിർത്തിതക്കവും അതേത്തുടർന്നു് നിലനിന്നുവരുന്ന ശീതസമരനിലയും ഇന്ത്യാഗവൺമെൻറിൻെറ വിദേശനയത്തിലുണ്ടായ ഈ മാററത്തെ കൂടുതൽ ത്വരിതപ്പെടുത്തി. അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും സൈനികസഹായം സ്വീകരിക്കാൻ, കൂടുതൽ ഭീമമായ സൈനികസഹായം കിട്ടാൻ അവയോടു് നടത്തുന്ന കെഞ്ചൽ, അമേരിക്കൻ പ്രക്ഷേപണ വകുപ്പുമായി ഉണ്ടാക്കിയ കരാർ എന്ന സംഭവം, ബ്രിട്ടീഷ്–അമേരിക്കൻ വ്യോമസേനകളോടുചേർന്നു് സംയുക്തവ്യോമാഭ്യാസങ്ങൾ നടത്തുന്നതു്, അമേരിക്കൻ ഏഴാം നാവികപ്പടയുടെ പ്രവർത്തനങ്ങൾ ഇന്ത്യാസമുദ്രത്തിലേക്കു വ്യാപിപ്പിക്കുന്നതിനു ഫലത്തിൽ സമ്മതം മൂളിയതു്, തെക്കൻവിയററ്നാമിലെ യുദ്ധം വിയററ്നാം ജനാധിപത്യറിപ്പബ്ലിക്കിലേക്കു് എന്ന അമേരിക്കൻ ഗവൺമെൻറിൻെറ ഭീഷണിയെപററി മൗനം ദീക്ഷിച്ചതു്, ടോംകിൻ ഉൾക്കടൽപ്രദേശത്തു് അമേരിക്കയുടെ നാവിക ആക്രമണത്തെയും ബോംബേറിനെയുംപററിയുള്ള ഉദാസീനമായ പ്രതികരണം, ഇന്ത്യാസമുദ്രത്തിൽ ഒരു സൈന്യസങ്കേതം സ്ഥാപിക്കാനുള്ള ആംഗ്ലോ–അമേരിക്കൻ പരിശ്ര

മങ്ങാംക്ക് ഫലത്തിൽ മൗനാനുവാദം നൽകിയതു്—ഇവയെല്ലാം ചേരിചേരാനയത്തെ വളരെയേറെ അപകടപ്പെടുത്തുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതിയിലേയ്ക്കു് എത്തിച്ചിരിക്കുന്നു. ഈ സ്ഥിതിവിശേഷത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു് പൂർണ്ണമായും പടിഞ്ഞാറൻ ചേരിയിലേയ്ക്കു് ഇന്ത്യയെ ചേർക്കാനുള്ള സമ്മർദ്ദം സാമ്രാജ്യശക്തികാം ചെലുത്തിവരുന്നു. അതേസമയം ഇന്ത്യയിലെ പിന്തിരിപ്പന്മാരാവട്ടെ, ഇന്ത്യയുടെ ചേരിചേരാവിദേശനയത്തെ കൂടുതൽ ദുർബലപ്പെടുത്തി രാജ്യത്തെ നേരേ എതിർമാർഗത്തിലേയ്ക്കു് നയിക്കാൻ ശ്രമിക്കുന്നു. ഈ പിന്തിരിപ്പൻ ശക്തികളെയും അവരുടെ ഉപജാപങ്ങളേയും പൂർണ്ണമായി തുറന്നുകാട്ടുകയും ഇത്തരം ദേശീയവിരുദ്ധഗൂഢാലോചനകളുടെ വസ്തുനിഷ്ഠമായ ഉറവിടം കഴിയുംവേഗം തുടച്ചുമാററുകയും ചെയ്തില്ലെങ്കിൽ ആപത്തു് എപ്പോഴും സംഭവിച്ചേക്കാം. ഇതിന്റെയെല്ലാം ഫലമായി ഏഷ്യൻ–ആഫ്രിക്കൻ രാജ്യങ്ങളിൽ ഇന്ത്യയുടെ അന്തസ്സ് വളരെ ഇടിഞ്ഞുപോയി. ലോകത്തെമ്പാടുമുള്ള സാമ്രാജ്യവിരുദ്ധശക്തികാംക്ക് അതു് ഉൽക്കണ്ഠയുളവാക്കിയിരിക്കുന്നു.

54. എന്നാലും ഇന്ത്യൻ ബൂർഷ്വാസിയും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യങ്ങാം തുടരുന്നു. കാശ്മീർ പ്രശ്നത്തിലും അതേസംബന്ധിച്ച സാമ്രാജ്യത്വ ഗൂഢതന്ത്രങ്ങളിലും, ജനകീയസമ്മർദ്ദംമൂലം അമേരിക്കൻ റേഡിയോ (വോയിസ് ഓഫ് അമേരിക്ക) കരാർ ഉപേക്ഷിക്കാൻ നിർബന്ധിതമായപ്പോഴും ഈ വൈരുദ്ധ്യങ്ങാം വ്യക്തമായി കാണപ്പെട്ടു.

55. ഗവമ്മെണ്ടിന്റെ വിദേശനയം ചേരിചേരായ്മയുടേയും യുദ്ധവിരോധത്തിന്റേയും വിശാലമായ ചട്ടക്കൂട്ടിലാണു് ഇപ്പോഴും തുടരുന്നതെങ്കിലും, മുതലാളിത്ത വികസ

നത്തിനുള്ള പഞ്ചവത്സരപദ്ധതികളുടെ പൂർത്തീകരണത്തിനു് കൂടുതൽ കൂടുതൽ പടിഞ്ഞാറൻ കുത്തകസഹായത്തെ ആശ്രയിക്കലും, വിദേശനാണയ മൂലധനവുമായുള്ള വളർന്നുവരുന്ന സാമ്പത്തികസഹകരണവും, ബ്രിട്ടീഷ് കോമൺവെൽത്തിലെ അംഗത്വം തുടരുന്നതും, ഇതിന്റെയെല്ലാംഫലമായി ഈ അടുത്തകാലത്തു് അനേകം കോളനിവിരുദ്ധപ്രശ്നങ്ങളിൽ കൈക്കൊണ്ട വഴുവഴുപ്പൻ നയങ്ങളും മററും മുഖേന അമേരിക്കൻ പുത്തൻ കൊളോണിയലിസത്തിന്റേയും ആക്രമണത്തിന്റേയും തന്ത്രങ്ങൾക്കു് ഇന്ത്യാഗവൺമെൻറു് വസ്തുനിഷ്ഠമായി അനുകൂലസാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയാണു്. അങ്ങിനെ സമാധാനത്തിന്റേയും ജനാധിപത്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും സോഷ്യലിസത്തിന്റേയും ശക്തിപ്രവാഹത്തിൽനിന്നു് ഇന്ത്യ ഒററപ്പെടുന്നു. ഇതു് നമ്മുടെ താല്പര്യങ്ങൾക്കു ഹാനികരമാണു്. വൻകിട ബൂർഷ്വാസി ഭരണകൂടത്തെ നയിക്കുകയും ജനവിരുദ്ധനയങ്ങൾ തുടരുകയുംചെയ്യുന്നകാലത്തോളം, ചേരിചേരാനയവും അതിന്റെ സത്യസന്ധമായ നടത്തിപ്പും നിർവ്വിഘ്നം പുരോഗമിക്കുമെന്നു ഉറപ്പിച്ചുകൂടെന്നു് ഇതു് വ്യക്തമാക്കുന്നു.

## 5.
## കോൺഗ്രസ്
## ഭരണകൂടത്തിൻകീഴിൽ
## ഭരണകൂടത്തിൻെറ ഘടനയും
## ജനാധിപത്യവും

**56.** മുതലാളിത്തവികസനമാർഗം നടപ്പാക്കുന്നതിനാ യി വിദേശനാണയമൂലധനവുമായി കൂടുതൽ കൂടുതൽ സഹകരി ക്കുന്ന വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന ബൂർഷ്വാസി യുടെയും ജന്മിമാരുടെയും വർഗഭരണത്തിൻെറ ഉപകരണമാണ് ഇന്നത്തെ ഇന്ത്യൻ ഭരണകൂടം. നാടിൻെറ ജീവിതത്തിൽ ഭര ണകൂടം നിർവഹിക്കുന്ന പങ്കം നടത്തുന്ന പ്രവർത്തനവും നിർണ യിക്കുന്നതു് ഈ വർഗസ്വഭാവമാണ്.

**57.** ഭാഷാസംസ്ഥാനങ്ങൾ, അവർക്ക് പൂർണ്ണമായ സ്വയംഭരണാധികാരം, ഗോത്രവർഗപ്രദേശങ്ങൾക്ക് പ്രാദേശികസ്വയംഭരണം അഥവാ മേഖലാസ്വയംഭരണം—എന്നീ അടിസ്ഥാനത്തിൽ കോൺഗ്രസ്നേതൃത്വം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യൻ റിപ്പബ്ലിക്കൻ ഭരണത്തിന്റെ ഘടന അഴിച്ചുകുട്ടി പണിതെടുക്കുമെന്നായിരുന്നു പ്രതീക്ഷ. ജനകീയ സമ്മർദ്ദംമൂലവും ജനകീയസമരങ്ങളുടെ പശ്ചാത്തലത്തിലും നാടുവാഴി–നാട്ടുരാജ്യവ്യവസ്ഥ അവസാനിപ്പിച്ച് അവയെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചുവെങ്കിലും, ഹ്രസ്വദൃഷ്ടികളായ പിന്തിരിപ്പൻ കുത്തകവിഭാഗങ്ങളുടെ സ്വാധീനത്തിൽപെട്ട കോൺഗ്രസ്നേതൃത്വം എല്ലാ സംസ്ഥാനങ്ങളേയും ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ വിസമ്മതിച്ചു. അവസാനം, മടിച്ചുമടിച്ച് ഇടവിട്ടാണെങ്കിലും, ജനാധിപത്യവാദികളായ ബഹുജനങ്ങളുടെ സമരസമ്മർദ്ദംമൂലം പ്രശ്നത്തിന് പരിഹാരമുണ്ടായി. എങ്കിലും ഇന്നും ചില പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്.

**58.** ഭാഷാപ്രശ്നം തൃപ്തികരമായി പരിഹരിക്കപ്പെട്ടിട്ടില്ല. വിവിധ സംസ്ഥാനങ്ങളിലെ ഭാഷകൾ ഇനിയും ഭരണഭാഷയായും കോടതിഭാഷയായും അധ്യയനമാധ്യമമായും അവരോധിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. നമ്മുടെ ഭരണത്തിലും വിദ്യാഭ്യാസത്തിലും ഇംഗ്ലീഷ് ഇപ്പോഴും മേധാവിത്വനില തുടരുകയാണ്. പ്രദേശികഭാഷകൾ ഭരണ–വിദ്യാഭ്യാസരംഗങ്ങളിൽ അവകാശപ്പെട്ട സ്ഥാനത്ത് അവരോധിക്കപ്പെടുന്നതിന് മുമ്പുതന്നെ, പാർലമെണ്ടിലും കേന്ദ്രഭരണത്തിലും അവയുടെ തുല്യപദവി പ്രയോഗികമായി നടപ്പാക്കുന്നതിനുംമുമ്പുതന്നെ, അഹിന്ദിഭാഷക്കാരുടെമേൽ ഇംഗ്ലീഷിനു പകരം ഹിന്ദി അടിച്ചേല്പിക്കാനുള്ള ശ്രമം നടക്കുന്നു. അഹിന്ദിക്കാരുടെ ഭാഷകൾക്ക് അവകാശപ്പെട്ട സ്ഥാനം നിഷേധി

ക്കപ്പെട്ടുമെന്നും അവ അടിച്ചമർത്തപ്പെട്ടുമെന്നും ഉള്ള ഭീതിക്കു് ഇതു് വഴിവെയ്ക്കുന്നു.

59. നമ്മുടേതൊരു ഫെഡറൽ ഭരണകൂടമാണെന്നു് പൊതുവെ കരുതപ്പെടുന്നുണ്ടെങ്കിലും, യഥാർത്ഥത്തിൽ അധികാരവും അധീശത്വവും മുഴുവൻതന്നെ കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കുകയാണു്. ഇന്ത്യൻ യൂണിയനിലെ ഘടകസംസ്ഥാനങ്ങൾക്കു് വളരെ പരിമിതമായ അധികാരങ്ങളും അവസരങ്ങളുമേ ഉള്ളു. അവയുടെ സ്വയംഭരണാധികാരം ഔപചാരികം മാത്രം. അതുകാരണം സംസ്ഥാനങ്ങൾ സന്ദിഗ്ദ്ധാവസ്ഥയിൽ കേന്ദ്രഗവൺമെണ്ടിനെ ആശ്രയിച്ചു് നിലകൊള്ളുന്നു; അവയുടെ വികസനവും മററു രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളും പരിമിതപ്പെടുന്നു; ഈ നില അവയുടെ പുരോഗതിയെ തടയുന്നു.

60. ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ കേന്ദ്രഗവൺമെണ്ടും സംസ്ഥാനങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ സ്വാഭാവികമായി വളർന്നുവരുന്നു. ഈ വൈരുദ്ധ്യങ്ങൾക്കടിയിൽ മിക്കപ്പോഴും കൂടുതൽ ആഴമുള്ള മറെറാരു വൈരുദ്ധ്യമുണ്ടു്: ഒരുഭാഗത്തു് വൻകിട ബൂഷ്വാസിയും മറുഭാഗത്തു് അതതു സംസ്ഥാനങ്ങളിലെ ബൂഷ്വാസിയുൾപ്പെടെ ജനങ്ങളാകെയും തമ്മിലുള്ള വൈരുദ്ധ്യം. മുതലാളിത്തത്തിൻകീഴിൽ സാമ്പത്തിക വികസനത്തിന്റെ അസമത കൂടിവരുന്നതുകൊണ്ടു് മേൽപ്പറഞ്ഞ ആഴമേറിയ വൈരുദ്ധ്യം നിരന്തരം മൂർച്ഛിച്ചുവരുന്നു.

61. പ്രത്യേകമായ സ്വന്തം ഭാഷകളും സംസ്കാരവും പാരമ്പര്യങ്ങളുമുള്ള ഗോത്രവർഗക്കാർ ഇടതിങ്ങി ഒരുമിച്ചു പാർക്കുന്ന പ്രദേശങ്ങൾ ചില സംസ്ഥാനങ്ങളിലുണ്ടു്. മുതലാളിത്തവികസനത്തിന്റെ പുതിയ സാഹചര്യങ്ങളിൽ ഈ ഗോത്രവർഗക്കാർ പരിവർത്തനത്തിനും നാശത്തിനും വിധേയരായിക്കൊണ്ടിരിക്കുന്നു. ഒരു പുതിയ ബോധത്തിലേയ്ക്കു്

അവർ തട്ടിയുണർത്തപ്പെട്ടിരിക്കുന്നു. പക്ഷെ ഇന്ത്യൻ യൂണിയനിലെ വലിയ സംസ്ഥാനങ്ങളിൽ ചെറിയ ഗ്രൂപ്പുകളായി ചിന്നിച്ചിതറി കിടക്കുന്ന അവർക്ക് ഈ പുതിയ ബോധം പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കുന്നില്ല. ഭൂമിശാസ്ത്രപരമായ കിടപ്പും വേണ്ടത്ര ജനസംഖ്യയുംമൂലം സാധ്യതയുള്ള ഇടങ്ങളിൽ തങ്ങളുടെ പ്രാദേശികാഭിവൃദ്ധി നേടുന്നതിനുവേണ്ടി മേഖലാസ്വയംഭരണമോ പൂർണ്ണ സ്വയംഭരണമോ ഗോത്രവർഗക്കാർ ആവശ്യപ്പെടുന്നു. പക്ഷെ ബൂഷ്വാസിയെ സംബന്ധിച്ചിടത്തോളം ഈ ഗോത്രവർഗക്കാർ വനം, ഖനി തുടങ്ങിയ ഇടങ്ങളിലെ പണിക്ക് തൊഴിലാളികളെ കിട്ടാൻ നല്ല ഉറവിടമാണ്; കൂടാതെ ഗോത്രവർഗപരിതഃസ്ഥിതി കാരണം അവരെ അനായാസമായി ചൂഷണം ചെയ്യാനും കഴിയും. അതുകൊണ്ട് ബൂഷ്വാസി ഗോത്രവർഗക്കാരുടെ ന്യായമായ ആവശ്യങ്ങൾ നിഷേധിക്കുകയും, അവരെ ശക്തിയുപയോഗിച്ചടിച്ചമർത്തുകയും മേലേക്കിട നേതാക്കൾക്ക് ചില സൗജന്യങ്ങൾ നൽകി അവരെ ഭിന്നിപ്പിക്കുകയും ചെയ്യുന്നു.

62. നമ്മുടേതൊരു മതേതര ജനാധിപത്യമാണെന്നും അതിലേയ്ക്ക് മതപരവും ശാസ്ത്രവിരുദ്ധവുമായ ആശയങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് തങ്ങൾ എതിരാണെന്നും വൻകിട ബൂർഷ്വാനേതൃത്വം ഉച്ചൈസ്തരം ഉൽഘോഷിക്കാറുണ്ട്. എന്നാൽ മതേതരത്വങ്ങൾക്ക് വിരുദ്ധമായ പ്രവണതകളെ എതിർക്കുന്നില്ലെന്നുമാത്രമല്ല, ബൂഷ്വാസി സൗജന്യങ്ങൾ നൽകി അവയെ ശക്തിപ്പെടുത്തുന്നു എന്നതാണ് സത്യം. ബൂഷ്വാസിയുടെ നേതാക്കൾ മതേതരത്വത്തിന്റെ ഉറച്ച നിലപാട് തുടർച്ചയായി കൈക്കൊള്ളുന്നില്ലെന്നുമാത്രമല്ല, അവർ തന്നെ മതപരമായ വിജ്ഞാനവിരോധത്തിന് (അന്ധവിശ്വാസത്തിന്) ഇരയാവുകയും ചെയ്യുന്നു. മതേതരത്വസിദ്ധാന്തത്തെ അവർ വളച്ചൊടിക്കാൻ ശ്രമിക്കുന്നു; മതേതരത്വമെന്നാൽ

രാഷ്ട്രീയത്തേയും മതത്തേയും പൂർണ്ണമായി വേർതിരിച്ചുനിറുത്തുക എന്നതിനുപകരം, എല്ലാ മതവിശ്വാസങ്ങൾക്കും സമാവകാശത്തോടെ ജനങ്ങളുടെ രാഷ്ട്രീയജീവിതത്തിൽ ഇടപെടാനവകാശമുണ്ടെന്ന അർത്ഥമാണ് ആളുകളെ അവർ പറഞ്ഞു് വിശ്വസിപ്പിക്കുന്നതു്. അനേകം ഔദ്യോഗികരേഖകളിൽനിന്നും റിപ്പോർട്ടുകളിൽനിന്നും ബൂഷ്വാസിയുടെ ഈ സമീപനം വ്യക്തമായി കാണാൻകഴിയും. അതിനുപുറമെ ദേശീയോദ്ഗ്രഥന കൗൺസിലിൽ ഹൈന്ദവേതരവർഗീയസംഘടനകളെ അതീവശ്രദ്ധയോടെ ഒഴിച്ചുനിർത്തിയെങ്കിലും, ജനസംഘത്തിന്റെയും ഹിന്ദുമഹാസഭയുടെയും പ്രതിനിധികളെ കേന്ദ്രഗവമ്മെണ്ടു് അതിൽ ഉൾപ്പെടുത്താൻ മടികാണിച്ചില്ലാ എന്ന വസ്തുത ഭൂരിപക്ഷസമുദായത്തിന്റെ വർഗീയതയ്ക്കു് കേന്ദ്രഗവമ്മെണ്ടു് സൗജന്യങ്ങൾ നൽകുന്നുവെന്നു് വ്യക്തമായി കാണിക്കുന്നു. അതുകൊണ്ടും അവസാനിക്കുന്നില്ല. സ്വന്തം സങ്കുചിത വർഗതാത്പര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ വേണ്ടി ജനകീയ പ്രസ്ഥാനത്തെ ഭിന്നിപ്പിക്കുന്നതിനു്, സമുദായങ്ങൾ തമ്മിലും ദേശീയജനവിഭാഗങ്ങൾ തമ്മിലും ഭിന്നതകൾ കുത്തിയിളക്കാനും ഭരണാധികാരിവർഗങ്ങൾ മടികാണിക്കുന്നില്ല.

അതുകൊണ്ടു്, മതേതരത്വസിദ്ധാന്തം വിട്ടുവീഴ്ചകൂടാതെ നടപ്പിൽവരുത്തുവാൻ വേണ്ടി സന്ധിയില്ലാത്ത സമരം നടത്തേണ്ട ചുമതല നമ്മുടെ പാർട്ടിക്കുണ്ടു്. ആ സിദ്ധാന്തത്തിൽനിന്നുള്ള നേരിയ വ്യതിയാനത്തെപ്പോലും തുറന്നുകാട്ടി എതിർക്കണം. തങ്ങൾക്കിഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ആചാരങ്ങൾ അനുഷ്ഠിക്കാനും—ഭൂരിപക്ഷസമുദായമായാലും ശരി, ന്യൂനപക്ഷസമുദായമായാലുംശരി—ഏതു പ്രത്യേക മതവിഭാഗത്തിനും ഉള്ള ഏതു് അവകാശവും, അതുപോലെതന്നെ ഒരു മതത്തിലും വിശ്വസിക്കാത്തവർക്കു് നിർമ്മതരായി കഴിയാനുള്ള

അവകാശവും സംരക്ഷിക്കുന്നതോടൊപ്പംതന്നെ, രാഷ്ട്രത്തിന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവും ആയ ജീവിതത്തിൽ തലയിടാനുള്ള അവയുടെ ഏതു രൂപത്തിലുള്ള ശ്രമത്തേയും പാർടി എതിർക്കണം. രാജ്യത്തിന്റെ പൊതുജീവിതത്തിൽ ഇടപെടാനുള്ള എല്ലാ മതഗ്രൂപ്പുനേതാക്കളുടെയും പരിശ്രമത്തെ ഒരുപോലെ എതിർക്കുന്നതോടൊപ്പംതന്നെ, ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കളുടെ സങ്കുചിത വർഗീയ നേതാക്കളുടെ നേരെ നമ്മുടെ എതിർപ്പ് കേന്ദ്രീകരിക്കുകയുംവേണം. അതേസമയംതന്നെ, മതേതരതത്വങ്ങൾ വിട്ടുവീഴ്ചകൂടാതെ നടപ്പിലാക്കിയാൽമാത്രമേ തങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയൂ എന്ന് ന്യൂനപക്ഷമതക്കാർക്ക് ചൂണ്ടിക്കാണിച്ചുകൊടുക്കുകയുംവേണം.

63. ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്ക് ഉറപ്പ് നൽകിയിട്ടുള്ള അവകാശങ്ങൾ ഇന്നത്തെ മുതലാളിത്തമത്സര പരിതഃസ്ഥിതിയിൽ നടപ്പാക്കുന്നില്ല. ബൂർഷ്വാ-ജന്മി ഭരണകൂടം ശിഥിലീകരണ-പിളർപ്പൻ ശക്തികളെ വളർത്തുകയും, ഉറച്ച അസ്ഥിവാരത്തിൽ രാജ്യത്തിന്റെ ഐക്യം കെട്ടിപ്പടുക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.

64. നമ്മുടെ ഭരണവ്യവസ്ഥയുടെ അടിത്തറ മുതലാളിത്തവളർച്ചയെ പ്രതിഫലിപ്പിക്കുന്ന അതികേന്ദ്രീകൃതമായ ഒരു ഉദ്യോഗസ്ഥമേധാവിത്വമാണെന്നതിനാൽ അധികാരശക്തി ഉന്നതതലത്തിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളിൽനിന്ന് ഒററപ്പെട്ടവരും ചൂഷകവർഗങ്ങളെ കൂറോടെ സേവിക്കുന്നവരും ആയ പ്രത്യേക പദവി അനുഭവിക്കുന്ന ഉദ്യോഗസ്ഥമേധാവികളാണ് ഈ അധികാരം പ്രയോഗിക്കുന്നത്. അങ്ങിനെ, നാട്ടിൻപുറങ്ങളിലെ തങ്ങളുടെ അധികാരശക്തി ഏകീകരിച്ച് ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന ഭരണാധികാരി

വർഗങ്ങളുടെ ഒരുപകരണമായി 'ജനങ്ങളുടെ പഞ്ചായത്ത് രാജ്" എന്ന് വിളിക്കപ്പെടുന്ന സ്ഥാപനങ്ങൾ മാറിത്തീർന്നിരിക്കുന്നു. ചൂഷകരും അവരുടെ ഉദ്യോഗസ്ഥമേധാവികളും ചേർന്ന് നടത്തുന്ന ഇത്തരമൊരു ബൂർഷ്വാജനാധിപത്യത്തിൽ ജനങ്ങളുടെ യഥാർത്ഥ ജനാധിപത്യത്തിന് യാതൊരു സ്ഥാനവുമില്ല.

**65.** തൊഴിലാളികൾക്കും കൃഷിക്കാർക്കും മററ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കുമെതിരായാണ് നീതിന്യായസമ്പ്രദായത്തിൻെറ ഭാരം തൂങ്ങുന്നത്. നിയമങ്ങളും നടപടിക്രമങ്ങളും നീതിന്യായവ്യവസ്ഥയുമെല്ലാം തത്വത്തിൽ ധനികരേയും ദരിദ്രരേയും ഒരേതരത്തിൽ തുല്യരായാണ് കരുതുന്നതെങ്കിലും, ഫലത്തിൽ ചൂഷകവർഗങ്ങളുടെ താത്പര്യങ്ങളെ സേവിക്കുകയും അവരുടെ വർഗാധിപത്യം നിലനിർത്തുകയുമാണ് ചെയ്യുന്നത്. നീതിന്യായവ്യവസ്ഥയെ ഭരണനിർവ്വഹണാധികാരത്തിൽനിന്നും (ജുഡിഷ്യറിയെ എക്സിക്യൂട്ടീവിൽനിന്നും) വേർതിരിച്ചുനിർത്തണമെന്ന ബൂർഷ്വാജനാധിപത്യതത്വം പോലും പാലിക്കപ്പെടുന്നില്ല. അതിനാൽ നീതിന്യായവ്യവസ്ഥ ഭരണനിർവ്വഹണാധികാരത്തിൻെറ സ്വാധീനശക്തിക്കും നിയന്ത്രണത്തിനും വിധേയമായിത്തീരുന്നു.

**66.** തൊഴിലാളിവർഗവും കർഷകവർഗവും ഇടത്തരക്കാരും അടങ്ങുന്ന ജനവിഭാഗത്തെ താരതമ്യപ്പെടുത്തുമ്പോൾ, ബൂർഷ്വാസിയും അവരുടെ ജന്മിവർഗക്കൂട്ടുകാരും നമ്മുടെ നാട്ടിലാകെ ഒരു ചെറിയ ന്യൂനപക്ഷമാണ്. പക്ഷെ, ഭൂമിയിലും മൂലധനത്തിലും മററുപജീവനോപാധികളിലും ഉള്ള ഉടമാവകാശം ഉപയോഗിച്ച് ഈ ന്യൂനപക്ഷം ഭൂരിപക്ഷത്തെ ഭരിക്കുകയും ചൂഷണംചെയ്യുകയും ചെയ്യുന്നു. പാർലമെണ്ടറി ജനാധിപത്യസമ്പ്രദായത്തിൽ, ഭൂരിപക്ഷവോട്ടുകൾകൊണ്ട് തെര

ഞ്ഞെടുക്കുന്നതാണെങ്കിലും, മുതലാളിത്ത ഭരണകൂടത്തിൻെറയും ഗവമ്മെണ്ടിൻെറയും രാഷ്ട്രീയ–സാമ്പത്തികസത്ത ന്യൂനപക്ഷത്തിൻെറ അധികാരശക്തിയാണ്.

**67.** ഈ അധികാരശക്തിയും അതിൻെറ വർഗതാത്പര്യങ്ങളും ചൂഷണം ചെയ്യപ്പെടുന്ന ബഹുജനങ്ങളുടെ താല്പര്യങ്ങളുമായി സംഘട്ടനത്തിലെത്തുമ്പോഠം, സ്വന്തം അധികാരവാഴ്ച നിലനിത്തുവാൻ ഗവമ്മെണ്ട് പട്ടാളത്തെയും പോലീസിനെയും വദ്ധമാനമായി ആശ്രയിക്കുന്നു. അതുകൊണ്ട് ബൂഷ്വാസി, പട്ടാളത്തിലേയും പോലീസിലേയും നൂറായിരക്കണക്കിന് അണികളെ ജനങ്ങളിൽ നിന്നും എല്ലാവിധ രാഷ്ട്രീയബോധങ്ങളിൽനിന്നും ജനാധിപത്യാവകാശങ്ങളിൽനിന്നും അകററിനിത്തുന്നു. തെരഞ്ഞെടുപ്പുകളിൽ പൗരന്മാരെന്ന നിലയിൽ വോട്ടുചെയ്യാൻള്ള അവകാശം അവർക്ക് അനുവദിച്ചുകൊടുക്കുമ്പോഠംകൂടി, യാതൊരു രാഷ്ട്രീയപാർടിയേയും തങ്ങളുടെ ഏതെങ്കിലും സാഹിത്യങ്ങഠംവഴി അവരെ സമീപിക്കാൻ അനുവദിക്കുന്നില്ല. പട്ടാളക്കാക്കാകട്ടെ, എന്തുകാരണമുണ്ടായാലും, തങ്ങളുടെ പാർലമെണ്ട് പ്രതിനിധികളുമായിപ്പോലും ബന്ധപ്പെടാനുള്ള അവകാശം നിഷേധിച്ചിരിക്കുന്നു.

**68** എന്നാൽ, മിക്കവാറും ബൂഷ്വാ–ജന്മിവർഗങ്ങളിൽനിന്നു് വരുന്നവരും, തങ്ങഠംക്കു് പ്രത്യേകമായുള്ള സ്ഥാപനങ്ങളിൽനിന്നു് വിദ്യാഭ്യാസം ലഭിച്ചവരും ആയ ജനറൽമാക്കും ഉയന്ന ഉദ്യോഗസ്ഥന്മാക്കും ഈ നിഷേധം ബാധകമല്ല. അവർ തിരശ്ശീലയ്ക്കുപിന്നിൽ സ്വന്തം രീതിയിൽ രാഷ്ട്രീയം കൈകാര്യംചെയ്തുപോരുന്നു.

**69.** പ്രായപൂത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു പാർലമെണ്ടും ജനങ്ങളുടെ ചില മൗലികാവകാശങ്ങളും ഇന്ത്യൻ റിപ്പബ്ലിക്കിൻെറ ഭരണ

ഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. എങ്കിലും വളരെ പരിമിതമായ അളവിലേ ഈ അവകാശങ്ങാം ഉപയോഗിക്കാൻ ജനങ്ങാംക്കു കഴിയു. ഭരണാധികാരികാം ഈ അവകാശങ്ങളിൽ മിക്കവയേയും ദുർവ്യാഖ്യാനിക്കുകയും വളച്ചൊടിക്കുകയും ലംഘിക്കുകയുംചെയ്യുന്നു. തൊഴിലാളികളും കൃഷിക്കാരും മററു ജനാധിപത്യജനവിഭാഗങ്ങളും നടത്തുന്ന സമരങ്ങളുടെ കാര്യംവരുമ്പോാം ഈ മൗലികാവകാശങ്ങാം അവക്ക് ഒട്ടു ബാധകവുമല്ലാതായിത്തീരുന്നു. നിയമസമാധാനത്തിൻെറപേരിൽ മാസങ്ങളോളവും കൊല്ലങ്ങളോളവും 144-ാംവകുപ്പ് നടപ്പിലാക്കി ലക്ഷക്കണക്കിനാളുകാം താമസിക്കുന്ന പ്രദേശങ്ങളിലാകെ യോഗങ്ങാം ചേരാനുള്ള സ്വാതന്ത്ര്യം ഗവമ്മെണ്ട് നിഷേധിക്കുന്നു. സ്വന്തം താത്പര്യങ്ങാം സംരക്ഷിക്കാൻ ഒരുമിച്ചു ചേരുന്നതിൽനിന്നു് തൊഴിലാളികളെയും കൃഷിക്കാരെയും തടയുക എന്നാണിതിനത്ഥം. തൊഴിലാളികളും കൃഷിക്കാരും മററു ജനാധിപത്യ ജനവിഭാഗങ്ങളും തങ്ങളുടെ രഷ്ട്രീയ-സാമ്പത്തികാവകാശങ്ങളും ആവശ്യങ്ങളും സംരക്ഷിക്കാൻവേണ്ടിയുള്ള പ്രവത്തനത്തിലേർപ്പെട്ടാൽ, അവർക്കെതിരായി ഭരണയന്ത്രത്തിൻെറ ഹിംസാശക്തി രൂക്ഷതരമായിത്തീരുന്നു. സ്വാതന്ത്ര്യാനന്തരമുള്ള ഈ പതിനെട്ടു വർഷങ്ങളിലും വെറുക്കപ്പെട്ട കരുതൽതടങ്കൽ നിയമം നിയമസംഹിതയുടെ അവിഭാജ്യഘടകമായിത്തുടരുന്നു. ബ്രിട്ടീഷ് ഭരണാധികാരികാംപോലുംയുദ്ധകാലത്തല്ലാതെ ഇതു് നിത്യമായിനടപ്പാക്കാൻധൈര്യപ്പെട്ടിട്ടില്ല. അതുപോലെതന്നെ ദേശീയാടിയന്തിരാവസ്ഥയെ സംബന്ധിച്ച് ഭരണഘടനയിൽ ചേത്തിട്ടുള്ളവകുപ്പുകാം ദുരുപയോഗപ്പെടുത്തുകയും, തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഇടത്തരക്കാരുടെയും ജനാധിപത്യസമരങ്ങളെ അടിച്ചമത്താൻ ഓർഡിനൻസുകാം (നിയമസഭയോടോ പാർലമെണ്ടിനോടോ ചോദിക്കാതെ ഗവർണറും പ്രസിഡണ്ടും പുറപ്പെടുവിക്കുന്ന അടിയന്തിരനിയമങ്ങാം) പുറപ്പെടുവിക്കുന്നു.

70. ദിനപത്രങ്ങൾ, യോഗശാലകൾ, നാടകശാലകൾ, റേഡിയോസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശവും അതിന്നാവശ്യമായ വമ്പിച്ച സാമ്പത്തികശേഷിയും ഉള്ള ചൂഷകവർഗങ്ങൾക്കുമാത്രമേ പത്രസ്വാതന്ത്ര്യം, പൊതുയോഗസ്വാതന്ത്ര്യം, പ്രചരണസ്വാതന്ത്ര്യം എന്നിവ യഥാൎത്ഥമായി അനുഭവിക്കാൻകഴിയൂ. അവരുടെ വമ്പിച്ച സാമ്പത്തികശേഷിയുമായി മത്സരിക്കാൻ തൊഴിലാളിവർഗത്തിന്ന് കഴിവില്ല. തന്മൂലം ഔപചാരികമായി എല്ലാവൎക്കും നല്കപ്പെട്ടിട്ടുള്ള ഈ അവകാശങ്ങൾ ഉപയോഗപ്പെടുത്താൻ തൊഴിലാളിവർഗത്തിനു കഴിയാതെവരുന്നു. ബൂൎഷ്വാജനാധിപത്യം എല്ലായ്പോഴും ചൂഷകരായ ധനികവർഗത്തിന്നുമാത്രം പ്രയോജനപ്പെടുന്ന ജനാധിപത്യമാണു്. അദ്ധ്വാനിക്കുന്ന ദരിദ്രജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം അതു്വെറും ഔപചാരികപദപ്രയോഗം മാത്രമാണു്, വെറും നിഴൽമാത്രം.

71. എന്നാലും, പ്രായപൂർത്തിവോട്ടവകാശവും പാർലമെണ്ടും സംസ്ഥാന നിയമസഭകളും ജനങ്ങളുടെ ജനാധിപത്യസമരത്തിൽ അവരുടെ താത്പര്യസംരക്ഷണത്തിനുള്ള ഉപകരണങ്ങളായി ഉപയോഗപ്പെടുത്താൻകഴിയും. ബൂൎഷ്വാവർഗഭരണത്തിന്റെ ഒരു രൂപമാണെന്നിരിക്കിലും, ഇന്ത്യയിലെ ഇപ്പോഴത്തെ പാർലമെണ്ടറിവ്യവസ്ഥ ജനങ്ങളുടെ പുരോഗതിക്കുതകുന്നതാണ്കൊള്ളുന്നു. ജനകീയതാത്പര്യങ്ങൾ സംരക്ഷിക്കാൻ, ഒരളവുവരെ ഭരണകാര്യങ്ങളിലിടപെടാൻ, സമാധാനത്തിനും ജനാധിപത്യത്തിനും സാമൂഹ്യപുരോഗതിക്കും സമരംചെയ്തു മുന്നോട്ടുവേണ്ടി സ്വയം അണിചേൎന്നു് സംഘടിക്കാൻ ഈ വ്യവസ്ഥ ജനങ്ങൾക്കു ചില അവസരങ്ങൾനൽകുന്നു.

72. പാർലമെണ്ടറിവ്യവസ്ഥയ്ക്കും ജനാധിപത്യത്തിനും എതിരായ ഭീഷണി തൊഴിലാളിവർഗത്തിൽനിന്നോ അവ

രുടെ താത്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന പാർട്ടികളിൽനിന്നോ അല്ല ഉണ്ടാകുന്നതു്. ചൂഷകവർഗങ്ങളിൽനിന്നാണു് ആ ഭീഷണി ഉയൎന്നുവരുന്നതു്. അവരാണു് പാർലമെണ്ടറി വ്യവസ്ഥയെ തങ്ങളുടെ സങ്കുചിതതാത്പര്യങ്ങളെ മുന്നോട്ടുകൊണ്ടുപോകാനും, അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ അടിച്ചമൎത്താനുമുള്ള ഉപകരണമാക്കിത്തീൎത്തു് അകത്തുനിന്നും പുറത്തുനിന്നും അതിനെ തുരങ്കംവെക്കുന്നതു്. ജനങ്ങൾ തങ്ങളുടെ ലക്ഷ്യത്തിലേക്കു് മുന്നേറാനുള്ള ഉപകരണമാക്കി പാർലമെണ്ടറി സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്താൻ തുടങ്ങുകയും, അങ്ങിനെ അവ പിന്തിരിപ്പൻ ബൂഷ്വാവർഗങ്ങളുടെ സ്വാധീനശക്തിയിൽനിന്നു് വിട്ടകലുകയും ചെയ്യുമ്പോൾ, 1959-ൽ കേരളത്തിൽ ചെയ്തതുപോലെ പാർലമെണ്ടറി ജനാധിപത്യത്തെ ചവുട്ടിമെതിക്കാൻ ബൂർഷ്വാ–ജന്മിവർഗങ്ങൾ മടികാണിക്കാറില്ല. തങ്ങളുടെ താത്പര്യങ്ങൾക്കു് ആവശ്യമായിവരുമ്പോൾ പാർലമെണ്ടറി ജനാധിപത്യത്തിനുപകരം സൈനികസ്വാധിപത്യം സ്ഥാപിക്കാനും ഈ വർഗങ്ങൾക്കു് മടിയില്ല. ഇത്തരം എല്ലാ ഭീഷണികളിൽനിന്നും നമ്മുടെ രാജ്യം വിമുക്തമാണെന്നു കരുതുന്നതു് പരമാബദ്ധവും ആപത്കരമായ വ്യാമോഹവും ആയിരിക്കും. അത്തരം ഭീഷണികളിൽനിന്നു് പാർലമെണ്ടറിസ്ഥാപനങ്ങളേയും ജനാധിപത്യസ്ഥാപനങ്ങളേയും ജനങ്ങളുടെ താത്പര്യങ്ങൾക്കുവേണ്ടി സംരക്ഷിക്കുകയെന്നുള്ളതും പാർലമെണ്ടിനുപുറത്തുള്ള പ്രവൎത്തനങ്ങളുമായി അകത്തുള്ള പ്രവൎത്തനങ്ങളെ സമൎത്ഥമായി കൂട്ടിയിണക്കി പ്രയോജനപ്പെടുത്തുകയെന്നുള്ളതും അത്യധികം പ്രാധാന്യമൎഹിക്കുന്നു.

## 6.

## ജനങ്ങളുടെ സ്ഥിതി

**73.** ഇക്കാലമത്രയും ബൂർഷ്വാ–ജന്മിഭരണകൂടവും ഗവൺമെണ്ടും നടപ്പിലാക്കിക്കൊണ്ടിരുന്ന ജനാധിപത്യം ജനങ്ങളെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ നിഷേധിക്കപ്പെടുകയാണുണ്ടായതു്. അതിൻെറ കീഴിൽ രാജ്യത്തിലെ അധ്വാനിക്കുന്ന ദശലക്ഷങ്ങളുടെ ചെലവിൽ ഏററവും ഉയന്ന ചൂഷകവർഗങ്ങൾ മാത്രമാണു് തടിച്ചുകൊഴുക്കുന്നതു്.

**74.** ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും, വർദ്ധമാനമായ സമ്പത്തു് മിക്കവാറും ചൂഷകവർഗങ്ങളുടെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കയാൽ ജനങ്ങളുടെ, ഭൗതികപരിതഃസ്ഥിതി മെച്ചപ്പെട്ടിട്ടില്ല. തൊഴിലാളിവർഗവും,

കൃഷിക്കാരും, ഇടത്തരക്കാരും മാത്രമല്ല, ഇടത്തരവും ചെറു കിടയുമായ വ്യവസായികളും വ്യാപാരികളുംകൂടി ഗവർമ്മെണ്ടിൻെറ നയങ്ങളേയും കുത്തകകളുടെ വർദ്ധമാനമായ ആധിപത്യത്തേയും എതിർക്കുകയാണു്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ അസംതൃപ്തി വിവിധസമരങ്ങളിൽക്കൂടി പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു.

75. തൊഴിലാളിവർഗത്തിൻെറമേൽ അനുക്രമം വദ്ധിച്ചുവരുന്ന ഭാരം കയററിവെയ്ക്കപ്പെടുന്നു. തൊഴിലുടമകളുടെയും ഗവർമ്മെണ്ടിൻെറയും രൂക്ഷമായ ആക്രമണങ്ങൾ തൊഴിലാളിവർഗത്തിനു് നേരിടേണ്ടിവരുന്നു. മൊത്തത്തിലുള്ള ഉല്പാദനം മാത്രമല്ല, തൊഴിലാളികളുടെ ഉല്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ടു്. എന്നിട്ടും വർദ്ധിച്ച സമ്പത്തിലുള്ള അവരുടെ ഓഹരി കുറയുകയും മുതലാളിമാരുടെ ഓഹരി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. തൊഴിലാളികളുടെ യഥാത്ഥവേതനത്തിൽയാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല. സമരംചെയ്തു് കൂലിക്കയററം നേടുന്നതിൽ അവർ വിജയിച്ചാൽതന്നെ, അനന്തമായി ഉയർന്നുകയറുന്ന വിലനിലവാരം അവരുടെ എല്ലാ കൂലിവദ്ധനവിനേയും വ്യർത്ഥമാക്കുന്നു. അനവധി വ്യവസായങ്ങളിലെ കൂലിനിലവാരം രണ്ടാംലോകമഹായുദ്ധത്തിനു് മുമ്പുണ്ടായിരുന്നതിനേക്കാൾ ഇടിഞ്ഞുതാണിട്ടുണ്ടു്. പുതിയ വ്യവസായശാലകളുടെ സ്ഥാപനത്തോടുകൂടി തൊഴിൽ കിട്ടിയവരുടെ എണ്ണം ഉയർന്നിട്ടുണ്ടെങ്കിലും അതിനേക്കാൾ ത്വരിതഗതിയിലാണു് തൊഴിലില്ലായ്മ വളർന്നിട്ടുള്ളതു്. ഇതു് അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കുടുംബജീവിതനിലവാരം വീണ്ടും ഇടിച്ചുതാഴ്ത്തുന്നു.

76. കൂലിനിർണ്ണയത്തിനുവേണ്ടി ട്രിബ്യൂണലുകൾ, മിനിമംവേജ് കമ്മററികൾ, വേജ്ബോർഡുകൾ തുടങ്ങിയ ചില ഏർപ്പാടുകൾ ഉണ്ടാക്കാൻ, ഏതാനും കൊല്ലങ്ങളായി

തൊഴിലാളികൾ നിശ്ചയദാർഢ്യത്തോടെ നടത്തിയ തീക്ഷ്ണമായ സമരങ്ങൾമൂലം മുതലാളികളേയും ഗവൺമെണ്ടിനെയും നിർബന്ധിതരാക്കിയിരിക്കുന്നു. ചില സംഘടിതവ്യവസായങ്ങളിൽ ചില സമീകരണങ്ങളും ക്രമീകരണങ്ങളും നടപ്പിലായിട്ടുണ്ടെങ്കിലും, മുതലാളിത്തവ്യവസ്ഥയുടെസവിശേഷതയായ വേതനാരാജകത്വം ഇപ്പോഴും തുടരുന്നു. ചുരുങ്ങിയ കൂലിയെ സംബന്ധിച്ച് ചില സാമാന്യതത്വങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോഴും അവ നടപ്പിലായിട്ടില്ല. ഈ സാമാന്യ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെണ്ടുപോലും തങ്ങളുടെ ജീവനക്കാർക്ക് വേതനം നൽകുന്നില്ല. ട്രേഡ് യൂണിയനുകളുടെ അംഗീകാരത്തിനും കൂട്ടായ വിലപേശലിനും ഉള്ള അവകാശം ഇപ്പോഴും നിഷേധിക്കപ്പെടുന്നു. അല്ലെങ്കിൽ തൊഴിലുടമ തന്നിഷ്ടപ്രകാരം അതു് പരിഹാസ്യമാക്കിത്തീർക്കുന്നു. എത്രയെത്രയോനിയമങ്ങൾ നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു! എന്നാൽ തൊഴിലുടമകൾ അവയെ ധിക്കാരത്തോടെ ലംഘിക്കുകയാണ്. ഗവൺമെണ്ടിന്റെ വ്യവസായബന്ധ സംഘടനയാവട്ടെ, മിക്കവാറും തൊഴിലാളിസമരങ്ങളെയും പണിമുടക്കങ്ങളെയും നേരിടാനാണ് മുഖ്യമായും ഉപയോഗപ്പെടുത്തുന്നതു്. സാമൂഹ്യഭദ്രതാവകാശം ഒരു വിഭാഗം തൊഴിലാളികൾ നേടിയെടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിലും, ഉദ്യോഗസ്ഥമേധാവിത്വം അതു നടപ്പിലാക്കുന്ന രീതി തൊഴിലാളികളെ സഹായിക്കുന്നതിനേക്കാൾ കൂടുതൽ ശല്യപ്പെടുത്തുകയാണ് ചെയ്യുന്നതു്. ഭവനനിർമ്മാണപദ്ധതിയെന്നുപറയപ്പെടുന്ന ഒന്നു് ഗവൺമെണ്ടും തൊഴിലുടമകളുംകൂടി തുടങ്ങിവെച്ചിട്ടുണ്ട്. എന്നാൽ തൊഴിലാളികളും അവരുടെ കുടുംബങ്ങളും സഹിച്ചു കഴിഞ്ഞുകൂടുന്ന ബീഭത്സമായ ചേരികളിൽനിന്നു് അവരെ മോചിപ്പിക്കാൻ ഈ പദ്ധതികൾക്കു് കഴിഞ്ഞിട്ടില്ല. ഗവൺമെണ്ടു് സ്വന്തം നിയമങ്ങളെത്തന്നെയും നിലവിലുള്ള സമ്പ്രദായങ്ങളെയും തീരെ വിലവെക്കാത്തതുകൊണ്ടു് സ്റ്റേററ്

മേഖലാസ്ഥാപനങ്ങളിലെ ജോലിക്കാരുടെ സ്ഥിതി പ്രത്യേകിച്ചും മോശമാണ്. ഈ സ്ഥാപനങ്ങളിൽ വേതനനിലവാരം വളരെ താഴെയാണെന്നു മാത്രമല്ല, ട്രേഡ് യൂണിയൻ അവകാശങ്ങാംപോലും ഫലത്തിൽ നിലവിലില്ല. തൊഴിലാളികളെ ഭീഷണിപ്പെടുത്തി ട്രേഡ്യൂണിയൻപ്രസ്ഥാനത്തെ അടിച്ചമത്താൻ ഗവമ്മെണ്ടുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ അനുവത്തിക്കുന്ന ഏററവും ഹീനമായ മാർഗങ്ങളിലൊന്നാണ് തൊഴിലാളികളെ സംബന്ധിച്ച പോലീസ് വെരിഫിക്കേഷൻ (പോലീസ് പരിശോധന).

**77.** ദശലക്ഷക്കണക്കിനുള്ള നമ്മുടെ കൃഷിക്കാർ നികൃഷ്ടമായ ദാരിദ്ര്യത്തിലും പിന്നോക്കാവസ്ഥയിലും ആണ് ജീവിച്ചുപോരുന്നതു്. കർഷകവർഗത്തിൽ മുക്കാൽഭാഗത്തിനും സ്വന്തമായി ഭൂമിയില്ലെന്നുതന്നെ പറയാം. തികച്ചും പാപ്പരായ ജീവിതമാണവരുടേതു്. മുതലാളിത്തവിപണിയിലെ കൃത്രിമപ്പണികാംകൊണ്ടും ഉയന്നനികുതികാം ചുമത്തിയും, അമിതമായ പലിശയും പാട്ടവും ഈടാക്കിയും കർഷകവർഗത്തെ കൊള്ളയടിക്കുന്ന സമ്പ്രദായം ഇപ്പോഴും തുടരുന്നു. കുടുംബജീവിതം ഒരുവിധം തള്ളിക്കൊണ്ടുപോകാനുള്ള വേതനംപോലും കിട്ടാതെ പണിയെടുക്കാൻ കാർഷികത്തൊഴിലാളികളും ദരിദ്രകൃഷിക്കാരും നിർബന്ധിതരാവുന്നു. തൊഴിലില്ലായ്മ, വിശപ്പ്, കടഭാരം, പരമദാരിദ്ര്യം—ചുരുക്കിപ്പറഞ്ഞാൽ, നമ്മുടെ കർഷകവർഗത്തിന്റെ സവ്നാശമാണ് ഇന്നു് നാട്ടിൻപുറങ്ങളിൽ കാണുന്നതു്.

**78.** ഇന്ത്യയും പാകിസ്ഥാനും ആയി രാജ്യത്തെ വർഗീയമായി വിഭജിച്ചതുകാരണം അനേകദശലക്ഷം വരുന്ന അഭയാത്ഥികളുടെ വമ്പിച്ചപ്രശ്നം ഉയൻവന്നു. കൂടാതെ, പുതുതായി രൂപീകരിക്കപ്പെട്ട ഈ രണ്ടു രാജ്യങ്ങാം തമ്മിൽ തുടർച്ചയായി

നിലനിന്നുവരുന്ന സംഘർഷാവസ്ഥയും സംഘട്ടനവും ഈ അഭയാർത്ഥികളുടെ സംഖ്യ വീണ്ടും വർദ്ധിപ്പിക്കാൻ കാരണമായി. ഈ പ്രശ്നം ഇനിയും തൃപ്തികരമായി പരിഹരിക്കപ്പെട്ടിട്ടില്ല. ഗവമ്മെണ്ടു് പല വാഗ്ദാനങ്ങളും നിറവേററുന്നതിൽനിന്നു് ഒഴിഞ്ഞുമാറിയിരിക്കുന്നു. അഭയാർത്ഥികളുടെ പുനരധിവാസത്തിനു് പര്യാപ്തമായയതു ഏർപ്പാടുകഠം ഉണ്ടായിട്ടില്ല. അവരുടെ സ്ഥിതി അങ്ങേയററം ദയനീയമാണു്. ഇന്ത്യയുടെ പല ഭാഗത്തും, പ്രത്യേകിച്ചും ബംഗാഠം സംസ്ഥാനത്തു്, ഉള്ള ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുന്നതാണീപ്രശ്നം. പുനരധിവാസത്തിനുള്ള പദ്ധതികളും, ഗവമ്മെണ്ടു് അവ പ്രായോഗികമായി നടപ്പിൽവരുത്തുന്ന സമ്പ്രദായവും ഇക്കാര്യത്തെപ്പററിയുണ്ടായിരുന്ന എല്ലാ പ്രതീക്ഷകളെയും തകർത്തു കഴിഞ്ഞിരിക്കുന്നു.

79. മൗലികമായ കാർഷികപരിഷ്ക്കാരങ്ങളില്ലാതെയും, വിദേശമൂലധനത്തെ സമ്പദ്‌വ്യവസ്ഥയിൽനിന്നു് ഒഴിവാക്കാതെയും നമ്മുടെ ഭരണാധികാരിവർഗങ്ങഠം അംഗീകരിച്ചിട്ടുള്ള മുതലാളിത്തവികസനമാർഗം കൈത്തറി നെയ്ത്തുകാരെയും മററുംപോലുള്ള ദശലക്ഷക്കണക്കിൽ കൈത്തൊഴിലുകാരുടെ ജീവിതത്തിൽ കനത്ത പ്രഹരമേല്പിച്ചിരിക്കുന്നു. തൊഴിലില്ലാത്തവരുടെയും നിർദ്ധനരുടെയും അണികളിലേക്കു് തുടരെ തുടരെ അവർ എടുത്തെറിയപ്പെടുകയാണു്. അല്ലെങ്കിൽ, അങ്ങേയററം താണവരുമാനത്തിൻെറയും, ഭക്ഷണസാധനങ്ങഠം മററുസംസ്കൃതപദാർത്ഥങ്ങഠം എന്നിവയുടെ വമ്പിച്ച വിലക്കയററത്തിൻെറയും, അനേകതരം ഭാരിച്ച നികുതികളുടെയും കീഴിലമന്നു് കൈത്തൊഴിൽക്കാർ പിഴിയപ്പെടുകയാണു്. ദുരിതമനുഭവിക്കുന്ന കൈത്തൊഴിലുകാരും അവരുടെ കുടുംബങ്ങളും അടങ്ങുന്ന വമ്പിച്ച ജനസാമാന്യത്തിനു് കേന്ദ്ര–സംസ്ഥാന ബഡ്ജററുകളിൽ ഉഠംക്കൊള്ളിച്ചിട്ടുള്ള ചുരുങ്ങിയ സഹായധനം

കൊണ്ടു് യഥാൎത്ഥ ആശ്വാസം യാതൊന്നും ലഭിക്കുന്നില്ല. ഗവൎമ്മെണ്ടിന്റെ ജനവിരുദ്ധനയം ഈ പ്രശ്നത്തിനു യാതൊരു പരിഹാരവും നിൎദ്ദേശിക്കുന്നില്ല. നമ്മുടെ നാട്ടിലെ കൈത്തൊഴിലുകാൎക്കിടയിൽ അസംതൃപ്തി അതിവേഗം വ്യാപിച്ചു വരികയാണു്.

80. നഗരങ്ങളിലെ ഇടത്തരക്കാരുടെ ജീവിതവും ഇതിനേക്കാറം ഒട്ടും മെച്ചമല്ല. ഉയൎന്ന ജീവിതച്ചെലവു്, താഴ്ന്ന ശമ്പളം, മോശമായിക്കൊണ്ടിരിക്കുന്ന ജീവിതനിലവാരം—ഇതാണു് അവരുടെ സ്ഥിതി. ഈ അടുത്തകാലത്തു് ഇടത്തരക്കാരുടെ തൊഴിലില്ലായ്മ രൂക്ഷമായി വൎദ്ധിച്ചിട്ടുണ്ടു്. തൊഴിലാളിവൎഗത്തെ നേരിടുന്ന അതേ ജീവിതപ്രശ്നങ്ങറം തന്നെയാണു് ഗവൎമ്മെണ്ടു് ആപ്പീസുകളിലും സ്വകാൎയ്യ ആപ്പീസുകളിലും ബാങ്കുകളിലും വ്യാപാരസ്ഥാപനങ്ങളിലും പള്ളിക്കൂടങ്ങളിലും കലാശാലകളിലും അതുപോലുള്ള മറ്റു സ്ഥാപനങ്ങളിലും പ്രവൃത്തിയെടുക്കുന്നു ഇടത്തരക്കാരായ ശമ്പളക്കാരെയും നേരിടുന്നതു്. കലാ-സാഹിത്യ-ശാസ്ത്രീയ-സാംസ്കാരിക രംഗങ്ങളിൽ നമ്മുടെ ഇടത്തരക്കാർ പ്രധാനമായ ഒരു പങ്കു് വഹിക്കുന്നുണ്ടു്. പക്ഷെ, അവരിൽ മിക്കവരെ സംബന്ധിച്ചിടത്തോളവും ഈ രംഗങ്ങളുടെ വാതിൽ അടക്കപ്പെട്ടിരിക്കുകയാണു്. വിദ്യാസമ്പന്നരായ ഇടത്തരം യുവാക്കറം തൊഴിൽ വിനിമയസ്ഥാപനങ്ങളുടെ (എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ) മുമ്പിൽ വരിവരിയായി ആകാംക്ഷയോടെ നില്ക്കുന്നതാണു് നാം കാണുന്നതു്.

81. ഇന്നത്തെ ഗവൎമ്മെണ്ടിന്റെ നയങ്ങളും, വിദേശകുത്തകകളുടെയും ഇന്ത്യൻ കുത്തകകളുടെയും മൂലധനവ്യാപാരികളുടെയും പ്രവൎത്തനങ്ങളും, അനവധി വ്യവസായികളെയും വ്യാവസായികോല്പാദകരേയും ബിസിനസ്സുകാരേയും വ്യാപാ

രികളേയുംകൂടി പ്രതികൂലമായി ബാധിക്കുന്നു. മൂലധനം, അസംസ്കൃതപദാൎത്ഥങ്ങൾ, യാത്രാസൗകര്യങ്ങൾ, ഇറക്കുമതി-കയററുമതി ലൈസൻസുകൾ എന്നിവയുടെ വിഹിതം നിർണയിക്കുന്ന കാര്യത്തിൽ ഗവമ്മെണ്ടും ഉദ്യോഗസ്ഥമേധാവികളും അനുവൎത്തിക്കുന്ന നയം വൻകിട മുതലാളിമാരൊഴികെ മിക്കവാറും എല്ലാവരെയും വിഷമിപ്പിക്കുന്ന തരത്തിലുള്ളതാണു്. ചെറുകിട വ്യവസായങ്ങളിലും കുടിൽവ്യവസായങ്ങളിലും ഏൎപ്പെട്ടിരിക്കുന്നവർ സ്ഥിരമായ കുഴപ്പത്തിലാണു്.

82. ഗവമ്മെണ്ടു് തുടരുന്ന ജനവിരുദ്ധനയം കാരണം കുതിച്ചുകയറുന്ന വിലനിലവാരം, വൎദ്ധമാനമായ നികുതികൾ, മുൻപിൻ നോക്കാത്ത നാണയപ്പെരുപ്പം എന്നിവ ജനസാമാന്യത്തെയാകെ മുച്ചൂടും മുടിക്കുകയാണു. ഒരു ഭാഗത്തു് വിരലിലെണ്ണാവുന്ന പുത്തൻപണക്കാരും വൻകിടചൂഷകരും അവരുടെ ആശ്രിതരും സുഖഭോഗസമൃദ്ധിയിൽ മുഴുകിക്കഴിയുമ്പോൾ മറുഭാഗത്തു് കോടാൻകോടി ജനങ്ങൾ നികൃഷ്ടതയിലും ദാരിദ്ര്യത്തിലും അമൎന്നു് ഞെരുങ്ങുകയാണു്. ഒരു ഭാഗത്തു് ജനങ്ങളും മറുഭാഗത്തു് വൻകിട ബൂർഷ്വാസി നേതൃത്വം വഹിക്കുന്ന ബൂർഷ്വാ-ജന്മി ഗവമ്മെണ്ടും തമ്മിലുള്ള വൈരുദ്ധ്യങ്ങളും സംഘട്ടനങ്ങളും നിരന്തരം മൂർഛിച്ചുകൊണ്ടിരിക്കുകയാണു്.

★

# 7.

# ജനകീയജനാധിപത്യ പരിപാടി

**83.** മുതലാളിത്ത സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്ന നയങ്ങളിലും ശ്രമങ്ങളിലും ജനങ്ങൾക്കുള്ള വ്യാമോഹങ്ങൾ അതിവേഗം നീങ്ങിവരികയാണ്. ഇന്നത്തെ ബൂഷ്വാ–ജന്മി ഭരണത്തിൻകീഴിൽ പിന്നോക്കാവസ്ഥ, ദാരിദ്ര്യം, വിശപ്പ്, ചൂഷണം എന്നിവയിൽനിന്ന്, മോചനം കിട്ടുമെന്ന യാതൊരുപ്രതീക്ഷക്കും വകയില്ലെന്ന് ജീവിതം തന്നെ ജനങ്ങളെ പഠിപ്പിക്കുന്നു. സോഷ്യലിസ്റ്റ് ആശയങ്ങളോട് ജനങ്ങളുടെ വളർന്നുവരുന്ന ആഭിമുഖ്യം ഈ ഉണർവിന്റെ തെളിവാണ്. ഒരു സാമൂഹ്യവ്യവസ്ഥ എന്ന നിലയിൽ മുതലാളിത്തത്തിനുള്ള മതിപ്പ് ജനങ്ങളുടെ ഇടയിൽ ഉത്തരോത്തരം കുറഞ്ഞു വരികയാണ്. ഇക്കാരണം കൊണ്ടുതന്നെയാണ്,

നമ്മുടെ ബൂർഷ്വാഭരണാധികാരികൾപോലും, മുതലാളിത്തവികസനശ്രമങ്ങളെ സോഷ്യലിസത്തിന്റെ പൊയ്മുഖംകൊണ്ടു മറയ്ക്കാൻ ശ്രമിക്കുന്നതു്.

**84.** സുശക്തമായ ലോകസോഷ്യലിസ്റ്റ്വ്യവസ്ഥ രൂപമെടുത്തു് അതിവേഗം വളർന്നുകൊണ്ടിരിക്കുകയും ലോകമുതലാളിത്തം സത്വരം ശിഥിലീകരിക്കപ്പെട്ടുവരികയും ചെയ്യുന്ന ഇന്നത്തെ ഐതിഹാസികമായ സ്ഥിതിവിശേഷത്തിൽ, സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്ന അനേകം അവികസിതരാജ്യങ്ങൾക്കു് സ്വാതന്ത്ര്യം നേടിയശേഷം ദേശീയ ജനാധിപത്യഭരണക്കൂടം സ്ഥാപിക്കാനുള്ള വിപുലമായ നൂതനാവസരങ്ങൾ കൈവന്നിരിക്കുന്നു. വളർന്നുവരുന്ന തൊഴിലാളിവർഗത്തിനു് ആ ഭരണക്കൂടത്തിൽ ക്രമേണ മുന്നണിനേതൃത്വം സ്ഥാപിച്ചശേഷം മുതലാളിത്തഘട്ടത്തെ മറികടന്നുകൊണ്ടു് രാജ്യത്തെ മുതലാളിത്തേതര വികസനപാതയിലൂടെ നയിക്കാൻ കഴിയും.

**85.** എന്നാൽ ഇന്ത്യയിൽ നമ്മെ സംബന്ധിച്ചിടത്തോളം അത്തരമൊരു സാദ്ധ്യത ഇല്ലാതിരിക്കയാണു്. ബ്രിട്ടീഷ്കാരുടെ കോളനിവാഴ്ചക്കുകീഴിലായിരുന്നപ്പോൾപോലും നമ്മുടെ രാജ്യം മുതലാളിത്തപരമായി വളർന്ന കോളനികളിലും അർദ്ധകോളനികളിലും പെട്ട ഒന്നായിരുന്നു. ദേശീയ വിമോചനപ്രസ്ഥാനത്തിന്റെയും, 1947-ൻശേഷം പുതിയ സ്വതന്ത്രഭരണക്കൂടത്തിന്റെയും നേതൃത്വം വഹിച്ച വൻകിട ബൂർഷ്വാസി രണ്ടുദശാബ്ദക്കാലത്തോളം തുടർച്ചയായി ഭരണം നടത്തി; ഇക്കാലയളവിൽ ഒരു ഭാഗത്തു് ജനങ്ങളുടെ ചെലവിലും, മറുഭാഗത്തു് സാമ്രാജ്യത്വവും വൻകിടജന്മിത്തവും ആയി സന്ധി ചെയ്തും വിലപേശിയും, സ്വന്തം വർഗാധികാരം വളരെയധികം പ്രബലപ്പെടുത്താൻ വൻകിട ബൂർഷ്വാസി

ഭരണം ഉപയോഗപ്പെടുത്തുകയും ചെയ്തു. അങ്ങിനെ അവർ മുതലാളിത്തവികസനപാതയിലേക്ക് പ്രവേശിച്ചിരിക്കുകയാണു്. രണ്ടുദശാബ്ദക്കാലം കൊണ്ടു് ഇന്ത്യൻ കുത്തകകൾ വൻതോതിൽ വളരുകയും ഇന്ത്യൻ മുതലാളിത്തം ശക്തിപ്പെടുകയും ചെയ്തു. വസ്തുത ഇതായിരിക്കെ, മുതലാളിത്തേതര വികസനമാർഗത്തെപ്പററിയും ഈ ലക്ഷ്യം നേടാൻ ഇവിടെ ദേശീയജനാധിപത്യഭരണകൂടം സ്ഥാപിക്കുന്നതിനെപററിയുമുള്ള വർത്തമാനമെല്ലാം യാഥാർത്ഥ്യത്തിനു് നിരക്കാത്തതാണു്. വൻകിടബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള ഈ ബൂർഷ്വാ–ജന്മിഗവമ്മെണ്ടിനെ അധികാരത്തിൽനിന്നും മാററാതെ കാർഷികരംഗത്തെ വരിഞ്ഞുകെട്ടിയിരിക്കുന്ന നാടുവാഴി–അർദ്ധനാടുവാഴിച്ചങ്ങലകൾ തകർക്കുക, സാമ്രാജ്യത്വകുത്തകമൂലധനത്തെ പിഴുതെറിയുക എന്നീ അടിസ്ഥാന ജനാധിപത്യകടമകൾ പോലും പൂർത്തീകരിക്കാൻ കഴിയില്ല.

86. ഇന്ത്യയിലെ മുതലാളിത്തവികസനം പടിഞ്ഞാറൻ യൂറോപ്പിലും മററു വികസിതമുതലാളിത്തരാജ്യങ്ങളിലും ഉണ്ടായതരത്തിലുള്ള ഒന്നല്ല. ഇന്ത്യൻ സമുദായം മുതലാളിത്തമാർഗത്തിലൂടെയാണു വളരുന്നതെങ്കിലും, അതിൽ മുതലാളിത്താതീത സാമൂഹ്യവ്യവസ്ഥയിലെ പ്രബലമായ അംശങ്ങൾ അടങ്ങിയിട്ടുണ്ടു്. വികസിതമുതലാളിത്തരാജ്യങ്ങളിൽ ഉയർന്നുവന്ന ബൂർഷ്വാസി മുതലാളിത്തത്തിനു മുമ്പുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥ നശിപ്പിച്ചു; ആ ചിതാഭസ്മത്തിന്മേലാണു് അവിടങ്ങളിൽ മുതലാളിത്തം വളർന്നുവികസിച്ചതു്. എന്നാൽ ഇന്ത്യയിലാവട്ടെ, മുതലാളിത്താതീതസാമൂഹ്യവ്യവസ്ഥയുടെമേൽ മുതലാളിത്തം കെട്ടിവെയ്ക്കപ്പെടുകയാണുണ്ടായതു്. മുതലാളിത്താതീത സാമൂഹ്യവ്യവസ്ഥയുടെമേൽ മാരകമായ പ്രഹരം ഏല്പിക്കുന്നതു്, മുതലാളിത്തസമുദായത്തിന്റെ സ്വതന്ത്രമായ വളർച്ച

ക്കം തുടന്ന് അതിന്റെ സ്ഥാനത്ത് സോഷ്യലിസ്റ്റ് സമുദായത്തിന്റെ ആവിർഭാവത്തിനും ആവശ്യമാണ്; എന്നാൽ, ഒരു നൂററാണ്ടിലേറെക്കാലം ഭരണം നടത്തിയ ബ്രിട്ടീഷ് കോളനിയുടമകളോ, 1947-ൽ അധികാരമേററ ഇന്ത്യൻ ബൂർഷ്വാസിയോ മുതലാളിത്താതീതസാമൂഹ്യവ്യവസ്ഥയുടെമേൽ ഇത്തരമൊരു പ്രഹരം ഏല്പിക്കുകയുണ്ടായില്ല. അതുകൊണ്ട് ഇന്നത്തെ ഇന്ത്യൻ സമുദായം ജാതി-വർഗീയ-ഗോത്രസ്ഥാപനങ്ങളും കുത്തകമുതലാളിത്താധിപത്യവും ഒന്നുചേർന്നിട്ടുള്ള ഒരു പ്രത്യേകതരം സംയോജനമാണ്. അങ്ങിനെ മുതലാളിത്താതീതസാമൂഹ്യവ്യവസ്ഥയെ നശിപ്പിക്കുന്നതിൽ താത്പര്യമുള്ള എല്ലാ പുരോഗമനശക്തികളെയും ഏകീകരിക്കുകയും, ജനാധിപത്യവിപ്ലവം അതിവേഗം പൂർത്തീകരിച്ച് സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിനു കളമൊരുക്കുവാനുള്ള പ്രവർത്തനം സുകരമാക്കുകയും ചെയ്യത്തക്കവിധം സമൂഹത്തിലെ വിപ്ലവശക്തികളെ സംയോജിപ്പിക്കുകയും ചെയ്യുകയെന്നത് തൊഴിലാളിവർഗത്തിന്റെയും തൊഴിലാളിവർഗപാർടിയുടെയും ചുമതലയായിത്തീർന്നിരിക്കുന്നു.

**87.** മേൽവിവരിച്ച ചുമതലകളെ നേരിടുന്ന ഇത്തരുണത്തിൽ, ഇന്നത്തെ ഗവൺമെണ്ട് നമ്മെ കൊണ്ടെത്തിച്ചിട്ടുള്ള സ്തംഭനാവസ്ഥയിൽനിന്ന് പുറത്തുകടക്കാനുള്ള ഒരേയൊരു ശരിയായ മാർഗമെന്നനിലയിൽ ഈ പ്രായോഗിക കടമകളേയും രാഷ്ട്രീയപരിപാടിയേയും ജനങ്ങളുടെമുമ്പിൽ അവതരിപ്പിക്കുകയെന്നത് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി സ്വന്തം കർത്തവ്യമായി കരുതുന്നു.

ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുക്കുകയെന്ന സ്വന്തം ലക്ഷ്യത്തിൽ ഉറച്ചുനിലകൊള്ളുന്നു. തങ്ങൾ ഇന്ത്യയിൽ സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ ദത്തശ്രദ്ധരാണെന്നുള്ള ഭരണകക്ഷിയിലേയും ഗവ

ണ്മെന്റിലേയും വൻകിട ബൂർഷ്വാനേതാക്കന്മാരുടെ സത്യവിരുദ്ധമായ അവകാശവാദങ്ങാംകൊണ്ടു് നമ്മുടെ പാർട്ടി വഞ്ചിക്കപ്പെടുന്നില്ല. "ഓരോരുത്തരിൽനിന്നും അവരവരുടെ കഴിവനുസരിച്ചു്, ഓരോരുത്തക്കും അവരവരുടെ ആവശ്യത്തിനനുസരിച്ചു്" എന്ന പ്രമാണം നിലവിൽവരുന്ന കമ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിന്റെ ആദ്യപടിയായി "ഓരോരുത്തരിൽനിന്നും അവരവരുടെ കഴിവനുസരിച്ചു്, ഓരോരുത്തക്കും അവരവരുടെ ജോലിക്കനുസരിച്ചു്" എന്ന പ്രമാണം നടപ്പിലാകത്തക്കതരത്തിൽ സ്റ്റേററു്ഉടമയിൻകീഴിൽ സമുദായത്തിലെ പ്രധാനപ്പെട്ട എല്ലാ ഉല്പാദനോപാധികളും വന്നുചേരുമ്പോഠം മാത്രമേ യഥാൎത്ഥവും കലർപ്പില്ലാത്തതുമായ സോഷ്യലിസം കെട്ടിയുയത്താൻ കഴിയൂ എന്നതു് പ്രാഥമികവിജ്ഞാനം മാത്രമാണു്. വൻകിട ബൂർഷ്വാസിയുടെ പ്രതിനിധികഠം നയിക്കുന്ന ഇന്നത്തെ ബൂർഷ്വാ–ജന്മി–ഭരണകൂടത്തിന്റെയും ഗവമ്മെന്റിന്റെയും കീഴിൽ ഇതു നേടിയെടുക്കാൻ കഴിയുകയില്ലെന്നു് വ്യക്തമാണു്. തൊഴിലാളിവർഗഭരണത്തിൻകീഴിൽ മാത്രമേ യഥാൎത്ഥമായ സോഷ്യലിസ്റ്റ് സമുദായം സ്ഥാപിയ്ക്കാൻ കഴിയൂ.

സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിൽ ഉറച്ചുനിൽക്കുമ്പോഠംതന്നെ ഇന്നത്തെ സാമ്പത്തികവികസനത്തിന്റെ നിലവാരവും, തൊഴിലാളിവർഗത്തിന്റെയും തൊഴിലാളിവർഗസംഘടനയുടെയും രാഷ്ട്രീയ–പ്രത്യയശാസ്ത്രപകപതയുടെ നിലവാരവും കണക്കിലെടുത്തുകൊണ്ടു് ജനകീയജനാധിപത്യം സ്ഥാപിക്കുകയെന്ന അടിയന്തിരലക്ഷ്യം ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ജനങ്ങളുടെ മുമ്പിൽ വച്ചുകൊള്ളുന്നു. ഇതു് തൊഴിലാളിവർഗനേതൃത്വത്തിൽ യഥാൎത്ഥത്തിലുള്ള നാടുവാഴിവിരുദ്ധവും സാമ്രാജ്യവിരുദ്ധവുമായ എല്ലാ ശക്തികളുടെയും കൂട്ടുകെട്ടിന്റെ അടിസ്ഥാനത്തിലുള്ള ഒരു

ഭരണകൂടമായിരിക്കും. ഇതിന്ന് പ്രഥമവും പ്രധാനവുമായി വേണ്ടതു് ഇന്നത്തെ ബൂർഷ്വാ-ജന്മി ഗവമ്മെണ്ടിനെയും ഭരണകൂടത്തെയും മാററി, തൽസ്ഥാനത്തു് ഉറച്ച തൊഴിലാളി-കൃഷിക സഖ്യത്തിന്മേൽ പടുത്തുയത്തിയ തൊഴിലാളിവർഗനേതൃത്വത്തിലുള്ള ഒരു ജനകീയജനാധിപത്യഭരണകൂടവും ഗവമ്മെണ്ടും സ്ഥാപിക്കുകയാണു്. ഇതിനുമാത്രമേ ഇന്ത്യൻവിപ്ലവത്തിൻെറ പൂത്തീകരിയ്ക്കപ്പെടാതെ കിടക്കുന്ന മൌലികമായ ജനാധിപത്യകടമകൾ വേഗത്തിലും സമഗ്രമായും ചെയ്തുതീക്കാനും, രാജ്യത്തെ സോഷ്യലിസത്തിൻെറ പാതയിലേയ്ക്കു് നയിയ്ക്കാനും കഴിയൂ. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള മുൻഉപാധിയായി ജനകീയജനാധിപത്യഗവമ്മെണ്ടു് നടപ്പാക്കാൻപോകുന്ന കടമകളും പരിപാടിയും താഴെ കൊടുക്കുന്നു:

## 88. ഭരണകൂടസംവിധാനത്തിൻെറ രംഗത്തു് നിർവഹിക്കുന്ന പരിപാടി

1. ജനങ്ങൾക്കായിരിക്കും പരമാധികാരം. ആനുപാതികപ്രാതിനിധ്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരും വോട്ടർമാരിൽ ഭൂരിപക്ഷം ആവശ്യപ്പെടുകയാണെങ്കിൽ ഏതവസരത്തിലും തിരിച്ചുവിളിക്കപ്പെടലിനു വിധേയരുമായ ജനപ്രതിനിധികളിലായിരിയ്ക്കും ഭരണകൂടത്തിൻെറ പരമാധികാരം പൂർണ്ണമായും നിക്ഷിപ്തമായിരിക്കുക.

2. ഇന്ത്യയിലെ 18 വയസ്സായ സ്ത്രീകളും പുരുഷന്മാരുമുൾപ്പെടെ എല്ലാ പൌരജനങ്ങൾക്കും പാർലമെണ്ടിലേയ്ക്കും സംസ്ഥാന നിയമസഭകളിലേക്കും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിലേക്കും സാർവത്രികവും തുല്യവും നേരിട്ടുള്ളതുമായ വോട്ടവകാ

ശവും രഹസ്യബാലററ് സമ്പ്രദായവും മൂലം പ്രാതി നിധ്യസ്വഭാവമുള്ള ഏതു സ്ഥാപനത്തിലേക്കും തെരഞ്ഞെടുക്കപ്പെടാൻ ഏതു വോട്ടർക്കും അവകാശം ഉണ്ടായിരിക്കും.

3. ഇന്ത്യൻ ഫെഡറേഷനിലെ വിവിധസംസ്ഥാനങ്ങൾക്ക് ഏററവും വിപുലമായ സ്വയംഭരണാവകാശം ഉണ്ടായിരിക്കും.

4 ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനപുനസ്സംഘടനാപ്രക്രിയ പൂർത്തീകരിക്കും. എല്ലാ സംസ്ഥാനങ്ങൾക്കും തുല്യമായ അധികാരങ്ങൾ ഉണ്ടായിരിക്കും.

5. സംസ്ഥാനങ്ങൾക്ക് മുകളിൽനിന്നു നിയമിക്കപ്പെടുന്ന ഗവർണ്ണർമാർ ഉണ്ടായിരിക്കുകയില്ല. ഉപരിസഭകളും ഉണ്ടായിരിക്കുകയില്ല. കേന്ദ്രത്തിൽ രണ്ടു സഭകൾ ഉണ്ടായിരിക്കും—ലോകസഭയും രാജ്യസഭയും. രണ്ടിനും തുല്യാധികാരങ്ങളും തുല്യമായ അംഗസംഖ്യയും ആയിരിക്കും ഉണ്ടായിരിക്കുക. രാജ്യസഭയിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും തുല്യപ്രാതിനിധ്യമുണ്ടായിരിക്കും. ഇരു സഭകളുടെയും തീരുമാനങ്ങൾക്കനുസരണമായിട്ടായിരിക്കും പ്രസിഡണ്ട് പ്രവർത്തിക്കുക. അദ്ദേഹത്തിനു് മറെറാരധികാരവും ഉണ്ടായിരിക്കുകയില്ല.

6. ഗോത്രവർഗപ്രദേശങ്ങൾക്ക്, അഥവാ പ്രത്യേകസാമൂഹ്യസാംസ്കാരിക പരിതഃസ്ഥിതികളാൽ വേർതിരിച്ചറിയാവുന്നവയും നിവാസികളുടെ ഘടനതന്നെ പ്രത്യേക സ്വഭാവവിശേഷത്തോടുകൂടിയവയുമായ പ്രദേശങ്ങൾക്ക്, അതതു് സംസ്ഥാനങ്ങൾക്കകത്തു് പ്രാദേശിക ഗവമ്മെണ്ടോടുകൂടി പ്രാദേശികസ്വയം

ഭരണമുണ്ടായിരിക്കും. അവയുടെ വികസനത്തിന് പൂർണ്ണമായ സഹായവും പൂർണ്ണമായ സ്വയംഭരണാവകാശവും ലഭിയ്ക്കുന്നതായിരിയ്ക്കും.

7. പ്രാദേശിക ഭരണരംഗത്ത് ഗ്രാമങ്ങളിൽ നിന്നുതുടങ്ങി മുകളിലേയ്ക്ക് ജനങ്ങൾ നേരിട്ടു തെരഞ്ഞെടുക്കുന്നതും യഥാർത്ഥ അധികാരങ്ങളും ഉത്തരവാദിത്വങ്ങളുമുള്ളതായ പ്രാദേശികഭരണസ്ഥാപനങ്ങളുടെ വിപുലമായ ഒരു വലക്കെട്ടുതന്നെ ഉണ്ടായിരിക്കും. എല്ലാ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെയും അർഹമായ സാമ്പത്തികാവശ്യങ്ങൾ നിറവേററുന്ന കാര്യത്തിൽ ഉറപ്പു നൽകുന്നതായിരിക്കും.

8. എല്ലാഭരണവകുപ്പുകളും അതാതു് സംസ്ഥാനങ്ങളുടെയോ പ്രാദേശികാധികാരസ്ഥാപനങ്ങളുടെയോ കീഴിലായിരിക്കും.

9. നീതിന്യായഭരണത്തിൽ ജനാധിപത്യപരമായ മാററങ്ങൾ വരുത്താൻ നീതിന്യായവ്യവസ്ഥ ഭരണനിർവ്വഹണവിഭാഗത്തിൽനിന്നു (ജുഡീഷ്യറി എക്സിക്യൂട്ടീവിൽനിന്നു്) പൂർണ്ണമായി സ്വതന്ത്രമായിരിക്കും. ന്യായാധിപന്മാരുടെ നിയമനം പാർലിമെണ്ടിൻെറയും നിയമസഭകളുടെയും വിഭിന്നതലങ്ങളിലുള്ള ഉചിതമായ മററു ജനകീയസ്ഥാപനങ്ങളുടെയും അംഗീകാരത്തിന്നു വിധേയമായിരിക്കും.

—നീതിന്യായ കോടതിയുടെ മുമ്പിൽ ഏതുദ്യോഗസ്ഥൻെറ പേരിലും കേസ് കൊടുക്കാൻ എല്ലാ ആളുകൾക്കും അവകാശമുണ്ടായിരിക്കും.

—നിയമാനുസൃതമായ പരിഹാരം എല്ലാപേർക്കും എളുപ്പത്തിൽ ലഭ്യമാക്കുവാൻ വേണ്ടി ആവശ്യമുള്ള

വക്ക് സൌജന്യനിയമസഹായവും ഉപദേശവും നൽകപ്പെടും.

10. ജനകീയ ജനാധിപത്യഗവമ്മെണ്ട് സായുധസേനയിലെ അംഗങ്ങാംക്കിടയിൽ ജനാധിപത്യബോധവും ദേശാഭിമാനവും ഉദ്ദീപിപ്പിക്കും. അവക്ക് നല്ല ജീവിതനിലവാരങ്ങളും സേവനവ്യവസ്ഥകളും, സാംസ്കാരികജീവിതത്തിനും അതുപോലെതന്നെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും കഴിയുന്നത്ര കൂടുതൽ സൌകര്യങ്ങാം നൽകും.

11. വ്യവസായത്തിലും കൃഷിയിലും കച്ചവടത്തിലും വിഭിന്നനിരക്കിലുള്ള നികുതികാം ചുമത്തും. തൊഴിലാളികാംക്കും കൃഷിക്കാക്കും കൈവേലക്കാക്കും നികുതിചുമത്തലിൽനിന്നു കഴിയുന്നത്ര രക്ഷ നൽകും. ലാഭം നിയന്ത്രിക്കപ്പെടും.

12. നമ്മുടെ എല്ലാസ്ഥാപനങ്ങളിലും ജനാധിപത്യബോധവും, ജനങ്ങളിൽ വിശ്വാസവും ആദരവും വളത്തണം. അതുപോലെ അനീതിയിൽനിന്നും ഉദ്യോഗസ്ഥമേധാവിത്വത്തിൽനിന്നും വിമുക്തമായൊരു ജനാധിപത്യസാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുവാനുള്ള അവരുടെ ഉറച്ച തീരുമാനത്തിൽ ആത്മവിശ്വാസം ഉത്തേജിപ്പിക്കണം.

അതുകൊണ്ട് ജനകീയജനാധിപത്യഗവമ്മെണ്ട് നമ്മുടെ ദേശീയജീവിതത്തിന്റെ എല്ലാ തുറകളിലേക്കും ജനാധിപത്യരീതിയിലുള്ള മുൻകൈയും നിയന്ത്രണവും വ്യാപിപ്പിക്കുന്നതായിരിക്കും. ട്രേഡ് യൂണിയനുകാംക്കും കർഷക-കർഷകത്തൊഴിലാളിസംഘങ്ങാംക്കും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ മററുസംഘടനകാംക്കും ഇക്കായ്യത്തിൽ നിർണായക

മായ പങ്കുണ്ടായിരിക്കും. നാട്ടിലെ നിയമനിർമ്മാണ വിഭാഗവും നിർവ്വാഹകയന്ത്രവും തുടർച്ചയായി ജനങ്ങളുടെ ജനാധിപത്യാഗ്രഹങ്ങളെ ചെവിക്കൊള്ളുന്ന രീതിയിലാക്കാൻ ഗവമ്മെണ്ട് നടപടികളെടുക്കുന്നതായിരിക്കും. സ്റ്റേററിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളും അവരുടെ സംഘടനകളും ക്രിയാത്മകമായ പങ്കുവഹിക്കുന്നു എന്നു അതു് ഉറപ്പുവരുത്തുകയും ചെയ്യും. ഉദ്യോഗസ്ഥമേധാവിത്വവല്ക്കരണം അവസാനിപ്പിക്കും. ശമ്പളത്തിലും വരുമാനത്തിലുമുള്ള വമ്പിച്ച അന്തരം അവസാനിപ്പിക്കും.

13. ശരീരം, വാസസ്ഥലം എന്നിവയെ സംബന്ധിച്ച അലംഘനീയത; വിചാരണകൂടാതെ തടങ്കലിൽവെയ്ക്കാതിരിക്കൽ; ചിന്ത, മതവിശ്വാസവും ആരാധനയും, പ്രസംഗം, പത്രപ്രവർത്തനവും പ്രചരണവും സമ്മേളനം, പണിമുടക്കം സംഘടനയും, സഞ്ചാരം ഇഷ്ടാനുസരണം തൊഴിൽ തെരഞ്ഞെടുക്കൽ-എന്നീ കാര്യങ്ങളിൽ തടസ്സമററ സ്വാതന്ത്ര്യം.

14 മതം, ജാതി, ലിംഗഭേദം,വംശം,ദേശീയത എന്നിവ പരിഗണിക്കാതെ എല്ലാ പൌരന്മാക്കും തുല്യാവകാശങ്ങൾ, ലിംഗഭേദപരിഗണന കൂടാതെ തുല്യ ജോലിക്കു് തുല്യ വേതനം.

15. സ്ത്രീകളനുഭവിക്കുന്ന സാമൂഹ്യാവശതകൾ നീക്കുക. സ്വത്തവകാശം പോലുള്ള കാര്യങ്ങളിൽ തുല്യാവകാശം; വിവാഹം, വിവാഹമോചന നിയമങ്ങളുടെ നടപ്പിലാക്കൽ, ഉദ്യോഗങ്ങളിലും തൊഴിലുകളിലും പ്രവേശനം.

16. ഏതെങ്കിലും ജാതി മറെറാരുജാതിയുടെമേൽ നടത്തുന്ന സാമൂഹ്യമർദ്ദനം അവസാനിപ്പിക്കും. അയിത്തം നിയമംമൂലം ശിക്ഷാർഹമാക്കും. ജോലിയിലും മററു സാമൂഹ്യ വിദ്യാഭ്യാസ സൌകര്യങ്ങളനുവദിക്കുന്ന കാര്യത്തിലും പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും പിന്നോക്കസമുദായക്കാർക്കും പ്രത്യേകാനുകൂല്യങ്ങൾ അനുവദിക്കപ്പെടും.

17. എല്ലാ മതസ്ഥാപനങ്ങളിൽനിന്നും ഭരണകൂടം വിട്ടുനിൽക്കും. ഭരണകൂടത്തിന്റെ മതേതരത്വത്തിനുറപ്പു നൽകപ്പെടും. രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിലും ഭരണകാര്യങ്ങളിലും മതസ്ഥാപനങ്ങൾ കൈകടത്തുന്നതു് നിരോധിക്കും.

—മതന്യൂനപക്ഷങ്ങൾക്കു് വിവേചനത്തിൽനിന്നു് രക്ഷനൽകും.

18 വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്വന്തം മാതൃഭാഷയിൽ വിദ്യാഭ്യാസം ലഭിക്കാൻ ജനങ്ങൾക്കുള്ള അവകാശം; ഓരോ സംസ്ഥാനത്തിലേയും ദേശീയഭാഷ അവിടത്തെ എല്ലാ പൊതു ഭരണസ്ഥാപനങ്ങളിലും ഭരണഭാഷയാക്കി ഉപയോഗിക്കുക, ഏററവുംഉയർന്ന സ്റ്റാൻഡേർഡു് വരെ സംസ്ഥാനത്തിലെ വിദ്യാഭ്യാസമാധ്യമമായി ആ ഭാഷ ഉപയോഗിക്കുക. സംസ്ഥാനത്തിലെ ഭാഷക്കുപുറമെ ആവശ്യമുള്ളിടങ്ങളിൽ പ്രത്യേക ന്യൂനപക്ഷത്തിന്റെയോ പ്രദേശത്തിന്റെയോ ഭാഷയുംകൂടി ഉപയോഗിക്കുവാനുള്ള അനുവാദം. അഖിലേന്ത്യാ ഭാഷ എന്നനിലയിൽ ഹിന്ദിയുടെ ഉപയോഗം നിർബ്ബന്ധമായിരിക്കയില്ല. എങ്കിലും വിഭിന്ന സംസ്ഥാനങ്ങളിലെ

ജനങ്ങൾതമ്മിലുള്ള ബന്ധഭാഷയെന്ന നിലയിൽ ഹിന്ദി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകും. ഭരണഭാഷയെന്ന നിലയിൽ സംസ്ഥാന നിലവാരത്തിൽ പ്രാദേശിക ഭാഷകളും കേന്ദ്രത്തിൽ ഹിന്ദിയും എന്ന തത്വത്തിൽ ഉറച്ചുനില്ക്കും. കേന്ദ്രത്തിൽ ഇംഗ്ലീഷിൽനിന്നു് ഹിന്ദിയിലേക്കുള്ള മാററം സംസ്ഥാനങ്ങളിൽ ഇംഗ്ലീഷിൽനിന്നു് പ്രാദേശിക ഭാഷകളിലേക്കുള്ള മാററത്തോടൊപ്പമാവണം. ഹിന്ദിയെ സംബന്ധിച്ചേടത്തോളം ഈ മാററത്തിനുവേണ്ടി എന്തെല്ലാം ഒരുക്കങ്ങൾ കേന്ദ്രം ചെയ്യുന്നുണ്ടോ അതെല്ലാം പ്രാദേശിക ഭാഷകളെ സംബന്ധിച്ചേടത്തോളം ആവശ്യമായ എല്ലാ കേന്ദ്രസഹായങ്ങളോടുംകൂടി സംസ്ഥാനങ്ങളിലും ചെയ്യണം. അതേസമയം, ഈ പരിവർത്തനകാലഘട്ടത്തിൽ—അതെത്രകാലമാണെന്നു് അഹിന്ദി പ്രദേശങ്ങളുടെ അനുമതിയോടെ നിശ്ചയിക്കേണ്ടതാണു്—ഇംഗ്ലീഷിനു് ഒരു സഹഭരണഭാഷയുടെ പദവി നൽകേണ്ടതാണു്. പാർലിമെണ്ടിലും കേന്ദ്രഭരണത്തിലും എല്ലാ ദേശീയഭാഷകളുടെയും തുല്യത അംഗീകരിക്കപ്പെടും. പാർലിമെണ്ടു് മെമ്പർമാക്കു് ഏതു് ദേശീയഭാഷയിലും സംസാരിക്കാനുള്ള അവകാശമുണ്ടായിരിക്കും. എല്ലാ ദേശീയഭാഷകളിലും ഉള്ള പ്രസംഗങ്ങൾ ഒരേ സമയത്തുതന്നെ മററു ഭാഷകളിലേക്കു് തർജ്ജിമചെയ്യാനുള്ള ഏർപ്പാടുകൾ ഉണ്ടായിരിക്കും. എല്ലാ നിയമങ്ങളും ഗവർമ്മെണ്ടു്കല്പനകളും പ്രമേയങ്ങളും എല്ലാ പ്രാദേശികഭാഷകളിലും ലഭിക്കും. ഉർദ്ദു ഭാഷയും അതിൻെറ ലിപിയും സംരക്ഷിക്കപ്പെടും.

—സെക്കണ്ടറി ഘട്ടംവരെ സൌജന്യ നിർബ്ബന്ധ വിദ്യാഭ്യാസം

19 ജനങ്ങൾക്കുവേണ്ടി സൌജന്യമായി വിപുലമായ തോതിൽ ആരോഗ്യവൈദ്യസഹായവും പ്രസവശുശ്രൂഷാകേന്ദ്രങ്ങളും വിശ്രമമന്ദിരങ്ങളും വിനോദകേന്ദ്രങ്ങളും ആരംഭിക്കുക.

20 സാമ്രാജ്യവിരുദ്ധ–നാടുവാഴിവിരുദ്ധ– ജനാധിപത്യസ്വഭാവത്തോടുകൂടിയ പുരോഗമനപരമായ പുതിയ ജനകീയസംസ്കാരം ആവിഷ്ക്കരിക്കാനും വികസിപ്പിക്കാനുംവേണ്ടി ജനങ്ങളുടെ സർഗാത്മകശക്തികൾ തുറന്നുവിടുകയെന്ന മഹത്തായ കടമ ജനകീയജനാധിപത്യഭരണകൂടവും ഗവമ്മെണ്ടും ഏറ്റെടുക്കും.

നാട്ടിലെ ജനാധിപത്യവാദികളായ ജനലക്ഷങ്ങളുടെ പൊതുലക്ഷ്യങ്ങൾക്കൊപ്പിച്ച് തങ്ങളുടെ സ്വന്തമായ മാർഗത്തിലൂടെ വികാസം പ്രാപിക്കാൻ ഗോത്രവർഗക്കാരടക്കമുള്ള ഓരോ ദേശീയജനവിഭാഗത്തേയും സഹായിക്കും.

സ്വന്തം ജീവിതനില മെച്ചപ്പെടുത്താനും സമ്പന്നമാക്കാനുമുള്ള ജനാധിപത്യവാദികളായജനവിഭാഗങ്ങളുടെ സമരത്തെ സഹായിക്കും.

ജാതിസമുദായസ്പർദ്ധയും വെറുപ്പും അന്ധവിശ്വാസങ്ങളും അടിമത്തമനോഭാവവും കൈവെടിയുന്നതിൽ ജനങ്ങളെ സഹായിക്കും.

എല്ലാ രാജ്യങ്ങളിലേയും സമാധാനപ്രേമികളായ ജനങ്ങളുമായി സാഹോദര്യം വളത്തുകയും വർണ്ണവിദ്വേഷവും ദേശീയവിദ്വേഷവും നിരുത്സാഹപ്പെടുത്താനും ജനങ്ങളെ സഹായിക്കാനും ഉത

കുന്ന സാഹിത്യം, കല, സംസ്കാരം ഇവയെ വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

21. സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിൽ പരസ്പരസഹകരണം വളർത്തുകയും പോഷിപ്പിക്കുകയും ചെയ്ത ഇന്ത്യയുടെ ഐക്യം സുദൃഢമാക്കുവാൻ ജനകീയജനാധിപത്യഗവമ്മെണ്ട് നടപടികളെടുക്കുന്നതായിരിക്കും. സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്നവയും ദുർബ്ബലങ്ങളുമായ സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും അവയുടെ പിന്നോക്കാവസ്ഥ അതിവേഗം അവസാനിപ്പിക്കുന്നതിൽ സഹായിക്കാൻവേണ്ടി പ്രത്യേക ശ്രദ്ധയും സാമ്പത്തികമായും മററുതരത്തിലുമുള്ള സഹായവും നൽകുന്നതായിരിക്കും.

## 89. കാർഷികരംഗത്തും കൃഷിക്കാരെ സംബന്ധിക്കുന്ന പ്രശ്നങ്ങളിലും നിർവഹിക്കുന്ന പരിപാടി

1. പ്രതിഫലം നൽകാതെ ജന്മിത്തം അവസാനിപ്പിക്കുക. കാർഷികതൊഴിലാളികൾക്കും ദരിദ്രകൃഷിക്കാർക്കും ഭൂമി സൗജന്യമായി നൽകുക.

2. കൃഷിക്കാരും കാർഷികതൊഴിലാളികളും ചെറുകിട കൈത്തൊഴിൽക്കാരും പണമിടപാടുകാർക്കും ജന്മിമാർക്കും കൊടുക്കാനുള്ള കടങ്ങൾ റദ്ദാക്കുക.

3. കൃഷിക്കാക്കും കൈത്തൊഴിലുകാക്കും നീണ്ടകാലത്തേക്കു് ചുരുങ്ങിയ പലിശക്കു് കടം നൽകുമെന്നു് ഉറപ്പുവരുത്തുക. അതുപോലെ കാഷിഷികോല്പാദനത്തിനു് ന്യായമായ വിലയും നവീന ഉപകരണങ്ങളും സാങ്കേതികമാർഗങ്ങളും നല്ലവിത്തുകളും ഉപയോഗിച്ചു് കൃഷി ചെയ്യുന്ന രീതിമെച്ചപ്പെടുത്താൻ കൃഷിക്കാരെ സഹായിക്കുക.

4. ജലസേചന സൌകര്യങ്ങാം ഉറപ്പുകൊടുക്കുക.

5. കാർഷികത്തൊഴിലാളികാംക്കു് ആവശ്യത്തിനുള്ള കൂലിയും ജീവിത സൌകര്യങ്ങളും ഉറപ്പുവരുത്തുക.

6. കൃഷിക്കും മററ കാഷികജോലികാംക്കും മററാവശ്യങ്ങാംക്കും വേണ്ടി കൃഷിക്കാരുടെയും കൈത്തൊഴിൽക്കാരുടെയും സഹകരണസംഘങ്ങാം സ്വമേധയാ രൂപംകൊണ്ടു വളരുവാൻ പ്രോത്സാഹിപ്പിക്കുക.

## 90. വ്യവസായം തൊഴിൽ എന്നീരംഗങ്ങളിൽ നിർവഹിക്കുന്ന പരിപാടി

കൃഷിക്കാരുടെ വളരെ താഴ്ന്ന ക്രയശക്തിയിൽനിന്നു മാത്രമല്ല നമ്മുടെ വ്യവസായത്തിനുള്ള ബുദ്ധിമുട്ടു്. മറിച്ചു് വിദേശമൂലധനത്തിൻെറ കൊള്ളയിൽനിന്നുംകൂടി അതു് ബുദ്ധിമുട്ടുന്നുണ്ടു്.

വിപുലമായ തോതിൽ വ്യവസായീകരിക്കപ്പെട്ടാലല്ലാതെ സുശക്തവും സമൃദ്ധവുമായ ഒരു രാജ്യമായിത്തീരാൻ നമുക്കു് കഴിയില്ല; പക്ഷേ

ബ്രിട്ടീഷമേരിക്കൻ മൂലധനവും മററു വിദേശമൂലധനവും നമ്മുടെ നാട്ടിൽ നിലനില്ക്കുകയും അഴഞ്ഞുകയറാൻ കൂടുതൽ അവസരങ്ങൾ അവയ്ക്കു നൽകപ്പെടുകയും ചെയ്യുന്നിടത്തോളംകാലം അത്ര വിപുലമായ രീതിയിൽ വ്യവസായീകൃതമാകാൻ നമുക്കു സാധ്യമല്ല. കാരണം അവരുടെ മുടക്കുമുതലിന്മേൽ ഉണ്ടാകുന്ന ലാഭം രാജ്യത്തിൽനിന്നു പുറമേക്കു കൊണ്ടു പോവുകയാണു്. അതുപയോഗിക്കാൻ നമുക്കു കഴിയുന്നില്ല.

അതുകൊണ്ടു് വ്യവസായരംഗത്തു് ജനകീയ ജനാധിപത്യഗവമ്മെണ്ടു് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യും.

1. തോട്ടങ്ങളിലേയും ഖനികളിലേയും എണ്ണ ശുദ്ധീകരണശാലകളിലേയും ഫാക്ടറികളിലേയും കപ്പൽ വ്യവസായത്തിലേയും വാണിജ്യത്തിലേയും എല്ലാ വിദേശമൂലധനവും ഏറെറടുക്കും. എല്ലാ ബാങ്കുകളും കടം നൽകുന്ന സ്ഥാപനങ്ങളും മററു കുത്തകവ്യവസായങ്ങളും ദേശസാൽക്കരിക്കും. വിദേശവ്യാപാരം ദേശസാൽക്കരിക്കപ്പെടും.

2 സാമ്പത്തിക പരാധീനതയിൽനിന്നു വേഗത്തിൽ വിമുക്തമാകാനും രാജ്യത്തിലെ വ്യവസായങ്ങൾ അനസ്യൂതം വികസിപ്പിക്കാനും വേണ്ടി ഏററവും വേഗതയിൽ പൊതുമേഖലയെ വികസിപ്പിക്കും. ഇതോടൊപ്പം സ്റേറററുടമയിൽ പുതിയ വ്യവസായങ്ങളുംകൂടിയുണ്ടാവുമ്പോൾ പൊതുമേഖല ആധിപത്യസ്വഭാവമുള്ളതും നിർണ്ണായകവുമായിത്തീരും.

3. കടവായ്പയും, ന്യായവിലയ്ക്കു് അസംസ്കൃതസാധനങ്ങളും, വിപണന സൌകര്യങ്ങളും നൽകി

ചെറുകിട, ഇടത്തരം വ്യവസായങ്ങളെ സഹായിക്കുക.

4. ജനങ്ങളുടെ താല്പര്യത്തിനനുയോജ്യമായി രാജ്യത്ത് സമതുലിതവും ആസൂത്രിതവുമായ സമ്പദ്‌വികസനമുണ്ടാകുവാൻവേണ്ടി സമ്പദ്‌ഘടനയിലെ വിവിധ മേഖലകളെ ക്രമീകരിക്കുകയും സംയോജിപ്പിക്കുകയുംചെയ്യുക.

5. വ്യവസായങ്ങളുടെ നടത്തിപ്പിലും മേൽനോട്ടത്തിലും തൊഴിലാളികളെയും സാങ്കേതികജ്ഞന്മാരേയും സൃഷ്ടിപരമായി പങ്കെടുപ്പിച്ചും വൻകിട മുതലാളിത്തവുമായി ബന്ധപ്പെട്ടവരെ മേൽനോട്ടംവഹിക്കുന്നതിൽനിന്നു് നീക്കംചെയ്തും പൊതുമേഖലയുടെ മേൽനോട്ടം ജനാധിപത്യപരമാക്കിത്തീർക്കുക.

6. ജീവനക്കൂലി നിജപ്പെടുത്തിയും, ജോലിസമയം ക്രമേണക്രമേണ കുറവുചെയ്തും ഏതുതരത്തിലുമുള്ള തൊഴിലില്ലായ്മയേയും അവശതയേയും നേരിടാൻ സ്റ്റേറ്റിന്റെയും മുതലാളിമാരുടേയും ചിലവിൽ സോഷ്യൽ ഇൻഷ്വറൻസ് ഏർപ്പെടുത്തിയും, തൊഴിലാളികൾക്കു് മാന്യമായ താമസസൗകര്യത്തിനു് വകയിരുത്തിയും, ട്രേഡ്‌യൂണിയനുകളെ അംഗീകരിക്കുകയും കൂട്ടായി വിലപേശാനും പണിമുടക്കുനടത്താനുമുള്ള അവകാശത്തെ അംഗീകരിച്ചും, തൊഴിലാളികളുടെ ജീവിതനിലവാരവും തൊഴിൽ സാഹചര്യങ്ങളും മൗലികമായി മെച്ചപ്പെടുത്തുക.

7. സാധാരണ ജനങ്ങളുടെ താല്പര്യത്തെ മുൻനിർത്തിയുള്ള വിലനയം ഫലപ്രദമായി നടപ്പിൽവരുത്തുക.

## 91. വിദേശനയത്തിന്റെ കാര്യം

1. ലോകസമാധാനം നിലനിർത്തുന്നതിനും, സമാധാന പരമായ സഹവർത്തിത്വത്തിനും, കൊളോണിയലിസത്തിനെതിരായസമരത്തിലും ഇന്ത്യ അതിന്റെ ശരിയായപങ്കു് വഹിക്കുമെന്നുള്ളതു് ഉറപ്പുവരുത്താൻവേണ്ടി ജനകീയ ജനാധിപത്യ-ഗവർമ്മെണ്ടു് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്നതായിരിക്കും: കഴിയുംവിധത്തിലെല്ലാം ആഫ്രോ-ഏഷ്യൻ ഐക്യം ശക്തിപ്പെടുത്തും; സമാധാനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി സമാധാന പ്രേമികളായ എല്ലാ രാജ്യങ്ങളുമായും, സോഷ്യലിസ്റ്റ് രാജ്യങ്ങളുമായും, കൂടുതൽ സുഹൃത്ബന്ധങ്ങളും സഹകരണവും വളർത്തിക്കൊണ്ടുവരും; സാമ്രാജ്യത്വത്തിനെതിരായി എല്ലാ കോളനി ജനതയുടെ സമരങ്ങൾക്കും സഹായംനൽകും.

2. പഞ്ചശീലത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സാമൂഹ്യ വ്യവസ്ഥകൾ നിലനിൽക്കുന്ന രാജ്യങ്ങൾ തമ്മിൽ സമാധാനപരമായ സഹവർത്തിത്വത്തിനു വേണ്ടി പരിശ്രമിക്കും.

3. അണ്വായുധ-യുദ്ധഭീഷണിയിൽനിന്നു് മനുഷ്യസമുദായത്തെ രക്ഷിക്കാൻവേണ്ടി എല്ലാ സമാധാനസ്നേഹികളായ ശക്തികളുമായി സഹകരിച്ചുകൊണ്ടു് കഴിവിന്റെ പരമാവധി പ്രവർത്തിക്കുന്നതായിരിക്കും. എല്ലാ അണ്വായുധങ്ങളും മനുഷ്യരെ കൂട്ടായി നശിപ്പിക്കുന്ന മററായുധങ്ങളും പരിശോധിക്കുന്നതും നിർമ്മിക്കുന്നതും ഉപയോഗിക്കുന്നതും ഉടനടി നിരോധിക്കാൻ ആവശ്യപ്പെടും; എല്ലാ അണ്വാ

യുധശേഖരങ്ങളും നശിപ്പിക്കാൻവേണ്ടി പ്രവത്തിക്കുകയും അണ്വായുധ വിമുക്തപ്രദേശങ്ങളുടെ കാര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്യും.

4. യുദ്ധം തടയാനും, സമാധാനം സംരക്ഷിക്കാനും അതു് ഭദ്രമാക്കാനും പ്രവത്തിക്കുക; പൊതുവും നിയന്ത്രിതവുമായ നിരായുധീകരണത്തെപ്പററി സന്ധിയുണ്ടാക്കാൻവേണ്ടി പ്രവത്തിക്കുക; എല്ലാ പട്ടാള ഉടമ്പടികളും എല്ലാ വിദേശ പട്ടാള താവളങ്ങളും അവസാനിപ്പിക്കാനും മററു രാജ്യങ്ങളിൽനിന്നു് എല്ലാ വിദേശ പട്ടാളങ്ങളെയും പിൻവലിക്കാനും ആവശ്യപ്പെടുക; സാമ്രാജ്യത്വ യുദ്ധക്കൊതിയന്മാക്കും അവരുടെ ഗൂഢാലോചനകൾക്കുംതന്ത്രങ്ങൾക്കും എതിരായി ഏററവുംവലിയ ജാഗ്രത പുലത്തുകയും, ആ ജാഗ്രതയുടെ ആവേശത്തിൻെറ അടിസ്ഥാനത്തിൽ ജനങ്ങൾക്കു് പ്രചോദനംനൽകുകയും ചെയ്യുക.

5. ഇന്ത്യയെ ബ്രിട്ടീഷ് കോമൺവെൽത്തിൽനിന്നു് പിൻവലിക്കും; രാഷ്ട്രതാല്പര്യത്തിനു് വിരുദ്ധവും രാജ്യത്തിൻെറ അന്തസ്സിനു് ചേരാത്തതുമായി ബ്രിട്ടനും അമേരിക്കയുമായി ഉണ്ടാക്കിയിട്ടുള്ള സവ്വ കരാറുകളും ബാദ്ധ്യതകളും ഇല്ലായ്മചെയ്യും.

ഇന്ത്യയുടെ അയൽരാജ്യങ്ങളായ പാകിസ്ഥാൻ, നേപ്പാൾ, സിലോൺ, ബമ്മ, ചൈന തുടങ്ങിയ രാജ്യങ്ങളുമായി നിലവിലുള്ള എല്ലാ തക്കങ്ങളും പഞ്ചശീലാടിസ്ഥാനത്തിൽ സമാധാനപരമായി ഒത്തുതീർക്കാൻ പ്രത്യേകമായും ഒത്തുചേന്നും പരിശ്രമിക്കും.

★

## 8.

# ജനകീയ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കൽ

92. ഇന്ത്യൻവിപ്ലവത്തിന്റെ മൗലിക കടമകൾ പരിപൂർണ്ണമായും പൂർത്തീകരിക്കുന്നതിന് വൻകിട ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള ഇന്നത്തെ ബൂർഷ്വാ–ജന്മി ഭരണകൂടത്തെ മാററി, തൽസ്ഥാനത്ത് തൊഴിലാളിവർഗനേതൃത്വത്തിലുള്ള ഒരു ജനകീയ ജനാധിപത്യ ഭരണകൂടം സ്ഥാപിക്കുകയെന്നുള്ളത് ഇന്നത്തെ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമാണെന്നുള്ളത് വ്യക്തമാണ്.

93. ജന്മിത്തവുമായി കൂട്ടുകെട്ട് ലേർപ്പെട്ടിട്ടുള്ള ഇന്നത്തെ വൻകിട ബൂർഷ്വാ നേതൃത്വത്തെ അധികാരത്തിൽനിന്നു മാററി പകരം ഭരണകൂടത്തിൽ തൊഴിലാളിവർഗനേതൃത്വം

സ്ഥാപിച്ചാലല്ലാതെ കർഷക വർഗത്തിന്റെ യഥാർത്ഥ താല്പര്യങ്ങൾക്കനുസൃതമായ മൌലിക കാർഷിക പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കഴിയില്ലെന്നു വ്യക്തമാണ്. അത്തരം കാർഷിക പരിഷ്കാരങ്ങൾക്കേ നമ്മുടെ പട്ടിണികിടക്കുന്ന ജനതക്ക് ആവശ്യമായ ഭക്ഷണവും നമ്മുടെ വ്യാവസായികോല്പന്നങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും വിപുലീകരിച്ചുവരുന്ന കമ്പോളവും നാടിന്റെ വികസനത്തിനാവശ്യമായ മൂലധനരൂപീകരണവും ഉറപ്പുവരുത്താനാവൂ.

94. വിദേശസാമ്രാജ്യത്വമൂലധനവുമായി സന്ധിചെയ്യുകയും സഹകരിക്കുകയും ചെയ്യുകയെന്ന നയം അനുവർത്തിക്കുന്ന ഇന്നത്തെ ഗവൺമെണ്ട് ഭരിക്കുന്നിടത്തോളംകാലം വിദേശ കുത്തക മൂലധനത്തെയും അതിന്റെ അപഹരണപരമായ ചൂഷണത്തെയും ഒഴിവാക്കുന്നതിനു നമ്മുടെസമ്പദ്‌വ്യവസ്ഥക്കു കഴിയുകയില്ല. നമ്മുടെ നാട്ടിൽനിന്നു് വിദേശ കുത്തക മൂലധനത്തെ കടപുഴക്കി ഉടനടി നിഷ്കാസനം ചെയ്ത് ഭദ്രമായ ഈടുററ അടിസ്ഥാനത്തിൽ നമ്മുടെ സ്വാതന്ത്ര്യം ഉറപ്പിക്കണമെങ്കിൽ, തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൽ ജനകീയ ജനാധിപത്യ ഗവൺമെണ്ട സ്ഥാപിക്കുകയല്ലാതെ ഗത്യന്തരമില്ല.

95. എല്ലാററിനുമുപരി, ജനവിരുദ്ധനയങ്ങൾ അനുവർത്തിക്കുന്ന ഇന്നത്തെ ഗവൺമെണ്ടിനെ പുറന്തള്ളി നിർണായകമായി തോല്പിച്ചശേഷം, ഇന്നത്തേതിൽനിന്നു വ്യത്യസ്തമായ ജനാധിപത്യ നയങ്ങളോടുകൂടിയ ഒരു ബദൽ ഗവൺമെണ്ട് സ്ഥാപിക്കാതെ, ചരിത്രപരമായി കാലഹരണപ്പെട്ടതും ദുരിതപൂർണവുമായ മുതലാളിത്ത വികസനവീഥിയിൽനിന്നു് രക്ഷപെടാനോ, അത്തരം വികസനത്തിന്റെ അനിവാര്യഫലമായ കുത്തകമുതലാളിത്തത്തിന്റെ കടുംപിടിയിൽനിന്നു് ജനങ്ങളെ

മോചിപ്പിക്കാനോ കഴിയുകയില്ലെന്നു്, സകലമാനപേക്ഷം കൂടുതൽ കൂടുതൽ വ്യക്തമായിവരികയാണു്.

**96.** നമ്മുടെ വിപ്ലവത്തിന്റെ ഘട്ടവും അതിന്റെ മൌലിക കടമകളും വിപ്ലവത്തിന്റെ സ്വഭാവത്തെ മാത്രമല്ല വിപ്ലവസമരത്തിൽ വിവിധ വർഗങ്ങൾക്കുള്ള പങ്കിനേയും നിർണയിക്കുന്നു. നമ്മുടെ വിപ്ലവത്തിന്റെ വളർച്ചയിലെ ഇന്നത്തെ ഘട്ടത്തിൽ അതിന്റെ കാതലായ സ്വഭാവം നാടുവാഴിവിരുദ്ധവും, സാമ്രാജ്യവിരുദ്ധവും കുത്തകവിരുദ്ധവും ജനാധിപത്യപരവുമാണു് വിവിധ രാജ്യങ്ങളിലെ ജനാധിപത്യവിപ്ലവം ബൂഷ്വാസി നയിച്ചിരുന്നകാലത്തുണ്ടായിരുന്ന പരമ്പരാഗതമായ അർത്ഥത്തിലുള്ള ജനാധിപത്യവിപ്ലവമല്ല ഇന്നത്തേതു് എന്നു് തീർച്ചയാണു്. ലോകചരിത്രത്തിലെ തികച്ചും നവീനമായ ഒരു യുഗത്തിൽ നടക്കുന്ന വിപ്ലവമാണു് നമ്മുടേതു്. അതിന്റെ നേതൃത്വം ഏറെറടുക്കാൻ തൊഴിലാളിവർഗവും അതിന്റെ പാർടിയും നിയുക്തമായിരിക്കുന്നു, അല്ലാതെ വഴിമധ്യേ വഞ്ചിക്കുവാനായി നേതൃത്വം ബൂഷ്വാവർഗത്തിനു് വിട്ടുകൊടുക്കാറില്ല. വർത്തമാനയുഗത്തിൽ, സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തിലെ അനുപേക്ഷണീയമായപടിയെന്ന നിലയിൽ ജനാധിപത്യവിപ്ലവത്തിനു് തൊഴിലാളിവർഗം തന്നെ നേതൃത്വംനൽകണം. അതുകൊണ്ടു് ഈ വിപ്ലവം, പഴയമാതൃകയിൽ ബൂഷ്വാസി നയിക്കുന്ന ജനാധിപത്യവിപ്ലവമല്ല, മറിച്ചു് അതു് തൊഴിലാളിവർഗത്തിന്റെ മുന്നണി നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്ന പുതിയ മാതൃകയിലുള്ള ജനകീയ ജനാധിപത്യവിപ്ലവമായിരിക്കും.

**97.** വ്യവസായത്തിലും കൃഷിയിലും നമ്മുടെ ഉല്പാദനശക്തികളുടെ മേലുള്ള നാടുവാഴിത്ത–അർദ്ധനാടുവാഴിത്ത ചങ്ങലക്കെട്ടുകളുടെ അവശിഷ്ടങ്ങളെ തുടച്ചുനീക്കുമാറു് കർഷക

വർഗത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് മൌലികമായ കാർഷികപരിഷ്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് ഈ നാട്ടുവാഴിവിരുദ്ധവും സാമ്രാജ്യത്വവിരുദ്ധവുമായ ജനകീയ ജനാധിപത്യവിപ്ലവത്തിന്റെ പ്രഥമവും പ്രധാനവുമായ കടമ. യുഗങ്ങളായി നിലനില്ക്കുന്ന പിന്നോക്കാവസ്ഥയിൽനിന്ന് ഗ്രാമങ്ങളെ ഇപ്പോഴും ബന്ധിച്ചിരിക്കുന്ന മുതലാളിത്താതീത (പൂർവ്വ) സാമൂഹ്യവ്യവസ്ഥയുടെ അവശിഷ്ടങ്ങളായ ജാതി സമ്പ്രദായങ്ങളും മററും പരിഷ്കരിക്കാൻവേണ്ടി വിപുലമായ നടപടികളും ഇതോടൊപ്പം കൈക്കൊള്ളേണ്ടിവരും. സാമൂഹ്യവ്യവസ്ഥയിൽ ഇത്തരം വിപുലമായ പരിഷ്കാരങ്ങൾ ഉണ്ടാക്കുകയെന്നതു് കാർഷികവിപ്ലവത്തിന്റെ പൂർത്തീകരണവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ കാർഷികവിപ്ലവമാണ് ജനാധിപത്യവിപ്ലവത്തിന്റെ അച്ചുതണ്ട്. അതിന്റെ പൂർണ്ണമായ പ്രാധാന്യവും അർത്ഥവും ഗ്രഹിക്കാതിരിക്കുകയെന്നതിനർത്ഥം ജനാധിപത്യവിപ്ലവത്തിന്റെ അന്തസ്സത്തയെത്തന്നെ കാണാതാവുക എന്നാണ്. നമ്മുടെ ദേശീയസമ്പദ്‌വ്യവസ്ഥയിൽനിന്ന് വിദേശകുത്തക മൂലധനത്തെ പൂർണ്ണമായും ക്ഷണത്തിലും നിഷ്കാസനം ചെയ്ത്, നമ്മുടെ ജനതയുടെ സാമ്പത്തിക–രാഷ്ട്രീയ–സാമൂഹ്യജീവിതത്തെ അതിന്റെ ആപല്ക്കാരിയായ സ്വാധീനശക്തിയിൽനിന്ന് വിമുക്തമാക്കുകയെന്നതാണ് നമ്മുടെ ജനാധിപത്യവിപ്ലവത്തിന്റെ രണ്ടാമത്തെ അടിയന്തിര കടമ. ഈ രണ്ടു മൌലിക കടമകൾ പൂർത്തീകരിക്കുകയെന്നതാണ് ജനാധിപത്യവിപ്ലവത്തെ നേരിടുന്ന പ്രശ്നം. കുത്തകമുതലാളിത്തത്തിന്റെ ശക്തി തകർക്കുകയെന്ന കടമയും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു.

98 ഭരണകൂടത്തിൽ നേതൃസ്ഥാനത്തിലിരിക്കുന്ന വൻകിട ബൂർഷ്വാസിയേയും അവരുടെ രാഷ്ട്രീയപ്രതിനിധികളേയും ഉറച്ചുനിന്ന് എതിർത്തും അവർക്കെതിരായി സമരംചെയ്തു

മല്ലാതെ, ഇന്നത്തെ പരിതഃസ്ഥിതിയിൽ വിപ്ലവത്തിൻെറ ഈ മൌലിക കടമകഠം നിവ്വഹിക്കാൻ സാദ്ധ്യമല്ല. മൌലികവും യഥാത്ഥവുമായ കാർഷികപരിഷ്ക്കാരങ്ങഠം നടപ്പാക്കുന്നതിനെ അവർ തടയുകയും എതൃക്കുകയും ചെയ്യുന്നു. അവർ നാട്ടുവാഴി—അദ്ധനാട്ടുവാഴി ജന്മിത്വത്തെ പരിഷ്കരിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണു്. സ്വന്തം വർഗാധിപത്യത്തിനു് പിന്തുണ കിട്ടത്തക്കതരത്തിൽ അവരുമായി സഖ്യത്തിലേർപ്പെടുകയെന്ന സങ്കുചിതവർഗതാല്പര്യമാണു് ഇതിന്ന പിന്നിലുള്ളതു്. വിദേശ കുത്തകമൂലധനത്തെ സംരക്ഷിക്കാനും അതിൻെറ തടസ്സമററ നുഴഞ്ഞുകയററത്തിന്ന സൌകര്യം നൽകാനും അവർ തങ്ങളുടെ ഭരണാധികാരം ഉപയോഗിക്കുകയാണു്. കൂടാതെ, വിദേശ കുത്തകകളുമായി സന്ധിയും സഹകരണവും ഇന്ത്യൻ വൻകിട ജന്മിത്വവുമായി കൂട്ടുചേരലുമെന്ന തങ്ങളുടെ നയത്തോടൊപ്പം അവർ മുതലാളിത്തവികസനമാർഗം ശക്തിയായി പിന്തുടരുന്നുമുണ്ടു്. ഈ നയം നമ്മുടെ നാട്ടിൽ കുത്തക മുതലാളിത്തത്തിൻെറ വളർച്ചക്കു് വലിയ സൌകര്യം നൽകുന്നുണ്ടു്. അതുകൊണ്ടു് ജനകീയജനാധിപത്യവിപ്ലവം നാട്ടുവാഴി ജന്മിത്വത്തിനും വിദേശ കുത്തകമുതലാളിത്തത്തിനും എതിരായി മാത്രമല്ല, സന്ധിയില്ലാത്ത തരത്തിൽ നിലകൊള്ളുന്നതു്. പിന്നെയോ, വിദേശ കുത്തകമുതലാളിത്തവുമായി സഹകരിക്കുകയും സന്ധിചെയ്യുകയും ഇവിടത്തെ വൻകിട ജന്മിത്വവുമായി കൂട്ടുചേരുകയും ചെയ്യുന്നതും ഭരണനേതൃത്വം വഹിക്കുന്നതുമായ വൻകിട ബൂഷ്വാസിക്കും അതു് എതിരാണു്.

**99.** സ്വാഭാവികമായും ഈ പരിതഃസ്ഥിതിയിൽ ഇന്ത്യയിലെ വൻകിട ബൂഷ്വാസിയുടെ ഭരണാധികാരവുമായി ജനകീയജനാധിപത്യവിപ്ലവത്തിനു് ഏററുമുട്ടേണ്ടിവരും. വസ്തുതയിതായതുകൊണ്ടു് വിപ്ലവം നടത്താൻവേണ്ടി രൂപീകരിക്കുന്ന ജനകീയജനാധിപത്യമുന്നണി പഴയകാലത്തെ മാതി

രി ഒരു പൊതു ദേശീയ ഐക്യമുന്നണിയായിരിക്കുകയില്ല. പഴയകാലത്തു്, നമ്മുടെ ദേശീയ വിമോചനസമരത്തിന്റെ ആദ്യഘട്ടത്തിൽ വിപ്ലവത്തിന്റെ കുന്തമുന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ വിദേശവാഴ്ചയ്ക്കെതിരായായിരുന്നു തിരിക്കപ്പെട്ടിരുന്നതു്. വിപ്ലവത്തിന്റെ ജനാധിപത്യ-കാർഷികഘട്ടവും വളർച്ചയുടെ ഈ ഘട്ടത്തിൽ കാണപ്പെടുന്ന വർഗശക്തികളുടെ പുതിയ പരസ്പരബന്ധവും നാം ഉണ്ടാക്കാൻപോകുന്ന ജനാധിപത്യമുന്നണിക്കു് ഒരു പുതിയ ഉള്ളടക്കം ആവശ്യമാക്കിത്തീർത്തിരിക്കുന്നു.

100. ഇന്ത്യയിലെ തൊഴിലാളിവർഗത്തിന്റെയും അതിന്റെ രാഷ്ട്രീയപാർടിയായ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയുടെയും നേതൃത്വത്തിലല്ലാതെ ജനകീയജനാധിപത്യമുന്നണി വിജയപൂർവ്വം കെട്ടിപ്പടുക്കാനോ വിപ്ലവത്തിനു വിജയം കൈവരിക്കാനോ സാദ്ധ്യമല്ല. ചരിത്രപരമായി നോക്കുമ്പോൾ ഇന്നത്തെ സമുദായത്തിൽ തൊഴിലാളിവർഗത്തിനല്ലാതെ മറ്റൊരുവർഗത്തിനും ഈ പങ്കു നിർവ്വഹിക്കുവാൻ കഴിയുകയില്ല. നമ്മുടെ കാലഘട്ടത്തിലെ മുഴുവൻ അനുഭവങ്ങളും ഈ സത്യത്തെ പൂർണമായും വെളിവാക്കുന്നവയാണു്.

101. ജനകീയജനാധിപത്യമുന്നണിയുടെ കാതലും അടിത്തറയും ഉറച്ച തൊഴിലാളി-കർഷകവർഗൈക്യമാണു്. ഈ ഐക്യമാണു് ദേശീയസ്വാതന്ത്ര്യം സംരക്ഷിക്കാനും ദൂരവ്യാപകങ്ങളായ ജനാധിപത്യപരിവർത്തനങ്ങൾ നടപ്പാക്കാനും സമഗ്രമായ സാമൂഹ്യപുരോഗതി ഉറപ്പുവരുത്താനുമുള്ള ഏറ്റവും പ്രധാനപ്പെട്ടശക്തി. ദേശീയബൂർഷ്വാസിയിലെ വിവിധവിഭാഗങ്ങൾ നാടുവാഴിവിരുദ്ധ-സാമ്രാജ്യവിരുദ്ധ കടമകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ എത്രത്തോളം പങ്കെടുക്കുമെന്നതു് മുഖ്യമായും തൊഴിലാളി-കർഷക ഐക്യത്തിന്റെ കരുത്തി

നെയും ഉറപ്പിനെയും ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്നതും ശ്രദ്ധേയമാണ്. ചുരുക്കത്തിൽ വിപ്ലവത്തെ വിജയത്തിലേക്ക് നയിക്കാനുള്ള വിപുലമായ ജനകീയജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്നതിലുണ്ടാവുന്ന വിജയമോ പരാജയമോ അചഞ്ചലമായ തൊഴിലാളി–കർഷക സഖ്യംഊട്ടിയുണ്ടാക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

**102.** നമ്മുടെ കർഷകവർഗം ഏകസ്വഭാവത്തോടുകൂടിയ ഒരു ജനസമൂഹമല്ലെന്നും, മുതലാളിത്തം കടന്നുകയറിയതിന്റെ ഫലമായി അവരുടെയിടയ്ക്ക് വ്യക്തമായ ചേരിതിരിവ് ഉണ്ടായിട്ടുണ്ടെന്നും ഏവർക്കും അറിവുള്ള സംഗതിയാണ്. കർഷവർഗത്തിലെ വിഭിന്നവിഭാഗങ്ങൾ വിപ്ലവത്തിൽ വ്യത്യസ്ത പങ്കാണ് നിർവ്വഹിക്കുന്നത്. ഗ്രാമീണകുടുംബങ്ങളിൽ എഴുപതു ശതമാനം വരുന്നവരും ജന്മിമാരുടെ നിർദ്ദയചൂഷണത്തിനു വിധേയരുമായ കാർഷികത്തൊഴിലാളികളും ദരിദ്രകൃഷിക്കാരും ആധുനികസമുദായത്തിൽ അവരുടെ വർഗനിലകൊണ്ടുതന്നെ തൊഴിലാളിവർഗത്തിന്റെ അടിസ്ഥാനബന്ധുക്കളായിരിക്കും. ഇടത്തരം കൃഷിക്കാരും ഹുണ്ടികമൂലധനത്തിന്റെയും നാട്ടിൻപുറത്തെ നാടുവാഴി–മുതലാളി സ്വഭാവങ്ങളുള്ള ജന്മിമാരുടെയും മുതലാളിത്ത കമ്പോളത്തിന്റെയും കൊള്ളയ്ക്ക് ഇരയായിട്ടുള്ളവരാണ്. അതുകൊണ്ട് ജനാധിപത്യമുന്നണിയിലെ വിശ്വസ്തമിത്രങ്ങളാകത്തക്കതരത്തിൽ ഗ്രാമജീവിതത്തിലെ ജന്മിമേധാവിത്വം അവരുടെ സാമൂഹ്യനിലയെ ബാധിക്കുന്നുണ്ട്.

**103.** കർഷകവർഗത്തിലെ സ്വാധീനശക്തിയുള്ള മറെറാരു വിഭാഗമാണ് ധനികകൃഷിക്കാർ. കോൺഗ്രസ്സിന്റെ കാർഷിക പരിഷ്കരണങ്ങൾ അവരിൽ ചിലവിഭാഗങ്ങൾക്ക് നിശ്ചയമായും ഗുണകരമായിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷമുള്ള പുതിയ ഭരണംമൂലം അവർക്ക് കുറെയെല്ലാം നേട്ടങ്ങളുണ്ടാ

യിട്ടുണ്ട്. ഇവർ മുതലാളി–ജന്മിമാരുടെ അണികളിലേയ്ക്കു് ചേരാനാഗ്രഹിക്കുന്നവരാണ്. തങ്ങളുടെ കൃഷിസ്ഥലങ്ങളിൽ കാർഷികത്തൊഴിലാളികളെ കൂലിക്കു് ഏർപ്പെടുത്താനിടയാവുന്നതിൽനിന്നു് അവർക്കു് കാർഷികത്തൊഴിലാളികളോട്ട് ശത്രുതയുണ്ടായിട്ടുണ്ട്. എന്നിരുന്നാലും ഭാരിച്ച നികുതികരം വ്യാവസായിക സാമഗ്രികളുടെ ഉയൻ വില, നാണയപ്പെരുപ്പം എന്നിവ ഭാവി അനിശ്ചിതമാക്കത്തക്കതരത്തിൽ അവരെ അലട്ടുന്നുണ്ട്. ഇന്ത്യാക്കാരും അല്ലാത്തവരുമായ കുത്തകക്കച്ചവടക്കാരുടെ പിടിയിലമർന്ന കമ്പോളങ്ങളിലെ കൊള്ളയ്ക്കു് വിധേയരായ അവർ പലപ്പോഴും ബൂഷ്വാ–ജന്മി ഗവമ്മെണ്ട് തുടരുന്ന മർദ്ദന നയങ്ങളെ എതൃക്കാനിടവരുന്നുണ്ട്. അതുകൊണ്ടു് ഒരു അളവുവരെ അവരെയും ജനാധിപത്യമുന്നണിയിലേയ്ക്കുകൊണ്ടുവരാനും ജനകീയ ജനാധിപത്യ വിപ്ലവത്തിലെ കൂട്ടാളികളാക്കി നിലനിർത്താനും കഴിയും.

**104.** വിദേശ കുത്തകമുതലാളിത്തവുമായി സന്ധിചെയ്തും ജന്മിത്വവുമായി കൂട്ടുചേർന്നും മുതലാളിത്ത വികസനമാർഗം പിന്തുടരുന്ന മുതലാളി–ജന്മിഭരണത്തിൻകീഴിൽ വളരെ ദുരിതമനുഭവിക്കുന്നവരാണ് തുച്ഛമായ വരുമാനവും തീരെ അപര്യാപ്തമായ ശമ്പളവും കിട്ടുന്ന നഗരവാസികളും അല്ലാത്തവരുമായ ഇടത്തരക്കാർ. ഭക്ഷ്യസാധനങ്ങളുടെയും തുണിയുടെയും മററു നിത്യോപയോഗ വസ്തുക്കളുടെയുംകാര്യത്തിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയററം, കൊടുക്കേണ്ടിവരുന്ന വലിയവീട്ടുവാടക, കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി വരുന്ന വർദ്ധിച്ച ചിലവ്, വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ ഗവമ്മെണ്ട് നികുതികളുടെ സമ്മർദ്ദം എന്നിവയെല്ലാം അവരെ വല്ലാതെ അലട്ടുന്നുണ്ട്. അവരെ നിരന്തരം ഭീഷണിപ്പെടുത്തുന്ന മറെറാരു ഒഴിയാബാധയാണു് തൊഴിലില്ലായ്മ. ഈ വർഗത്തിനു് ജനാധിപത്യ

മുന്നണിയിലെ പങ്കാളികളാവാൻകഴിയും. അവരെ വിപ്ലത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ട എല്ലാ പരിശ്രമവും നടത്തേണ്ടതായിട്ടുണ്ട്.

105. അർദ്ധവികസിതവും പുതുതായി സ്വാതന്ത്ര്യംനേടിയതുമായ നമ്മുടേതുപോലുള്ള രാജ്യത്തെ ഒരു വർഗമെന്ന നിലയിൽ ഇന്ത്യൻബൂർഷ്വാസിക്ക് സാമ്രാജ്യത്വവുമായും അതുപോലെതന്നെ നാടുവാഴി, അർദ്ധനാടുവാഴി കാർഷികക്രമവുമായും അതിൻെറതായ സംഘർഷങ്ങളും വൈരുദ്ധ്യങ്ങളുമുണ്ട്. പക്ഷെ ഇതിലെ വൻകിട, കുത്തകവിഭാഗം സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഭരണാധികാരത്തിലുള്ള തങ്ങളുടെ സ്വാധീനമുപയോഗിച്ച് ഈ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും സന്ധിയിൽക്കൂടിയും സമ്മർദ്ദത്തിൽക്കൂടിയും വിലപേശലിൽക്കൂടിയും പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഈ ശ്രമത്തിൽ അവർ വിദേശകുത്തകകളുമായി ഉറച്ച ബന്ധങ്ങൾ വളർത്തിക്കൊണ്ടുവരികയും ജന്മികളുമായി അധികാരം പങ്കിടുകയുംചെയ്യുന്നു. ഒരുവശെ സാമ്രാജ്യത്വവുമായി വിലപേശാനും മറുവശെ സ്വയം കെട്ടിപ്പടുക്കാനുംവേണ്ടി ഈ വിഭാഗം സോഷ്യലിസ്റ്റുലോകത്തിൽനിന്നു കിട്ടുന്ന സഹായം ഉപയോഗിക്കാൻ വൈമനസ്യംകാണിക്കുന്നില്ലെങ്കിലും അവർ ജനവിരോധികളും കമ്യൂണിസ്റ്റ്‌വിരുദ്ധരും ജനകീയജനാധിപത്യമുന്നണിയേയും അതിൻെറ വിപ്ലവലക്ഷ്യങ്ങളെയും സംബന്ധിച്ചിടത്തോളം ഉറച്ച എതിർപ്പുള്ളവരുമാണ്.

106. വിദേശകുത്തകകളുമായി ഒട്ടുംതന്നെയോ അഥവാ ശാശ്വതമോ ആയ ബന്ധമില്ലാത്തവരും സ്വയം കുത്തകസ്വഭാവമില്ലാത്തവരും പലതരത്തിലും കുത്തകവിഭാഗങ്ങളിൽനിന്നു വിഷമമനുഭവിക്കുന്നവരുംആയ ദേശീയ ബൂർഷ്വാസിയിലെ മററു വിപുലവിഭാഗങ്ങൾ സാമ്രാജ്യവിരുദ്ധ-നാടുവാഴി

വിരുദ്ധ വിപ്ലവത്തിൻെറ മുഖ്യകടമകഠം നിർവഹിക്കുന്നകാര്യത്തിൽ വസ്തുനിഷ്ഠമായിത്തന്നെ താല്പര്യമുള്ളവരാണു്. ലോകമുതലാളിത്ത വ്യവസ്ഥയുടെ പൊതുകുഴപ്പം മൂർച്ഛിക്കുകയും, വിദേശകുത്തകകളും അവരുംതമ്മിലുള്ള വൈരുദ്ധ്യങ്ങഠം അതിതീഷ്ണമായിത്തീരുകയും, വൻകിട ബൂഷ്വാസി തങ്ങളുടെ സാമ്പത്തിക ശക്തിയും ഭരണകൂടത്തിലുള്ള നേതൃസ്ഥാനവും ഉപയോഗിച്ചു് സ്വന്തം കുഴപ്പം രാജ്യത്തിലെ തങ്ങളുടെ വർഗസഹോദരങ്ങളുടെ ചിലവിൽ പരിഹരിക്കാൻ ശ്രമിക്കുകയുംചെയ്യുന്നതോടെ ബൂഷ്വാസിയിലെ ഈ വിഭാഗം ഭരണാധികാരത്തിനെതിരായി തിരിയാൻ നിർബ്ബന്ധിതരാവുകയും ജനകീയ ജനാധിപത്യമുന്നണിയിൽ പങ്കുചേരുകയുംചെയ്യും. പക്ഷെ അവർ വൻകിട ബൂഷ്വാസിയോടൊപ്പം ഭരണാധികാരത്തിൽ പങ്കുള്ളവരാണെന്നും അതേഭരണത്തിൻകീഴിൽ കൂടുതൽ വളർച്ച നേടുന്നതിനെപ്പററി വമ്പിച്ച പ്രതീക്ഷകഠംവച്ചുപുലത്തുന്നവരാണെന്നും ഓർമ്മവയ്ക്കണം. വസ്തുനിഷ്ഠമായി നോക്കുമ്പോഠം ഈ വിഭാഗം പുരോഗമനസ്വഭാവമുള്ളതാണെങ്കിലും ഇന്ത്യൻ വൻകിട കുത്തകകളുമായും വിദേശകുത്തകകളുമായും താരതമ്യപ്പെടുത്തുമ്പോഠം ദുർബ്ബലമായ അതിൻെറ വർഗനിലകാരണം അതു് എപ്പോഴും അസ്ഥിരസ്വഭാവമുള്ളതായിരിക്കും. മാത്രമല്ല ഒരുവശെ സാമ്രാജ്യവാദികഠംക്കും അവരുടെ കൂട്ടുകാരായ ഇന്ത്യൻ വൻകിട ബൂഷ്വാസിക്കും, മറുവശെ ജനകീയ ജനാധിപത്യമുന്നണിക്കും ഇടയിൽ ഇവർ അങ്ങേയററത്തെ ചാഞ്ചാട്ടം പ്രകടിപ്പിക്കുന്നതുമായിരിക്കും. ഈ ദ്വിമുഖ സ്വഭാവംമൂലം വിപ്ലവത്തിലുള്ള അതിൻെറ പങ്കു് വർഗശക്തികളുടെ പരസ്പരബന്ധത്തിലുണ്ടാവുന്ന മാററങ്ങഠം, ഒരുവശെ സാമ്രാജ്യത്തവും നാടുവാഴിത്തവും മറുവശെ ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ തീഷ്ണത; വൻകിട ബൂഷ്വാസിയാൽ നയിക്കപ്പെടുന്ന ബൂഷ്വാ ഭരണകൂടവും ദേശീയ ബൂഷ്വാസിയിലെ മററുവിഭാഗങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ ആഴം തുടങ്ങി പല സമൂർത്ത സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കുന്നു.

107. ജനാധിപത്യമുന്നണിയിലേക്ക് അവരെകൊണ്ടുവരാനുള്ള എല്ലാ ശ്രമങ്ങളും നടത്തേണ്ടിയിരിക്കുന്നു. വസ്തുനിഷ്ഠമായും ശ്രദ്ധാപൂർവ്വവും അവരുടെ പ്രശ്നങ്ങൾ പഠിച്ചുകൊണ്ട് ഇന്ത്യൻ കുത്തകകൾക്കും വിദേശസാമ്രാജ്യത്വത്തിനുമെതിരായ അവരുടെ സമരങ്ങളിലെല്ലാം അവരെ സഹായിക്കാനുള്ള ഒരവസരവും തൊഴിലാളിവർഗം പാഴാക്കരുത്.

108. ജനകീയജനാധിപത്യവിപ്ലവം നേടിയെടുക്കാൻ വേണ്ടി ജനകീയ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുകയെന്ന തങ്ങളുടെ അടിസ്ഥാന ലക്ഷ്യവും, ഇതിന് വൻകിട ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള ഇന്നത്തെ ഇന്ത്യൻ ഭരണകൂടവുമായി അനിവാര്യമായും ഇടയേണ്ടിവരും എന്ന യാഥാർത്ഥ്യവും ഒരു നിമിഷത്തേക്കുപോലും വിസ്മരിക്കാതെതന്നെ, വിദേശസാമ്രാജ്യത്വവും വൻകിടബൂർഷ്വാസിയുൾപ്പെടെയുള്ള ഇന്ത്യൻ ബൂർഷ്വാസിയും തമ്മിലുള്ള വൈരുദ്ധ്യങ്ങളെയും സംഘർഷങ്ങളെയും തൊഴിലാളിവർഗവും കമ്യൂണിസ്റ്റുപാർടിയുംകണക്കിലെടുക്കേണ്ടതുണ്ട്. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നങ്ങളിലും, സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള രാഷ്ട്രീയ–സാമ്പത്തിക ബന്ധങ്ങളിലും, വിദേശ കുത്തകകളിൽനിന്നുള്ള സഹായത്തിന്റെ നിബന്ധനകളിലും, നമ്മുടെ കയറ്റുമതികൾക്ക് പര്യാപ്തമായ കമ്പോളങ്ങൾ കണ്ടുപിടിക്കുന്ന പ്രശ്നത്തിലും, വിദേശനയത്തിന്റെയും നമ്മുടെ ദേശീയ സ്വാതന്ത്ര്യം കാത്തുരക്ഷിക്കുന്നതിന്റെയും പ്രശ്നത്തിലും ഈ വൈരുദ്ധ്യങ്ങൾ പ്രകടമായിക്കാണാവുന്നതാണ്. നിത്യേന മൂർച്ഛിച്ചുവരുന്ന ലോകമുതലാളിത്ത പൊതുകുഴപ്പത്തിന്റെ പശ്ചാത്തലത്തിൽ ദേശീയ, സാർവ്വദേശീയ തലങ്ങളിലുള്ള ഈ വ്യത്യസ്ത വൈരുദ്ധ്യങ്ങൾക്ക് മൂർച്ചകൂട്ടാൻ സാദ്ധ്യതയുണ്ട്. ഈ പ്രതിഭാസത്തെ സസൂക്ഷ്മം പഠിക്കുന്നതോടൊപ്പം സാമ്രാജ്യവാദികളെ ഒറ്റപ്പെടുത്താനും ജനാധിപത്യമുന്നേറ്റത്തിനുവേ

ണ്ടിയുള്ള ജനകീയ സമരത്തെ ശക്തിപ്പെടുത്താനുംവേണ്ടി വി ദേശസാമ്രാജ്യവാദികളുമായുള്ള അത്തരം ഓരോ ഭിന്നതയും പിളർപ്പും സംഘട്ടനവും വൈരുദ്ധ്യവും കമ്യൂണിസ്റ്റ്പാർട്ടി ഉപയോഗിക്കണം. ഭരണകക്ഷിയായ കോൺഗ്രസുമായി ഏതെങ്കിലും തരത്തിലുള്ള തന്ത്രപരമായ ഐക്യത്തെയോ ഐക്യമുന്നണിയേയോ പററി യാതൊരു വ്യാമോഹവും വച്ചു പുലത്താതെതന്നെ, രാഷ്ട്രത്തിന്റെ യഥാർത്ഥ താല്പര്യങ്ങൾക്കി ണങ്ങുന്ന എല്ലാ ലോകസമാധാന-കോളനിവിരുദ്ധ പ്രശ്നങ്ങ ളിലും സാമ്രാജ്യത്വവുമായി വൈരുദ്ധ്യത്തിലുള്ള എല്ലാ സാ മ്പത്തിക-രാഷ്ട്രീയ പ്രശ്നങ്ങളിലും, നമ്മുടെ പരമാധികാര ത്തേയും സ്വതന്ത്രവിദേശനയത്തേയും ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച എല്ലാ പ്രശ്നങ്ങളിലും ഗവമ്മെണ്ടിനു നിർ ല്ലോഭമായ സഹായം നൽകാൻ തൊഴിലാളിവർഗം മടിക്കുക യില്ല.

109. സ്വന്തം കൊടിക്കീഴിൽ എല്ലാ പിന്തിരിപ്പൻ ശക്തികളെയും ഏകീകരിക്കാൻ ശ്രമിക്കുന്ന സ്വതന്ത്രാപാർട്ടി യുടെ പരിപാടിയിൽ രാജ്യത്തെ പിന്തിരിപ്പൻ-പ്രതിവിപ്ലവ പ്രവണതകളുടെ സമൂർത്ത പ്രതിഫലനമാണു് കാണുന്നതു്. ജന സംഘത്തെപ്പോലുള്ള വർഗീയശക്തികളുമായി അതു് ബന്ധ ങ്ങൾ ഊട്ടിയുണ്ടാക്കുന്നു; പൊതുമേഖലയ്ക്കെതിരായി ഹീനമായ ആക്രമണങ്ങൾ നടത്തുകയും ഇന്ത്യനും വൈദേശികവുമായ കുത്തകകൾക്കു് കൂടുതൽ സൌജന്യങ്ങൾ ആവശ്യപ്പെടുകയും ചെയ്യുന്നു; സോഷ്യലിസ്റ്റ്രാഷ്ട്രങ്ങളുമായുള്ള കച്ചവടത്തെ തുരങ്കംവയ്ക്കുന്നതോടൊപ്പം വിദേശ മൂലധനത്തിന്—പ്രധാന മായും അമേരിക്കൻ മൂലധനത്തിന്—കടന്നുകയറുവാൻവേണ്ടി മിക്കവാറും ഒരു 'തുറന്ന വാതിൽ'നയത്തിനുവേണ്ടി പരസ്യ മായി വാദിക്കുന്നു. അവർ എല്ലാ കാർഷികപരിഷ്കാരങ്ങൾ ക്കും തുരങ്കംവയ്ക്കാൻ ശ്രമിക്കുന്നു. അന്തിത്തിത്തക്ക്ത്തിൽ ചൈ

നയുമായുണ്ടായ സൈനിക സംഘട്ടനത്തിനശേഷം അമേരിക്കയുമായി സൈനികസഖ്യമുണ്ടാക്കണമെന്നു പറയാൻ അവക്കു ധൈര്യംകിട്ടിയിരിക്കുന്നു. സ്വതന്ത്രാപാർടിയുടെ പിന്തിരിപ്പൻ സിദ്ധാന്തത്തെയും പരിപാടിയെയും കമ്യൂണിസ്റ്റ് പാർടി ഉറച്ചുനിന്നെതിർക്കുന്നതായിരിക്കും.

110 ഇക്കാര്യങ്ങളെല്ലാം അടിസ്ഥാനമാക്കിക്കൊണ്ടു്, ദേശസ്നേഹികളായ എല്ലാ ശക്തികളുമായി—അതായതു് മുതലാളിത്തത്തിനുമുമ്പുള്ള സാമൂഹ്യ വ്യവസ്ഥയുടെ അവശിഷ്ടങ്ങൾ തുടച്ചുനീക്കുന്നതിലും കൃഷകവർഗത്തിന്റെ താല്പര്യങ്ങൾക്കൊത്തവിധം സമഗ്രമായ കാർഷിക വിപ്ലവം നടത്തുന്ന കാര്യത്തിലും വിദേശമൂലധനത്തിന്റെ എല്ലാ ലാഞ്ഛനകളേയും തുടച്ചുനീക്കുന്നതിലും ഇന്ത്യൻ സംസ്കാരവും സാമൂഹ്യജീവിതവും സമ്പദ്‌വ്യവസ്ഥയും മൌലികമായി പുനസ്സംഘടിപ്പിക്കുന്നതിനുള്ള എല്ലാ മാർഗതടസ്സങ്ങളും നീക്കംചെയ്യുന്നതിലും തല്പരരായ എല്ലാവരുമായി—ഐക്യം സ്ഥാപിക്കുകയെന്നതു് സ്വന്തം കടമയായി കമ്യൂണിസ്ററുപാർടി മുന്നിൽ കാണുന്നു.

111. തൊഴിലാളി–കർഷക സഖ്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ദേശാഭിമാന–ജനാധിപത്യശക്തികളുടെയും വിപ്ലവകരമായ ഐക്യത്തിലൂടെ ജനകീയജനാധിപത്യവിപ്ലവത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള സമരം സുദീർഘവും സങ്കീർണ്ണവുമാണു്. വ്യത്യസ്തഘട്ടങ്ങളിൽ അതു് നടത്തേണ്ടതുണ്ടു്. വിപ്ളവ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഈ പ്രത്യേക ഘട്ടങ്ങളിൽ വ്യത്യസ്ത വർഗങ്ങളും ഒരേവർഗത്തിലെതന്നെ വ്യത്യസ്ത വിഭാഗങ്ങളും വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കാൻ സാദ്ധ്യതയുണ്ടു്. വിഭിന്ന വർഗങ്ങളുടെയും ഒരേവർഗത്തിലുള്ള വിഭിന്ന വിഭാഗങ്ങളുടെയും നിലപാടുകളിലെ മാററങ്ങൾമൂലമുണ്ടാവുന്ന സങ്കീർണ്ണതകൾ കാരണം വിപ്ളവ തൊഴിലാളിവർഗത്തിന്റെ മുന്നണിപടയാളിയായി

കമ്യൂണിസ്റ്റ്പാർടി വളർന്നുവരേണ്ടതിൻെറയും അതിൻെറ അണിയിലേയ്ക്ക് ഏററവും ആത്മാർത്ഥതയും ആത്മത്യാഗസന്നദ്ധതയുമുള്ള വിപ്ലവകാരികളെകൊണ്ടുവരേണ്ടതിൻെറയും പ്രാധാന്യം വർദ്ധിക്കുന്നു. സ്വന്തം അണികളെ മാർക്സിസം-ലെനിനിസത്തിൻെറ അന്തസ്സത്തയുറംക്കൊള്ളത്തക്കവിധം തുടർച്ചയായി പാഠിപ്പിക്കുകയും വീണ്ടും പാഠിപ്പിക്കുകയുംചെയ്യുന്ന ഒരു പാർടിക്കുമാത്രമേ വർഗശക്തികളുടെ പരസ്പരബന്ധത്തിലുണ്ടാവുന്ന മാററങ്ങാംക്കനുസരിച്ച് പ്രത്യേക സന്ദർഭത്തിനു യോജിച്ച പ്രവർത്തനരൂപങ്ങാം സ്വായത്തമാക്കാൻകഴിയൂ. വിപ്ലവ പ്രസ്ഥാനത്തിൻെറ മാർഗത്തിലുണ്ടാവാനിടയുള്ള വിവിധ വളവുതിരിവുകളിലൂടെ ജനതയെ നയിച്ചുകൊണ്ടുപോകാൻ അത്തരമൊരു പാർടിക്കു മാത്രമേ കഴിയൂ.

112 ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ സ്ഥിതിയുടെ ആവശ്യങ്ങളെ നേരിടാൻ പാർടിക്ക് വിവിധ ഇടക്കാല മുദ്രാവാക്യങ്ങാം ആവിഷ്കരിക്കേണ്ടിവരുമെന്നുള്ളതു് വ്യക്തമാണ്. ഇന്നത്തെ ഭരണാധികാരിവർഗങ്ങളെ മാററി, തൽസ്ഥാനത്ത് തൊഴിലാളി-കർഷക സഖ്യത്തിന്മേൽ പടുത്തുയർത്തിയ ഒരു പുതിയ ജനാധിപത്യഭരണക്കൂടവും ഗവമ്മെണ്ടും സ്ഥാപിക്കുകയെന്ന കടമ ജനങ്ങളുടെ മുമ്പാകെ ഉയർത്തിപ്പിടിക്കുമ്പോാംതന്നെ, ജനങ്ങാംക്ക് അടിയന്തിരാശ്വാസം നൽകുകയെന്ന മിതമായ പരിപാടി നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമായ ഗവമ്മെണ്ടുകാം നിലവിൽവരുത്താൻ കിട്ടുന്ന എല്ലാ സന്ദർഭങ്ങളും പാർടി ഉപയോഗപ്പെടുത്തും. അത്തരം ഗവമ്മെണ്ടുകളുടെ രൂപീകരണം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിപ്ലവപ്രസ്ഥാനത്തിന് ഉത്തേജനം നൽകുകയും ജനാധിപത്യമുന്നണികെട്ടിപ്പടുക്കുകയെന്നപ്രക്രിയയെ സഹായിക്കുകയുംചെയ്യും. പക്ഷെ അടിസ്ഥാനപരമായി ഒരു രീതിയിലും അതു് രാഷ്ട്രത്തിൻെറ സാമ്പത്തിക-രാഷ്ട്രീയ പ്രശ്നങ്ങാം പരിഹരിക്കുക

യില്ല. അതുകൊണ്ടു് ജനങ്ങൾക്കു് അടിയന്തിരാശ്വാസം നൽകുന്ന താല്ക്കാലിക സ്വഭാവത്തോടുകൂടിയ അത്തരം ഗവമ്മെണ്ടുകൾ രൂപീകരിക്കാനുള്ള എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്തുന്നതോടൊപ്പംതന്നെ, വൻകിട ബൂർഷ്വാസിയുടെ നേതൃത്വത്തിലുള്ള ഇന്നത്തെ ബൂർഷ്വാ-ജന്മി ഭരണകൂടത്തെയും ഗവമ്മെണ്ടിനെയും മാറേറണ്ടതിന്റെ ആവശ്യത്തെപ്പററി പാർടി ജനങ്ങളെ തുടർന്നു പഠിപ്പിച്ചുകൊണ്ടിരിക്കുകയും അങ്ങിനെ ബഹുജനപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

**113.** ജനകീയ ജനാധിപത്യം സ്ഥാപിക്കലും സോഷ്യലിസത്തിലേയ്ക്കുള്ള പരിവത്തനവും സമാധാനപരമായ മാർഗങ്ങളിലൂടെ കൈവരിക്കാനാണു് ഇന്ത്യൻ കമ്യൂണിസ്റ്റു് പാർടി പരിശ്രമിക്കുന്നതു്. സുശക്തമായ ഒരു ബഹുജന വിപ്ലവ പ്രസ്ഥാനം വളർത്തിയെടുത്തുകൊണ്ടും, പാർലമെൻററി-പാർലിമെൻേറതര സമരരൂപങ്ങളെ കൂട്ടിയിണക്കിക്കൊണ്ടും പിന്തിരിപ്പൻശക്തികളുടെ എതിർപ്പിനെ പരാജയപ്പെടുത്താനും സമാധാനപരമായ മാർഗങ്ങളിൽകൂടി പരിവത്തനം സാദ്ധ്യമാക്കാനുംവേണ്ടി തൊഴിലാളിവർഗവും അതിന്റെ സഖ്യശക്തികളും പരമാവധി പരിശ്രമിക്കുന്നതാണു്.

പക്ഷെ ഭരണാധികാരി വർഗങ്ങൾ ഒരിക്കലും അവരുടെ അധികാരം സ്വമേധയാ കൈവെടിയുകയില്ലെന്നു് നാം എപ്പോഴും ഓർമ്മിക്കേണ്ടതുണ്ടു്. ജനങ്ങളുടെ നിശ്ചയത്തെ നിഷേധിക്കാനും അക്രമവും നിയമരാഹിത്യവുംകൊണ്ടു് അതിനെ തകിടംമറിക്കാനും അവർ ഒരുമ്പെടുന്നു. അതുകൊണ്ടു് വിപ്ലവശക്തികൾ എല്ലായ്പോഴും ജാഗ്രതയോടുകൂടി ഇരിക്കേണ്ടതും രാജ്യത്തിന്റെ രാഷ്ട്രീയജീവിതത്തിലുണ്ടാവുന്ന എല്ലാ വളവുതിരിവുകളെയും എല്ലാ പ്രത്യേക സാഹചര്യങ്ങളെയും നേരിടത്തക്കവിധം സ്വന്തം പ്രവത്തനത്തെ തിരിച്ചുവിടേണ്ടതുമാണു്.

# കമ്യൂണിസ്റ്റ് പാർടി കെട്ടിപ്പടുക്കൽ

114 ബഹുജനങ്ങളെ ബൂർഷ്വാആശയങ്ങളുടെ സ്വാധീനശക്തിയിൽനിന്നു് സ്വതന്ത്രമാക്കാനും അവരുടെ രാഷ്ട്രീയബോധം വളർത്താനും അവരെ ശാസ്ത്രീയസോഷ്യലിസത്തിന്റെ നിലപാടിലേയ്ക്കു് കൊണ്ടുവരാനും പ്രത്യയശാസ്ത്രരംഗത്തു് ശക്തമായ സമരങ്ങൾ അത്യന്താപേക്ഷിതമാണു്. ബൂർഷ്വാസിദ്ധാന്തത്തിന്റെ അങ്ങേയററത്തെ അധഃപതനത്തിൽനിന്നുണ്ടാവുന്ന ആഴമേറിയ പ്രത്യയശാസ്ത്ര തകർച്ചയെ സൂചിപ്പിക്കുന്ന കമ്യൂണിസ്റ്റ് വിരോധമാണു് ഭരണാധികാരിവർഗത്തിന്റെ പ്രത്യയശാസ്ത്രപരമായ പ്രധാന ആയുധം. ഈ ആയുധമുപയോഗിച്ചുകൊണ്ടു് ജനാധിപത്യ പ്രസ്ഥാനത്തെ ആശയപരമായി തുരങ്കംവയ്ക്കാനും മററു ജനാധിപത്യശക്തികളിൽനിന്നു് കമ്യൂണിസ്ററുകാരെ ഒററപ്പെടുത്താനും അവർ

ശ്രമിക്കുന്നു. കമ്യൂണിസ്റ്റ്‌വിരോധം മാർക്സിസ്റ്റ്‌തത്വസംഹിതയെ ഭയങ്കരമായി വളച്ചൊടിക്കുകയും സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയ്ക്കെതിരായി സംസ്കാരശൂന്യമായ അപവാദങ്ങൾ പ്രചരിപ്പിക്കുകയും കമ്യൂണിസ്റ്റ്‌നയങ്ങളെയും ലക്ഷ്യങ്ങളെയും തെറ്റായി ചിത്രീകരിക്കുകയും ജനാധിപത്യസമാധാനശക്തികൾക്കും സംഘടനകൾക്കുമെതിരായി ക്രൂരമായ ആക്രമണം അഴിച്ചുവിടുകയും ചെയ്യുന്നു. കമ്യൂണിസ്റ്റ്‌വിരോധം ദേശീയ താല്പര്യങ്ങൾക്കും ജനാധിപത്യപ്രസ്ഥാനത്തിൻെറ താല്പര്യങ്ങൾക്കും എതിരാണ്. കമ്യൂണിസ്റ്റുകാർ കമ്യൂണിസ്റ്റ്‌വിരോധത്തെ അങ്ങേയററത്തെ ശക്തിയുപയോഗിച്ച് എതിർക്കുകയും തുറന്നുകാണിക്കുകയും വേണം.

നമ്മുടെ ജനതയുടെ ജനാധിപത്യപ്രസ്ഥാനത്തിൻെറ വളർച്ചയെ തടയാനും തകർക്കാനുംവേണ്ടി പിന്തിരിപ്പൻ സ്ഥാപിതതാല്പര്യങ്ങൾ ബൂർഷ്വാദേശീയവാദത്തേയും ദേശീയ ദുരഭിമാനത്തെയും ജാതിസമ്പ്രദായം, വർഗീയത, മതാന്ധത എന്നിവയെയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഹിന്ദിഭാഷാ ഭ്രാന്ത് തലപൊക്കിക്കഴിഞ്ഞു. അതിനെതിരായി മററു ഭാഷാ ഗ്രൂപ്പുകൾ വിഭാഗീയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു. യോജിച്ച തൊഴിലാളിവർഗപ്രസ്ഥാനത്തിൻെറയും വിപ്ളവപ്രസ്ഥാനത്തിൻെറയും താല്പര്യങ്ങൾക്ക് ഇവ രണ്ടും ഹാനികരമാണ്. അതുകൊണ്ട് കമ്യൂണിസ്റ്റ്‌പാർടി അവയ്ക്കെതിരായി സമരംചെയ്യുന്നതായിരിക്കും.

ഭരണകക്ഷിയുടെ നേതൃത്വമടക്കം പല ബൂർഷ്വാ നേതാക്കന്മാരും ബഹുജനങ്ങളെ വഞ്ചിക്കാൻവേണ്ടി വാചാലമായി സോഷ്യലിസ്റ്റ് പദപ്രയോഗങ്ങൾ നടത്താറുണ്ട്. സോഷ്യലിസ്റ്റ് പ്രഖ്യാപനങ്ങൾ നടത്തുമ്പോൾതന്നെ ഈ ബൂർഷ്വാ നേതാക്കന്മാർ യഥാർത്ഥ സോഷ്യലിസ്റ്റ്‌മാർഗത്തിൻവേണ്ടിയുള്ള

സമരത്തിൽനിന്നു് ജനങ്ങളെ അകററിനിർത്തുകയാണു്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിനും കമ്യൂണിസ്റ്റ് പാർട്ടിക്കുമെതിരായി അവർ നടത്തുന്ന ആക്രമണം മറച്ചുവയ്ക്കുന്നതിനുവേണ്ടിയാണു് ഈ സോഷ്യലിസ്റ്റ് മുദ്രാവാക്യങ്ങൾ ഉപയോഗപ്പെടുത്തുന്നതു്. കോൺഗ്രസ്സ് ഗവമ്മെണ്ടിൻെറ നടപടികൾ ലേശംപോലും സോഷ്യലിസ്റ്റ് അല്ലെന്നും ബൂർഷ്വാ നേതാക്കന്മാരുടെ സിദ്ധാന്തങ്ങളിൽ സോഷ്യലിസത്തിൻെറ കണികപോലുമില്ലെന്നും കമ്യൂണിസ്റ്റ് പാർട്ടി ബഹുജനങ്ങൾക്കു് വ്യക്തമാക്കിക്കൊടുക്കുന്നു.

വലതുപക്ഷ സോഷ്യലിസ്ററുകാരുടെയും തിരുത്തൽവാദികളുടെയും കമ്യൂണിസ്റ്റ് വിരുദ്ധ, പിളർപ്പൻ നിലപാടുകൾക്കെതിരായി വിട്ടുവീഴ്ചയില്ലാത്ത പ്രത്യയശാസ്ത്ര, രാഷ്ട്രീയ സമരങ്ങൾ നടത്തേണ്ടതു് നമ്മുടെ രാജ്യത്തെ ജനകീയശക്തികളുടെ ഐക്യത്തിനും കെട്ടുറപ്പിനും അത്യന്താപേക്ഷിതമാണു്.

**115.** ജനകീയ ജനാധിപത്യഗവമ്മെണ്ടു് സ്ഥാപിക്കൽ ഈ കടമകൾ വിജയപൂർവം നടപ്പാക്കൽ, ജനകീയ ജനാധിപത്യഭരണക്കൂടത്തിൽ തൊഴിലാളിവർഗനേതൃത്വം-ഇവയെല്ലാം ഇന്ത്യൻ വിപ്ലവം ജനാധിപത്യഘട്ടത്തിൽതന്നെ നിൽക്കുകയില്ലെന്നും സോഷ്യലിസ്റ്റ് പരിവർത്തനം നടപ്പിലാവുന്ന ഒരു ഘട്ടത്തിലേയ്ക്കു് ക്ഷണത്തിൽ മുന്നേറുമെന്നും ഉറപ്പുനൽകുന്നു.

**116.** ഏതൊരു ലക്ഷ്യത്തിനുവേണ്ടിയാണോ നാം സമരംചെയ്യുന്നതു്, ആ ലക്ഷ്യത്തേയും ജനാധിപത്യദേശീയ മുന്നേററത്തിൻെറ ഗതിയേയും സംബന്ധിച്ച വ്യക്തമായ ഒരു ചിത്രം നമ്മുടെ ജനത്തിനു് കിട്ടാൻവേണ്ടിയാണു് ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടി ഈ പരിപാടിയും ഇന്നത്തെ മുഖ്യവും അടിയന്തിരവുമായ കടമകളും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതു്.

ഈ അടിയന്തിരകടമകൾ നിർവ്ഹിക്കുന്നതിനും ലക്ഷ്യ
പ്രാപ്തിക്കുംവേണ്ടി ഒരു ഏകീകൃത ജനാധിപത്യമുന്നണിയിൽ
യോജിച്ച് അണിനിരക്കാൻ അദ്ധ്വാനിക്കുന്ന തൊഴിലാളി–
കർഷക ജനലക്ഷങ്ങളേയും അദ്ധ്വാനിക്കുന്ന ബുദ്ധിജീവികളേ
യും ഇടത്തരക്കാരെയും യഥാത്ഥ ജനാധിപത്യവികസനത്തിലും
ഐശ്വര്യപൂണ്ണമായ ജീവിതനിമ്മാണത്തിലും താല്പര്യമുള്ള
ദേശീയ ബൂർഷ്വാസിയേയും നമ്മുടെ പാർടി ആഹ്വാനംചെ
യ്യുന്നു.

117. നമ്മുടെ ജനതയുടെ സമരപാരമ്പര്യത്തെമുന്നോട്ട
നയിച്ചുകൊണ്ട് കമ്യൂണിസ്റ്റ്പാർടി ദേശാഭിമാനത്തെ തൊ
ഴിലാളിവർഗസാവ്ദേശീയത്വവുമായി കൂട്ടിയിണക്കുന്നു. മനു
ഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്നതവസാനിപ്പിക്കാനും
തങ്ങളുടെ പരിപൂണ്ണമായ മോചനത്തിനുവേണ്ടി അദ്ധ്വാനി
ക്കുന്ന ജനവിഭാഗങ്ങൾക്ക് ശരിയായ മാർഗനിർദ്ദേശം നൽ
കാൻ ഏതൊന്നിനുമാത്രമാണോ കഴിയുന്നത്, ആ മാർക്സിസ്റ്റ്–
ലെനിനിസ്റ്റ് തത്വസംഹിതയും പ്രമാണങ്ങളുമാണ് നമ്മുടെ
പാർടിയെ എല്ലാ പ്രവത്തനങ്ങളിലും സമരങ്ങളിലും നയിക്കു
ന്നത്. അദ്ധ്വാനിക്കുന്ന ജനതയുടെ ഏററവും മുന്നണിയിൽ
നിൽക്കുന്നഏററവും സജീവരായ, ഏററവും നിസ്വാത്ഥരായ
പുത്രീ–പുത്രന്മാരെ പാർടി അതിന്റെ അണികളിൽ സംഘടി
പ്പിക്കുന്നു. അവരെ ഉറച്ച മാർക്സിസ്റ്റ്–ലെനിനിസ്ററുകളും
തൊഴിലാളിവർഗ സാവ്ദേശീയവാദികളുമായി വളത്തിക്കൊ
ണ്ടുവരുന്നതിന് പാർട്ടി അവിരാമമായി പരിശ്രമിക്കുന്നു.
ഒരു ജനാധിപത്യവികസനമാർഗത്തിനുവേണ്ടിയുള്ള സമര
ത്തിൽ ദേശാഭിമാനികളും ജനാധിപത്യവാദികളുമായ എല്ലാ
ശക്തികളേയും കൂട്ടിച്ചേർക്കുകയെന്ന കടമ നിർവഹിക്കാനും,
ഈ പരിപാടി നടപ്പിലാക്കാൻവേണ്ടി സുശക്തമായൊരു ജന
കീയ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുകയെന്ന മഹത്തായ

കടമ നിർവ്വഹിക്കാനും പാർട്ടി അതിന്റെ എല്ലാ കഴിവും കരുത്തും ചെലവഴിക്കുകയാണ്.

118. നമ്മുടെ നാടിന്റെ ജനാധിപത്യപരമായ വളർച്ചയ്ക്കുവേണ്ടി സമരംചെയ്യുന്നതോടൊപ്പം, ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടി ദേശീയ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനും സമാധാനത്തിനുംവേണ്ടിയുള്ള ലോകവ്യാപകമായ സമരത്തിൽ അതിന്റെ പങ്ക് നിർവ്വഹിക്കുന്നതാണ്. ഇന്നത്തെ ലോകസ്ഥിതിയുടെ വിപ്ളവകരമായ അപഗ്രഥനമുൾക്കൊള്ളുന്ന, 1960 നവമ്പറിൽ മോസ്കോയിൽ വച്ചുചേന്ന 81 മാർക്സിസ്റ്റ്–ലെനിനിസ്റ്റ് പാർടി പ്രതിനിധികളുടെ പ്രസ്താവനയിലും അതിൻമുമ്പത്തെ, 1957–ലെ പ്രഖ്യാപനത്തിലും നമ്മുടെ പാർടി ഉറച്ചുനിൽക്കുന്നു. ഈ രണ്ടു മഹത്തായ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് രേഖകളും എല്ലാ കമ്യൂണിസ്റ്റുകാർക്കും തൊഴിലാളിവർഗത്തിനും ലോകമാകെയുള്ള പുരോഗമനശക്തികൾക്കും അമൂല്യമായൊരു മാർഗദർശിയാണ്. ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടി ഈ രണ്ടു രേഖകളിലെയും വിപ്ളവകരമായ സിദ്ധാന്തങ്ങളെ ഉയർത്തിപ്പിടിക്കുകയും മാർക്സിസം–ലെനിനിസത്തിന്റെ പരിശുദ്ധിയെ കാത്തുരക്ഷിക്കുകയും എല്ലാ തിരുത്തൽ വാദ–പ്രമാണമാത്രവാദവ്യതിയാനങ്ങളിൽനിന്നും സ്വയം രക്ഷിക്കുകയുംചെയ്യുന്നു. ലോകകമ്യൂണിസ്റ്റുപ്രസ്ഥാനത്തെയാകെ വലയംചെയ്തിരിക്കുന്ന പ്രധാന വിപത്തായ ആധുനിക തിരുത്തൽവാദത്തിന്റെ ഭീഷണിക്കെതിരായി സമരം ചെയ്യുമെന്നു പ്രതിജ്ഞയെടുക്കുന്നതോടൊപ്പം, പ്രമാണമാത്രവാദപരമായ തെറ്റുകൾക്കെതിരായി മുന്നറിയിപ്പു നൽകുകയും ചെയ്തുകൊള്ളുന്നു. ഓരോ രാജ്യത്തും, ലോകമാകെയും ഈ പുതിയ കാലഘട്ടം തുറന്നിട്ടിട്ടുള്ള സാദ്ധ്യതകളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരേയൊരു ഉറപ്പ് സാർവ്വദേശീയകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഐക്യമാണ്. ആ ഐക്യം ശക്തിപ്പെടുത്താൻ നമ്മുടെ പാർടി പ്രയത്നിക്കുന്നതാണ്.

119. മാർക്സിസ്റ്റ്–ലെനിനിസ്റ്റ് സിദ്ധാന്തങ്ങളും കമ്യൂണിസ്റ്റ് പാർടികളുടെ നേതൃത്വവും മനുഷ്യരാശിയുടെ മൂന്നിലൊരുഭാഗത്തിലേറെ ജനങ്ങളെ സോഷ്യലിസത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും യഥാർത്ഥ ജനാധിപത്യത്തിലേയ്ക്കും സാർവ്വത്രികസൗഖ്യത്തിലേയ്ക്കും ഇപ്പോൾതന്നെ നയിച്ചുകഴിഞ്ഞിരിക്കുന്നു. 90–ലേറെ കമ്യൂണിസ്റ്റ്പാർടികളും മൊത്തത്തിൽ 430 ലക്ഷം അംഗങ്ങളുമുള്ള ലോകകമ്യൂണിസ്റ്റ്പ്രസ്ഥാനം, ചരിത്രത്തിലൊട്ടാകെ, മാനവരാശിയുടെ ഏററവും മഹത്തും സുശക്തവുമായ പുരോഗമനപ്രസ്ഥാനമെന്നനിലയിൽ സ്വന്തം ലക്ഷ്യത്തിലേയ്ക്ക് വിജയപൂർവ്വം മുന്നേറുകയാണ്. ലോകത്തിലാകെ സോഷ്യലിസത്തിൻെറ പരിപൂർണ്ണ വിജയം അനിവാര്യമാണ്.

120. തൊഴിലാളിവർഗത്തിൻേറയും അതിൻെറ വിപ്ളവമുന്നണിപ്പടയുടേയും നേതൃത്വത്തിൽ, മാർക്സിസ്റ്റ്–ലെനിനിസ്റ്റ് സിദ്ധാന്തത്തിലൂടെ മാർഗദർശനം സ്വീകരിച്ചുകൊണ്ട്, നമ്മുടെ നാട്ടിലെ ജനത ഈ പരിപാടി നേടിയെടുക്കുമെന്ന് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിക്ക് വിശ്വാസമുണ്ട്. നമ്മുടെ മഹത്തായ ഇന്ത്യാരാജ്യവും വിജയകരമായ ഒരു ജനകീയ ജനാധിപത്യമായി രംഗപ്രവേശംചെയ്ത് സോഷ്യലിസത്തിലേയ്ക്കുള്ള പാതയിൽക്കൂടി മുന്നേറുമെന്നും നമ്മുടെ പാർടിക്ക് ബോദ്ധ്യമുണ്ട്.

★

# സ്ഥിതിവിവരക്കണക്കുകൾ

ഖണ്ഡിക 18: അനുബന്ധം

## പൊതുജനങ്ങളുടെ
## കൈവശമുള്ള പണം

(കോടിക്കണക്കിൽ)

| കൊല്ലം | പ്രചാരത്തിലുള്ള കറൻസി | നിക്ഷിപ്തധനം | ആകെ |
|---|---|---|---|
| 1951 | 1289.85 | 564.77 | 1804.62 |
| 1955 | 1450.82 | 628.29 | 2079.11 |
| 1956 | 1551.60 | 659.90 | 2211.50 |
| 1957 | 1593.65 | 712.14 | 2305.79 |
| 1958 | 1673.92 | 703.56 | 2377.48 |
| 1959 | 1821.77 | 724.62 | 2546.39 |
| 1960 | 1967.46 | 743.22 | 2710.68 |
| 1961 | 2059.62 | 780.86 | 2840.48 |
| 1962 | 2246.30 | 874.41 | 3120.71 |
| 1963 | 2475.79 | 1065.37 | 3541.16 |
| 1964 ആഗസ്റ്റ് | 2541.08 | 1220.23 | 3761.31 |

(റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യാ ബുള്ളറ്റിനിൽനിന്ന്)

### ഖണ്ഡിക 18: അനുബന്ധം

# 1960-ൽ ഇന്ത്യയിലെ നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും വരുമാനങ്ങളിലുള്ള വ്യത്യാസം

| വരുമാനഗ്രൂപ്പ് | നഗരം: കുടുംബങ്ങളുടെ അനുപാതം | നഗരം: ശരാശരി വരുമാനം ക. | ഗ്രാമം: കുടുംബങ്ങളുടെ അനുപാതം | ഗ്രാമം: ശരാശരി വരുമാനം ക. |
|---|---|---|---|---|
| 500 ക.യിൽ താഴെ | 13.6 | 300 | 23.1 | 263 |
| 500– 999 ക. | 28.9 | 753 | 38.3 | 718 |
| 1000– 1999 ക. | 32.5 | 1,390 | 25.5 | 1,366 |
| 2000– 2999 ക. | 10.6 | 2,387 | 7.5 | 2,367 |
| 3000– 3999 ക. | 5.6 | 3,469 | 2.9 | 3,430 |
| 4000– 4999 ക. | 3.1 | 4,474 | 1.3 | 4,392 |
| 5000– 5999 ക. | 1.7 | 5,436 | 0.5 | 5,302 |
| 6000– 7999 ക. | 1.7 | 6,732 | 0.3 | 6,867 |
| 8000– 9999 ക. | 0.7 | 8,881 | 0.4 | 8,823 |
| 10000–14999 ക. | 0.8 | 12,208 | 0.2 | 16,540 |
| 15000–24999 ക. | 0.5 | 18,660 | — | — |
| 25000–വും അതിലധികവും | 0.3 | 51,519 | — | — |
| എല്ലാ ഗ്രൂപ്പുകളും ചേർന്ന് | 100.0 | 1,935 | 100.0 | 1,126 |

(മഹാലനോബിസ് കമ്മിററി റിപ്പോർട്ടിൽനിന്നു്)

**ഖണ്ഡിക 19: അനുബന്ധം**

# സ്വകാര്യമേഖലയിലുള്ള കമ്പനികളിലെ മൂലധന കേന്ദ്രീകരണത്തിലുണ്ടായ വളർച്ച

| അടച്ചുതീർത്ത മൂലധനവിഭാഗഗ്രൂപ്പ് | കമ്പനികളുടെ എണ്ണം | | അടച്ചുതീർത്ത മൂലധനം (ക.കോടിക്കണക്കിൽ) | |
|---|---|---|---|---|
| | 1950–51 | 1960–61 | 1951–52 | 1960–61 |
| 5 ലക്ഷത്തിൽതാഴെ | 26785 | 22363 | 202.0 | 185.1 |
| | (91.8) | (86.0) | (25.0) | (14.6) |
| 5–50 ലക്ഷം | 2170 | 3222 | 337.2 | 409.7 |
| | (7.4) | (12.4) | (41.6) | (32.3) |
| 50–100 ലക്ഷം | 148 | 239 | 107.6 | 157.9 |
| | (0.5) | (0.9) | (13.3) | (12.4) |
| ഒരു കോടിയും അതിലധികവും | 80 | 185 | 162.6 | 517.0 |
| | (0.3) | (0.7) | (20.1) | (40.7) |
| ആകെ | 29183 | 26009 | 809.4 | 1169.7 |
| | (100.0) | (100.0) | (100.0) | (100.0) |

ബ്രാക്കററിലുള്ള സംഖ്യകൾ ശതമാനത്തെ സൂചിപ്പിക്കുന്നു.

(കമ്പനി നിയമഭരണ വകുപ്പിൽനിന്നു്)

**ഖണ്ഡിക 19: അനുബന്ധം**

# വൻകിട ഇന്ത്യൻ ബാങ്കുകളുടേയും വ്യവസായ സ്ഥാപനങ്ങളുടേയും പൊതുവായ ഡയറക്ടർഷിപ്പ്

| ബാങ്കിന്റെ പേര് | ഒന്നുമില്ല | ഒരു വ്യവസായം | 2–4 വ്യവസായങ്ങൾ | 5–ം അധികവും | ആകെ ഡയറക്ടർമാരുടെ സംഖ്യ | ആകെ സംഖ്യയിൽ വ്യ ബാങ്കുകളിലെ വ്യവസായ ഡയറക്ടർമാരുടെ ശതമാനം |
|---|---|---|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 11 | 5 | 1 | 4 | 21 | 48 |
| ബാങ്ക് ഓഫ് ഇന്ത്യ | 1 | 2 | 6 | 2 | 11 | 91 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 2 | – | 7 | 1 | 10 | 80 |
| പഞ്ചാബ് നാഷനൽബാങ്ക് | 3 | 1 | 4 | 1 | 9 | 66 |
| യുനൈറ്റഡ് കമേഴ്സ്യൽ ബാങ്ക് | 3 | 5 | 5 | – | 13 | 77 |
| ബാങ്ക് ഓഫ് ബറോഡ | 2 | 2 | 4 | 4 | 12 | 83 |
| അലഹബാദ് ബാങ്ക് | 2 | 1 | 1 | 1 | 5 | 60 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | 1 | 4 | 1 | – | 6 | 83 |
| യുനൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ | 4 | 2 | 4 | 1 | 11 | 64 |
| യൂനിയൻ ബാങ്ക് ഓഫ് ഇന്ത്യ | 5 | 1 | 3 | – | 9 | 44 |
| ആകെ | 34 | 23 | 36 | 14 | 107 | 68 |

(ജീവിതനിലവാരത്തേയും വരുമാനവിതരണത്തേയും സംബന്ധിച്ചുള്ള കമ്മിററിയുടെ റിപ്പോർട്ടിൽനിന്ന്.)

# ഇന്ത്യയുടെ വിദേശ ബാധ്യതകൾ

## രൂപ കോടിക്കണക്കിൽ

| കൊല്ലം | സ്വകാര്യ ബിസിനസ് നിക്ഷേപങ്ങൾ | ഔദ്യോഗിക മേഖലാ നിക്ഷേപങ്ങൾ | ബാങ്കിങ്ങ് | ആകെ |
|---|---|---|---|---|
| 1948 | 256 | 256 | 32 | 544 |
| 1953 | 392 | 233 | 16 | 641 |
| 1956 | 493 | 225 | 61 | 779 |
| 1961 | 761 | 1470 | 61 | 2292 |

ഔദ്യോഗികമേഖലയിൽ പൊതുമേഖലയും മററു ഗവണ്മെണ്ടു നിക്ഷേപങ്ങളും ഉൾപ്പെടുന്നു.

(റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബുള്ളററിനിൽനിന്നു്)

**ഖണ്ഡിക 25: അനുബന്ധം**

# ചില പ്രത്യേക വ്യവസായങ്ങളിൽ ഉല്പാദകകേന്ദ്രീകരണം

| | വ്യവസായത്തിന്റെ പേര് | കൊല്ലം | മൊത്തം ഉല്പാദനത്തിന്റെ മുകൾത്തട്ടിലുള്ള അല്പം ചില യൂനിററുകളുടെ പങ്കിന്റെ ശതമാനം | ഉല്പാദനം നിയന്ത്രിക്കുന്ന ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|---|
| 1. | പണിതീർത്ത ഉരുക്ക് | 1958 | 93.36 | 2 ഗ്രൂപ്പുകൾ |
| 2. | വാർപ്പിരുമ്പ് | 1958 | 90.08 | 2 ഗ്രൂപ്പുകൾ |
| 3. | വൈദ്യുതവിളക്കുകൾ | 1960 | 88.70 | 14 യൂനിററുകൾ |
| 4. | തുന്നൽ യന്ത്രങ്ങൾ | 1960 | 88.00 | 1 യൂണിററ് |
| 5. | സോഡക്കാരം | 1958 | 84.68 | 2 ഗ്രൂപ്പുകൾ |
| 6. | വൈദ്യുതപങ്കകൾ | 1961 | 82.00 | 4 യൂനിററുകൾ |
| 7. | കടലാസും കടലാസ് ബോർഡുകളും | 1958 | 77.90 | 5 ഗ്രൂപ്പുകൾ |
| 8. | സൈക്കിളുകൾ | 1959 | 72.72 | 4 യൂനിററുകൾ |
| 9. | സിമൻറ് | 1960 | 71.90 | 3 ഗ്രൂപ്പുകൾ |
| 10. | സോപ്പ് | 1957 | 69.11 | 4 ഗ്രൂപ്പുകൾ |
| 11. | സൂപ്പർഫോസ്ഫേററ് | 1958 | 53.04 | 5 ഗ്രൂപ്പുകൾ |
| 12. | വനസ്പതി എണ്ണ | 1958 | 47.09 | 6 യൂനിററുകൾ |
| 13. | ചായങ്ങളും വാർണീഷുകളും | 1957 | 45.90 | 6 യൂനിററുകൾ |
| 14. | പിഞ്ഞാണപ്പാത്രങ്ങൾ | 1957 | 39.72 | 4 ഗ്രൂപ്പുകൾ |
| 15. | ചണമില്ലുകൾ | 1958 | 37.61 | 4 ഗ്രൂപ്പുകൾ |
| 16. | തീപ്പെട്ടി | 1960 | 60.00 | 1 ഗ്രൂപ്പ് |

(ജീവിതനിലവാരത്തേയും വരുമാനവിതരണത്തേയും സംബന്ധിച്ച കമ്മിററി റിപ്പോർട്ടിൽനിന്ന്)

### ഖണ്ഡിക 29: അനുബന്ധം

# ഇന്ത്യയിലെ വിദേശസഹകരണ കരാറുകൾ

| രാജ്യം | 1957 | 1958 | 1959 | 1960 | 1961 | 1962 | 1963 | 1964 ജനു: സപ്റ്റ്: | ആകെ |
|---|---|---|---|---|---|---|---|---|---|
| അമേരിക്ക | 6 | 4 | 10 | 61 | 77 | 57 | 67 | 55 | 337 |
| ബ്രിട്ടൻ | 17 | 34 | 52 | 120 | 126 | 79 | 70 | 76 | 574 |
| പടി. ജർമ്മനി | 2 | 6 | 13 | 58 | 67 | 42 | 48 | 58 | 294 |
| ഫ്രാൻസ് | 2 | 1 | 2 | 9 | 16 | 14 | 16 | 11 | 71 |
| ഇററലി | 4 | 4 | 4 | 9 | 13 | 11 | 6 | 5 | 56 |
| ജപ്പാൻ | 1 | 3 | 8 | 39 | 30 | 24 | 32 | 24 | 161 |
| സ്വീഡൻ | 1 | — | 1 | 13 | — | 6 | 1 | 2 | 24 |
| കാനഡ | — | 1 | — | 1 | 3 | 6 | — | 2 | 13 |
| ഹോളണ്ട് | 1 | — | — | 6 | 10 | 7 | 4 | 5 | 33 |
| ബെൽജിയം | — | — | 2 | 4 | 2 | 4 | 3 | 5 | 20 |
| ഡെൻമാർക്ക് | — | — | 2 | 6 | 4 | 2 | 3 | 7 | 24 |
| ഫിൻലണ്ട് | — | — | — | 2 | 1 | 1 | — | — | 4 |
| ആസ്ത്രീയ | — | — | 1 | 3 | 5 | 4 | 2 | 4 | 19 |
| സ്വിററ്സർലാണ്ട് | — | 2 | 1 | 13 | 19 | 19 | 19 | 17 | 96 |
| കിഴ. യൂറോപ്പിലെ സോഷ്യ:രാഷ്ട്രങ്ങൾ | — | — | 1 | 13 | 17 | 8 | 18 | 25 | 82 |
| മററുള്ളവ | 47 | 48 | 53 | 23 | 13 | 14 | 9 | 6 | 213 |
| ആകെ | 81 | 103 | 150 | 380 | 403 | 298 | 298 | 302 | 2015 |

(ഇക്കണോമിക്ക് ടൈംസിൽനിന്ന്)

ഖണ്ഡിക 29: അനുബന്ധം

# ഇന്ത്യയിലെ വിദേശസഹകരണ കരാറുകൾ

## വ്യവസായങ്ങളുടെ അടിസ്ഥാനത്തിൽ

| | വ്യവസായം | 1964 സപ്തം: വരെയുള്ള കരാറുകൾ |
|---|---|---|
| 1. | തോട്ടങ്ങൾ | 13 |
| 2. | പഞ്ചസാര | 9 |
| 3. | പരുത്തിമില്ലുകൾ | 22 |
| 4. | ചണമില്ലുകൾ | 3 |
| 5. | സില്ക്കും കമ്പിളിയും | 12 |
| 6. | ഇരുമ്പും ഉരുക്കും | 37 |
| 7. | ട്രാൻസ്പോർട്ട് ഉപകരണങ്ങൾ | 77 |
| 8. | വൈദ്യുതയന്ത്രങ്ങൾ, ഉപകരണങ്ങൾ മുതലായവ | 314 |
| 9. | ട്രാൻസ്പോർട്ടും വൈദ്യുതവുമില്ലാത്ത യന്ത്രങ്ങൾ | 537 |
| 10. | അലൂമിനിയം | 7 |
| 11. | അടിസ്ഥാനപരമായ വ്യാവസായിക രാസപദാർത്ഥങ്ങൾ | 32 |
| 12. | മരുന്നുകളും ഔഷധോല്പന്നങ്ങളും | 47 |
| 13. | മററു രാസഉല്പന്നങ്ങൾ | 120 |
| 14. | സിമൻറ് | 18 |
| 15. | റബ്ബറും റബ്ബറുല്പന്നങ്ങളും | 21 |
| 16. | കടലാസും കടലാസുല്പന്നങ്ങളും | 34 |
| 17. | വൈദ്യുതോല്പാദനവും വിതരണവും | 4 |
| 18. | വ്യാപാരം | 14 |
| 19. | ഷിപ്പിങ്ങ് | 3 |
| 20. | ബാങ്കും ഇൻഷുറൻസും | 10 |
| 21. | മററുള്ളവ | 681 |

(ഇക്കണോമിക്ക് ടൈംസിൽനിന്ന്)

ഖണ്ഡിക 30: അനുബന്ധം

# 1963 ഡിസംബർ 31-ാംനു- വരെ വിദേശസഹായം ഉപയോഗിക്കൽ[x]

## ദ്രുപാ കോടിക്കണക്കിൽ

| സഹായത്തിൻെറ ഉറവിടം | കടം | ഗ്രാൻറ് | മററ് സഹായം* | ആകെ |
|---|---|---|---|---|
| അമേരിക്ക | 1002.8 | 150.3 | 881.8 | 2034.9 |
| കാനഡ്, ആസ്ട്രേലിയ, ന്യൂസ്ലണ്ട് | 15.7 | 118.4 | — | 134.1 |
| ബ്രിട്ടൻ | 194.0 | 0.5 | — | 194.5 |
| പടി: ജർമ്മനിയും പടി: യൂറോപ്യൻ രാജ്യങ്ങളും | 240.5 | 5.0 | — | 245.5 |
| റഷ്യയും സോഷ്യലിസ്റ്റ് രാജ്യങ്ങളും | 165.0 | 1.2 | — | 166.2 |
| ജപ്പാൻ | 49.5 | — | — | 49.5 |
| ആകെ. | 1667.5 | 275.4 | 881.8 | 2824.7 |

(കറൻസി, ധനകാര്യം 1963–64, വിദേശസഹായം എന്നിവയെ സംബന്ധിച്ച റിപ്പോർട്ടിൽനിന്നു്)

* ഇതിൽ പി. എൽ. 480, പി. എൽ. 665 പ്രകാരമുള്ള സഹായം ഉൾപ്പെടുന്നു.

x 1964 ഡിസംബർ 31–ാംതീയതിവരെ ആകെ അധികാരപ്പെടുത്തിയ സംഖ്യ 4326.7 കോടി ക. യാണ്. അതിൽ 2846.6 കോടി ക. കടവും, 318.8 കോടി ക. ഗ്രാൻറും, 1161.3 കോടി ക. പി. എൽ. 480, പി. എൽ. 665 പ്രകാരമുള്ള സഹായവുമാണ്.

**ഖണ്ഡിക 31: അനുബന്ധം**

# ദേശീയ വരുമാനം

## 1948-49-ലെ വില

| കൊല്ലം | ദേശീയ വരുമാനം ക. (കോടിക്കണക്കിൽ) | ആളോഹരി വരുമാനം ക. | ദേശീയ വരുമാന സൂചിക | ആളോഹരി വരുമാന സൂചിക |
|---|---|---|---|---|
| 1948–49 | 8,650 | 249.6 | 100.0 | 100.0 |
| 1949–50 | 8,820 | 250.6 | 102.0 | 100.4 |
| 1950–51 | 8,850 | 247.5 | 102.3 | 99.2 |
| 1951–52 | 9,100 | 250.3 | 105.2 | 100.3 |
| 1952–53 | 9,460 | 255.7 | 109.4 | 102.4 |
| 1953–54 | 10,030 | 266.2 | 116.0 | 106.7 |
| 1954–55 | 10,280 | 267.8 | 118.8 | 107.3 |
| 1955–56 | 10,480 | 267.8 | 121.2 | 107.3 |
| 1956–57 | 11.000 | 275.6 | 127.2 | 110.4 |
| 1957–58 | 10,890 | 267.3 | 125.9 | 107.4 |
| 1958–59 | 11,850 | 280.1 | 134.7 | 112.2 |
| 1959–60 | 11,860 | 279.2 | 137.1 | 111.9 |
| 1960–61 | 12,750 | 293.7 | 147.4 | 117.7 |
| 1961–62 | 13,060 | 294.3 | 150.9 | 117.9 |
| 1962–63 | 13,370 | 294.7 | 154.6 | 118.1 |
| 1963–64* | 13,940 | 300.4 | 160.1 | 120.4 |

* പ്രാഥമിക മതിപ്പുകണം

(കേന്ദ്ര സ്ഥിതിവിവര സംഘടനയിൽനിന്നു്)

ഖണ്ഡിക 3൨: അനുബന്ധം

# ദേശീയോല്പാദനത്തിന്റെ വകതിരിച്ച കണക്ക്

## 1948-49-ലെ വില

| | ശതമാന വിതരണം | |
|---|---|---|
| | 1948–49 | 1962–63 |
| കൃഷിയും മൃഗസംരക്ഷണവും ബന്ധപ്പെട്ട പ്രവൎത്തനങ്ങളും | 49.1 | 43.4 |
| ഖനി, നിൎമ്മാണം, ചെറുകിടവ്യവസായങ്ങൾ | 17.1 | 17.3 |
| വ്യാപാരം, ഗതാഗതം, വാൎത്താവിനിമയം | 18.5 | 19.7 |
| മററു സേവന വിഭാഗങ്ങൾ | 15.5 | 20.2 |
| | 100.0 | 100.0 |

(കേന്ദ്ര സ്ഥിതിവിവര സംഘടനയിൽനിന്നു്)

നോട്ടു്:— പുതിയ വ്യവസായങ്ങൾ ഉയർന്നുവന്നിട്ടും ഈ കാലഘട്ടമാകെ വ്യാവസായികോല്പാദനത്തിന്റേയും വ്യാപാരത്തിന്റേയും തോതിൽ കാൎയ്യമായ മാററം വന്നിട്ടില്ല. "മററു സേവന വിഭാഗങ്ങൾ" എന്നതിൽ ദേശീയ വരുമാനത്തിലുണ്ടായിട്ടുള്ള വൎദ്ധനവു് ഭാഗികമായി ഗവൎമ്മെണ്ടിന്റെ ചെലവിലുണ്ടായ വർദ്ധനവു് കാരണമാണു്.

# പി. എൽ. 480 പ്രകാരമുള്ള വായ്പകൾ

പി. എൽ. 480 പ്രകാരമുള്ള സഹായത്തിൽ ഏററവും കൂടുതൽ വാങ്ങിയ ഏക രാജ്യമാണ് ഇന്ത്യ എന്ന വസ്തുതയിൽനിന്നുതന്നെ കാർഷികോല്പന്നങ്ങൾക്കുവേണ്ടി അമേരിക്കയോടുള്ള ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ആശ്രിതത്വം വ്യക്തമാകുന്നു. പി. എൽ. 480 പ്രകാരമുള്ള മൊത്തം സഹായത്തിൽ 22 ശതമാനവും വാങ്ങിയതു് ഇന്ത്യയത്രെ. 1964 ജൂലായി 15-ാംതീയതിവരെ ഒപ്പിട്ട കരാറുകൾപ്രകാരം ഇന്ത്യക്കു് പി. എൽ. 480 വഴി കിട്ടിയ മൊത്തം "സഹായം" താഴെ കൊടുക്കുന്നു:

| | ഡോളർ (ദശലക്ഷക്കണക്കിൽ) |
|---|---|
| ഗോതമ്പു് | 1,630.7 |
| ഭക്ഷ്യധാന്യങ്ങൾ | 41.3 |
| അരി | 165.3 |
| പരുത്തി | 272.7 |
| പുകയില | 13.8 |
| കൊഴുപ്പില്ലാത്ത പാൽപ്പൊടി | 3.57 |
| സോയാബീൻ എണ്ണ | 1.00 |
| നീരാവീകരിച്ച പാൽ | 4.12 |
| അസ്സൽ മുഴുപ്പാൽപ്പൊടി | 0.27 |
| പാൽക്കട്ടി സംസ്കരിച്ചതു് | 0.08 |
| ടിന്നിലാക്കിയ പഴങ്ങൾ | 0.40 |
| ആകെ മാർക്കററു് വില | 2,133.3 |
| കടൽ കടത്തുകൂലി | 356.37 |
| ആകെ. | 2,491.65 |

**ഖണ്ഡിക 44: അനുബന്ധം**

# ഇന്ത്യയിൽ ഭക്ഷ്യധാന്യങ്ങളുടെ തനി ലഭ്യതയുടെ കണക്ക്

| കൊല്ലം | ഭക്ഷ്യധാന്യങ്ങളുടെ മൊത്തം ഉല്പാദനം | ഭക്ഷ്യധാന്യങ്ങളുടെ തനി ലഭ്യത * | പയറവർഗ്ഗങ്ങളുടെ തനി ലഭ്യത | തനിധാന്യ ഇറക്കുമതികൾ ദശലക്ഷം ടൺ ** | ആളോഹരി തനി ലഭ്യത പ്രതിദിനം–ഔൺസ് | | |
|---|---|---|---|---|---|---|---|
| | | | | | ഭക്ഷ്യധാന്യം | പയറവർഗ്ഗം | ആകെ |
| 1951 | 43.74 | 38.27 | 7.49 | 4.73 | 11.5 | 2.0 | 13.5 |
| 1952 | 44.29 | 38.75 | 7.40 | 3.86 | 11.2 | 2.0 | 13.2 |
| 1953 | 49.47 | 43.29 | 8.02 | 2.00 | 11.9 | 2.1 | 14.1 |
| 1954 | 58.32 | 51.03 | 9.02 | 0.82 | 13.2 | 2.3 | 15.5 |
| 1955 | 56.38 | 49.33 | 9.41 | 0.59 | 12.7 | 2.4 | 15.1 |
| 1956 | 54.94 | 48.07 | 9.50 | 1.37 | 12.4 | 2.3 | 14.7 |
| 1957 | 57.38 | 50.21 | 9.94 | 3.57 | 12.8 | 2.4 | 15.2 |
| 1958 | 53.88 | 47.15 | 8.22 | 3.17 | 12.0 | 1.9 | 13.9 |
| 1959 | 62.98 | 55.11 | 11.32 | 3.80 | 13.5 | 2.6 | 16.1 |
| 1960 | 63.85 | 55.87 | 10.16 | 5.05 | 13.5 | 2.3 | 15.8 |
| 1961 | 67.24 | 58.84 | 10.88 | 3.43 | 13.8 | 2.4 | 16.2 |
| 1962 | 68.31 | 59.77 | 10.02 | 3.58 | 13.8 | 2.2 | 16.0 |
| 1963 | 66.04 | 57.78 | 10.04 | 4.48 | 13.2 | 2.1 | 15.3 |

* വിത്തുകൾക്കും മററും ആവശ്യമായ ധാന്യം കഴിച്ച് ബാക്കി ഉപഭോഗാവശ്യങ്ങൾക്ക് കിട്ടുന്നതിനെയാണ് തനി ലഭ്യത എന്നു് പറഞ്ഞിട്ടുള്ളതു്.

** സ്വാതന്ത്ര്യലബ്ധിക്കുശേഷം 1964 ജൂൺവരെ ഇന്ത്യയിലിറക്കുമതി ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ മൊത്തവില 1908.64 കോടി ക. യോളം വരും.

### ഖണ്ഡിക 59: അനുബന്ധം

# ഇന്ത്യയിൽ മുതലാളിത്തത്തിന്റെ അസമമായ വികസനം

## ശതമാനക്കണക്കിൽ

| | സംസ്ഥാനം | ഫാക്ടറികളുടെ എണ്ണം | ഉല്പാദിക (ഉല്പാദക) മൂലധനം | തൊഴിൽ | മൊത്ത ഉല്പാദനം | നിർമ്മാണത്തിൽ ചേർക്കപ്പെട്ടവില |
|---|---|---|---|---|---|---|
| 1. | മഹാരാഷ്ട്ര | 21.7 | 20.2 | 20.8 | 25.0 | 28.6 |
| 2. | പടി: ബംഗാൾ | 16.0 | 17.4 | 21.5 | 21.4 | 22.5 |
| 3. | ഗുജറാത്ത് | 10.3 | 7.2 | 9.4 | 8.5 | 8.6 |
| 4. | മദ്രാസ് | 8.9 | 6.4 | 7.4 | 7.9 | 8.2 |
| 5. | ബീഹാർ | 3.1 | 9.4 | 5.8 | 7.8 | 7.8 |
| 6. | ഉത്തർപ്രദേശ് | 6.8 | 5.2 | 7.9 | 7.3 | 5.8 |
| 7. | മൈസൂർ | 4.1 | 3.4 | 3.8 | 3.1 | 3.9 |
| 8. | ആന്ധ്ര | 5.0 | 3.0 | 4.4 | 3.3 | 2.5 |
| 9. | പഞ്ചാബ് | 4.4 | 2.8 | 2.6 | 3.3 | 2.5 |
| 10. | കേരളം | 5.7 | 1.8 | 4.3 | 2.3 | 2.4 |
| 11. | മദ്ധ്യപ്രദേശ് | 4.3 | 10.2 | 5.6 | 3.5 | 1.9 |
| 12. | ആസാം | 1.2 | 2.2 | 1.7 | 1.8 | 1.8 |
| 13. | ഡൽഹി | 1.9 | 1.0 | 1.4 | 1.7 | 1.5 |
| 14. | രാജസ്ഥാൻ | 1.6 | 1.1 | 1.5 | 1.1 | 1.1 |
| 15. | ഒറീസ്സ | 1.0 | 8.2 | 1.6 | 1.8 | 0.7 |
| 16. | പോണ്ടിച്ചേരി | 0.2 | 0.1 | 0.1 | 0.1 | 0.1 |
| 17. | ജമ്മു–കാശ്മീർ | 0.4 | 0.2 | 0.2 | 0.1 | 0.1 |
| 18. | ഹിമാചലപ്രദേശ് | 0.1 | 0.4 | 0.8 | — | — |
| 19. | ത്രിപുര | 0.1 | — | — | — | — |
| | | 100.0 | 100.0 | 100.0 | 100.0 | 100.0 |

(1962 ലെ വാർഷിക വ്യവസായ സർവ്വേയിൽനിന്നു്)

**ഖണ്ഡിക 59: അനുബന്ധം**

# പ്രാദേശിക വികസനത്തിലുള്ള വ്യത്യാസം

| സംസ്ഥാനങ്ങൾ | ഫാക്ടറികളുടെ എണ്ണം | മൊത്തം ഉല്പാദകമൂലധനം (ക. കോടിക്കണക്കിൽ) | തൊഴിലുള്ള ആളുകൾ (ആയിരക്കണക്കിൽ) | ശമ്പളം, കൂലി മററ ആനുകൂല്യങ്ങൾ (ക. കോടിക്കണക്കിൽ) | മൊത്തം ഉല്പാദനം (ക. കോടിക്കണക്കിൽ) | നിർമ്മാണത്തിൽ കൂട്ടിച്ചേർക്കപ്പെട്ട വില (ക. കോടിക്കണക്കിൽ) |
|---|---|---|---|---|---|---|
| ആന്ധ്ര | 448 | 85.8 | 142.0 | 15.7 | 128.3 | 27.6 |
| ആസാം | 441 | 65.8 | 61.2 | 8.3 | 84.6 | 27.3 |
| ബീഹാർ | 278 | 271.8 | 175.8 | 42.6 | 306.4 | 67.1 |
| ഗുജറാത്ത് | 850 | 118.4 | 307.8 | 56.0 | 323.2 | 100.7 |
| ജമ്മു–കാശ്മീർ | 40 | 3.6 | 7.8 | 0.6 | 3.5 | 1.0 |
| കേരളം | 554 | 46.7 | 139.8 | 12.1 | 84.2 | 23.9 |
| മദ്ധ്യപ്രദേശ് | 631 | 71.2 | 102.1 | 14.5 | 105.3 | 28.5 |
| മദ്രാസ് | 805 | 145.5 | 227.2 | 39.6 | 280.2 | 80.6 |
| മഹാരാഷ്ട്ര | 1,837 | 537.2 | 649.8 | 138.8 | 903.0 | 266.4 |
| മൈസൂർ | 396 | 86.3 | 115.9 | 16.4 | 107.4 | 34.1 |
| ഒറീസ | 102 | 58.1 | 24.5 | 4.0 | 41.7 | 12.0 |
| പഞ്ചാബ് | 385 | 74.0 | 75.7 | 11.3 | 113.4 | 24.2 |
| രാജസ്ഥാൻ | 116 | 25.3 | 43.7 | 6.5 | 37.5 | 10.5 |
| ഉത്തർപ്രദേശ് | 602 | 167.6 | 252.3 | 35.9 | 289.5 | 62.6 |
| പടി: ബങ്കാൾ | 1,484 | 519.3 | 679.4 | 123.3 | 814.2 | 203.4 |
| ദൽഹി | 164 | 25.7 | 42.2 | 9.4 | 65.2 | 16.1 |
| ഹിമാചൽപ്രദേശ് | 7 | 1.5 | 1.6 | 0.2 | 3.1 | 0.1 |
| ത്രിപുര | 13 | 0.4 | 0.6 | 0.04 | 0.4 | 0.1 |
| | 9,161 | 2,374.2 | 3,049.7 | 535.7 | 3,693.3 | 987.9 |

(1961 ലെ വാർഷിക വ്യവസായ സർവ്വേയിൽനിന്ന്)

ഖണ്ഡിക 75: അനുബന്ധം

# വിലസൂചിക സംഖ്യ

| കൊല്ലം | മൊത്തവില പൊതുസൂചിക 1952–53 അടിസ്ഥാനം | മൊത്തവില പൊതുസൂചിക 1939 അടിസ്ഥാനം | തൊഴിലാളിവർഗ ഉപഭോഗവില പൊതുസൂചിക 1949 അടിസ്ഥാനം | തൊഴിലാളിവർഗ ഉപഭോഗവില പൊതുസൂചിക 1939 അടിസ്ഥാനം |
|---|---|---|---|---|
| 1949 | 99.1 | 376.2 | 100 | 356 |
| 1956 | 102.7 | 390.9 | 105 | 374 |
| 1957 | 108.7 | 413.7 | 111 | 395 |
| 1958 | 111.0 | 422.5 | 116 | 414 |
| 1959 | 115.5 | 439.6 | 121 | 431 |
| 1960 | 122.9 | 467.8 | 124 | 441 |
| 1961 | 125.8 | 478.8 | 126 | 449 |
| 1962 | 127.2 | 484.1 | 130 | 463 |
| 1963 | 132.5 | 504.3 | 134 | 477 |
| 1964 ആഗ: | 155.4 | 590.5 | 156 | 555 |
| സപ്റ്റ: | 158.8 | 604.4 | 159 | 566 |

(കേന്ദ്ര സ്ഥിതിവിവരസംഘടനയുടെ മാസാന്ത സ്ഥിതിവിവരക്കണക്കിൽനിന്നു്)

ഖണ്ഡിക 75: അനുബന്ധം

# തൊഴിലില്ലായ്മയിലുണ്ടായ വർദ്ധന

| കൊല്ലം | എക്സ്ചേഞ്ചുകളുടെ എണ്ണം | രജിസ്റ്റർചെയ്തവരുടെ എണ്ണം | സജീവ രജിസ്റ്ററിലുള്ള ഹർജിക്കാരുടെ എണ്ണം | മെട്രിക്കുലേഷനും മീതേയും വിദ്യാഭ്യാസം കഴിച്ച ജോലിയില്ലാത്തവരുടെ രജിസ്റ്റർചെയ്ത എണ്ണം |
|---|---|---|---|---|
| 1950 | 123 | 12,10,358 | 3,30,743 | — |
| 1951 | 126 | 13,75,351 | 3,28,719 | — |
| 1952 | 131 | 14,76,699 | 4,37,571 | — |
| 1953 | 126 | 14,08,800 | 5,22,360 | — |
| 1954 | 128 | 15,65,497 | 6,09,780 | — |
| 1955 | 136 | 15,84,024 | 6,91,958 | 2,16,157 |
| 1956 | 143 | 16,69,895 | 7,58,503 | 2,44,392 |
| 1957 | 181 | 17,74,668 | 9,22,099 | 3,07,558 |
| 1958 | 212 | 22,03,888 | 11,83,299 | 3,64,392 |
| 1959 | 244 | 24,71,596 | 14,20,901 | 4,33,111 |
| 1960 | 296 | 27,32,548 | 16,06,242 | 5,07,220 |
| 1961 | 325 | 32,30,314 | 18,32,703 | 5,90,230 |
| 1962 | 342 | 38,44,902 | 23,79,530 | 7,08,356 |
| 1963 | 353 | 41,51,781 | 25,18,463 | 7,39,066 |
| 1964(ആ:) | 365 | 26,61,700 | 26,80,805 | 8,01,094 |

(തൊഴിലിൻേറയും പരിശീലനത്തിൻേറയും ഡയറക്ടർ ജനറലിൽനിന്നു്)

കുറിപ്പു്:—പട്ടണപ്രദേശങ്ങളിലെ രജിസ്റ്റർചെയ്ത തൊഴിലില്ലാത്തവരുടെ കണക്കുകഠം മാത്രമാണിതു്. ഇതു് രാജ്യത്താകെ തൊഴിലില്ലായ്മ എത്രകണ്ടു് വർദ്ധിച്ചിരിക്കുന്നു എന്നതു് ചൂണ്ടിക്കാണിക്കുകമാത്രമെ ചെയ്യുന്നുള്ളു. 1964-ലെ കണക്കുകഠം ആഗസ്റ്റ്വരെമാത്രമുള്ളവയാണു്.

4515

PC Library & Research Center



# ഇൻഡ്യൻ കമ്യൂണിസ്റ്റ് പാർടി മാർക്സിസ്റ്റ്

## പാർടി പരിപാടി

324.254

ദേശാഭിമാനി പ്രസിദ്ധീകരണം

Indic Digital Archive Foundation
gpura.org